
www.malankaralibrary.com



# ഉടയുന്ന മൺകുടങ്ങൾ

നിർമ്മലാനന്ദ്

BETHANY PUBLICATIONS

BETHANY PUBLICATIONS www.malankaralibrary.com

BETHANY PUBLICATIONS www.malankaralibrary.com

# ഉടയുന്ന മൺകുടങ്ങൾ

നിർമ്മലാനന്ദ്

BP No. 198

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686 010
2023

BETHANY PUBLICATIONS www.malankaralibrary.com

## ഗ്രന്ഥകർത്താവ്

പത്തനംതിട്ട ജില്ലയിലെ വയലത്തലയിൽ തറവാട്. 2012-ൽ ബഥനി സന്ന്യാസസഭയിൽ പുരോഹിതനായി. പൂനയിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽനിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദവും, ചിന്മയ വിദ്യാപീഠത്തിൽനിന്ന് ഭഗവത്ഗീതയിൽ ഡിപ്ലോമയും കരസ്ഥമാക്കി. കേരളത്തിലും പുറത്തും ജോലി നോക്കി. ഇപ്പോൾ ബഥനി ആശ്രമ നൊവിഷ്യേറ്റ് മാസ്റ്ററായും സുപ്പീരിയറായും സേവനം ചെയ്യുന്നു.

**ഇതര കൃതികൾ**

- ആകാശത്തിന്റെ മൗനം
- പുണ്യങ്ങൾ പൂക്കുന്ന കാലം

Udayunna Mankudangal
(Malayalam)

| | | |
|---|---|---|
| | : | Nirmalanand |
| Ist Edition | : | June, 2023 |
| Published & Distributed by | : | Bethany Publications<br>Kottayam - 6860 10<br>Phone: 0481 - 2578494<br>Website: www.bethanyashram.net<br>E-mail: bethanyashramgeneralate@gmail.com |
| Printed at | : | Bethany Press, Kottayam |
| Price | : | Rs. 150/- |

All right reserved. No part of this book may be printed or duplicated in any manner without the written permission of the publisher.

BETHANY PUBLICATIONS www.malankaralibrary.com

**സമർപ്പണം**

വീണിട്ടും ഉടഞ്ഞുപോകാതെ
ചേർത്തു നിർത്തിയവർക്ക്...

BETHANY PUBLICATIONS www.malankaralibrary.com

BETHANY PUBLICATIONS www.malankaralibrary.com

# വഴിവെട്ടം

ചില കൃതികൾ അങ്ങനെയാണ്, തീർത്തും വ്യത്യസ്തം. വാക്കുകളും ദാർശനികതയും കാവ്യാത്മകതയുമൊക്കെ അതിൽ ധ്യാനാത്മകമായ ഒരു വർണ്ണ പ്രപഞ്ചം തന്നെ സൃഷ്ടിക്കും. "ഉടയുന്ന മൺകുടങ്ങൾ" അപ്രകാരം വിരചിതമായ ഒരു ഗ്രന്ഥമാണ്. വിശുദ്ധ ബൈബിളിന്റെ സത്യശോഭയിൽ ആർഷഭാരത സംസ്കൃതിയുടെ ദാർശനികത അനുവാചക സമക്ഷം അനായാസം തുറന്നു കാട്ടുന്നു. "മനുഷ്യൻ" അതിരുകളില്ലാത്ത ജീവസത്തയാണ്. മനുഷ്യാംശങ്ങൾ പഞ്ചഭൂതാത്മകമാണ്. ഊഴി, ജലം, അഗ്നി, വായു, ആകാശം ഇവയുടെ സമൃക്കായ സങ്കലനമാണ് ഓരോ വ്യക്തിയും. നയനം, നാവ്, നാസിക, കാത്, ത്വക്ക് എന്നീ പഞ്ചേന്ദ്രിയങ്ങൾ മനുഷ്യനിലെ ദൃശ്യഭാവങ്ങളും ഓരോന്നിനും അതിന്റേതായ ഗുണഭാവങ്ങളും കല്പിതം തന്നെ. ആത്യന്തികമായി പഞ്ചഭൂതങ്ങളും, പഞ്ചേന്ദ്രിയങ്ങളുമൊക്കെ സർവ്വ ശക്തനായ ദൈവത്തിന്റെ സൃഷ്ടി വൈഭവത്തെയാണ് ഘോഷിക്കുന്നത്.

മനുഷ്യൻ എന്ന പ്രാപഞ്ചിക യാഥാർത്ഥ്യത്തിന്റെ ദാർശനികതയെ, അതിന്റെ നശ്വരമായ ഭാവത്തോടെ അപഗ്രഥിക്കുന്ന ഒരു ശൈലിയാണ് ഈ കൃതിയുടെ അനന്യത. സർവ്വേശ്വരന്റെ അനശ്വരത അതിനാൽ തന്നെ വെളിവാക്കപ്പെടുന്നു. വിശുദ്ധ വേദഗ്രന്ഥവും ഭഗവദ്ഗീതയു മൊക്കെ ഇതിവൃത്ത വ്യാഖ്യാനത്തിന് വെളിച്ചം പകരുന്നു. "മതങ്ങളുടെ വേർതിരിക്കലിനപ്പുറമാണ് മനുഷ്യൻ'' ''ദാഹശമനിയറിയാതെ പോകുന്നതാണ് കാലഘട്ടത്തിന്റെ ശാപം", "ഇരുളിൽ ദൈവത്തിന്റെ വെളിച്ചം വീശിയവർക്കാണ് കാഴ്ചകൾ വിശാലമാകുന്നത്" തുടങ്ങിയ ഗ്രന്ഥകാരന്റെ ഓർമ്മപ്പെടുത്തലുകൾ ഗ്രന്ഥത്തിന്റെ ആഴങ്ങൾ പ്രകാശിതമാക്കുന്നു. ഉണ്മയും, ഉള്ളവും ഉടയാതെ ഉലയാതെ ശുദ്ധമായി കാത്തുസൂക്ഷിക്കണമെന്നുള്ള ആഹ്വാനവും ഏറെ ആകർഷകം. ഒരു പിടി സത്ഗ്രന്ഥങ്ങളുടെ രചയിതാവായ ആദരണീയനായ നിർമ്മലാനന്ദ് ഒ.ഐ.സി. അച്ചന് ഹൃദയനിർഭരമായ അഭിനന്ദനങ്ങൾ!

സ്നേഹപൂർവ്വം,

✠ യൂഹാനോൻ മാർ തെയോഡോഷ്യസ്
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത

BETHANY PUBLICATIONS www.malankaralibrary.com

# ആശംസ

ഭാരതീയ ദർശനങ്ങളിൽ എല്ലാം ഒരുപോലെ സ്ഥാനം പിടിച്ചിട്ടുള്ള ഒന്നാണ് ഈ പ്രപഞ്ചവും നമ്മളും എല്ലാം പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണെന്നുള്ളത്. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നിവയാണ് പഞ്ചഭൂതങ്ങൾ.

ആകാശത്തിന്റെ ഗുണം ശബ്ദമാണ്, ശബ്ദം കേൾക്കുവാൻ നമ്മിലുള്ള ഇന്ദ്രിയം ശ്രവണേന്ദ്രിയമാണ് (കാത്). ഈ ശ്രവണേന്ദ്രിയം ആകാശതത്വത്തിന്റെ സൂക്ഷ്മരൂപമാണ് എന്നാണ് കരുതപ്പെടുന്നത്. അതുകൊണ്ടാണ് ശ്രവണേന്ദ്രിയത്തിന് ശബ്ദം കേൾക്കുവാനുള്ള കഴിവുള്ളത്.

ആകാശത്തേക്കാൾ സ്ഥൂലമാണ് വായു. വായുവിന് ആകാശത്തിന്റെ ഗുണമായ ശബ്ദവും സ്വന്തഗുണമായ സ്പർശനവുമുണ്ട്. വായുവിന്റെ സൂക്ഷ്മരൂപമാണ് നമ്മിൽ സ്പർശനേന്ദ്രിയമായ ത്വക്കായി തീർന്നിരിക്കുന്നത്. അതുകൊണ്ടാണ് ത്വക്കിന് സ്പർശനശേഷിയുണ്ടായത്.

വായുവിനേക്കാൾ അല്പംകൂടി സ്ഥൂലതയുള്ളതാണ് അഗ്നി. അഗ്നിക്ക് ആകാശത്തിന്റേയും വായുവിന്റേയും ഗുണങ്ങളും സ്വന്തമായ രൂപം എന്ന ഗുണവുമുണ്ട്. അഗ്നി തത്വം ആണ് നമ്മിൽ നേത്രേന്ദ്രിയമായി തീർന്നിരിക്കുന്നത്. അതുകൊണ്ടാണ് കണ്ണുകൾക്ക് രൂപങ്ങൾ കാണാനുള്ള ശേഷിയുണ്ടായത്.

അഗ്നിയേക്കാൾ സ്ഥൂലതയുള്ളതാണ് ജലം. ജലത്തിന് ആകാശത്തിന്റെ ഗുണമായ ശബ്ദം ഉണ്ട്, വായുവിന്റെ ഗുണമായ സ്പർശനം ഉണ്ട്, അഗ്നിയുടെ ഗുണമായ രൂപമുണ്ട്, സ്വന്തം ഗുണമായ രസം ഉണ്ട്. ജലത്തിന്റെ സൂക്ഷ്മരൂപമാണ് നമ്മിൽ രസനേന്ദ്രിയമായി തീർന്നിരിക്കുന്നത്. അതുകൊണ്ടാണ് രസനേന്ദ്രിയത്തിന് (നാക്ക്) രസം അനുഭവിക്കുവാനുള്ള കഴിവുണ്ടായത്.

ഏറ്റം അവസാനത്തേതായ ഭൂമിക്ക് മറ്റു നാലു ഭൂതങ്ങളുടേയും ഗുണം കൂടാതെ ഘ്രാണം (മണം) എന്ന സ്വന്തഗുണംകൂടിയുണ്ട്. ഈ ഭൂമിതത്വത്തിന്റെ സൂക്ഷ്മരൂപമാണ് നമ്മിലെ ഘ്രാണേന്ദ്രിയമായി തീർന്നിരിക്കുന്നത്. അതുകൊണ്ടാണ് ഘ്രാണേന്ദ്രിയത്തിന് ഭൂമിയുടെ ഗുണമായ മണം അനുഭവിക്കുവാനുള്ള കഴിവുള്ളത്.

BETHANY PUBLICATIONS www.malankaralibrary.com



ഇങ്ങനെ ഒരു സംവിധാന ക്രമത്തോടുകൂടിയാണ് പഞ്ചഭൂതങ്ങളെയും പ്രപഞ്ചസത്തയെ നമ്മൾ അനുഭവിക്കുന്നതിനേയും എല്ലാം കൂട്ടിയിണക്കി വച്ചിരിക്കുന്നത്. വേദാന്തദർശനപ്രകാരം ഞാനോ ഈ ലോകമോ എനിക്കു ലോകത്തെപ്പറ്റി ഉണ്ടാകുന്ന അനുഭവമോ ഒന്നും അല്ല സത്യം. ഇതെല്ലാം പരമവും ഏകവുമായ ബ്രഹ്മസത്യത്തിൽ അന്തർഭവിച്ചിരിക്കുന്ന മായാവൈഭവംകൊണ്ട് ആ ബ്രഹ്മസത്യത്തിൽ തന്നെ കാണപ്പെടുന്നതാണ്. ബ്രഹ്മസത്യം എന്നതിന് തുല്യമായി ക്രൈസ്തവദർശനത്തിൽ ഉള്ളത് സ്വർഗ്ഗസ്ഥനായ പിതാവാണ്. ദൈവം എന്തു സൃഷ്ടിക്കുമ്പോഴും അതിന്റെ പിന്നിൽ ഒരു സങ്കല്പമുണ്ട്. ആ സങ്കല്പം മൂർത്തമായി തീർന്നിരിക്കുന്നതു മാത്രമാണ് സൃഷ്ടി, എന്നു പറഞ്ഞാൽ ദൈവസങ്കല്പത്തെ തന്നെയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ട ലോകമായും അതിലെ നമ്മളായും ഒക്കെ കണ്ടുകൊണ്ടിരിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ പ്രപഞ്ചസൃഷ്ടിക്കെല്ലാം ആധാരമായിരിക്കുന്ന പഞ്ചഭൂതങ്ങളും ദൈവസങ്കല്പത്തിൽനിന്ന് ഭിന്നമല്ലാത്തത് എന്നുവരും.

ദൈവസങ്കല്പത്തിൽനിന്നും ഭിന്നമല്ലാത്തത് എന്ന തരത്തിൽ പഞ്ചഭൂതങ്ങളെ എങ്ങനെ ദർശിക്കാം എന്ന് ബൈബിളിലെ വാക്യങ്ങൾ വച്ചുകൊണ്ട് എങ്ങനെ മനസ്സിലാക്കാം? ഇത് വ്യക്തമാക്കി തരുന്ന വിധത്തിൽ ഫാദർ നിർമ്മലാനന്ദ് രചിച്ചിട്ടുള്ള പുസ്തകമാണ് 'ഉടയുന്ന മൺകുടങ്ങൾ'. ദൈവത്തിന്റെ പേരിൽ മതങ്ങൾ തമ്മിൽ മത്സരിക്കുന്ന കാലത്ത് പലമതസാരവുമേകം എന്ന ഗുരുവചനം എത്ര സത്യമാണ് എന്ന് ലോകത്തെ മുഴുവൻ അല്ലെങ്കിലും ഇത് വായിക്കുന്ന മലയാളികളെ എങ്കിലും ബോധ്യപ്പെടുത്താൻ ഈ ചെറിയപുസ്തകം ഉപകരിക്കും എന്നതിൽ സംശയമില്ല.

എല്ലാ മതങ്ങളും മനുഷ്യരെ പഠിപ്പിക്കുന്നത് സ്നേഹിക്കാനാണ്. അതേ മതത്തിന്റെ പേരിൽ നടക്കുന്നതോ, കലഹങ്ങളും. ഇതെന്തു വൈരുദ്ധ്യമാണ്? ഇതിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കാൻ മുൻകൈ എടുക്കേണ്ടത് മതനേതാക്കൾ തന്നെയായിരിക്കണം. മറ്റാർക്കും അത് സാദ്ധ്യമല്ല. ആ വഴിക്ക് ഒരു കൈചൂണ്ടിയായിരിക്കട്ടെ ഈ പുസ്തകമെന്ന ആശിസോടുകൂടി ഈ പുസ്തകം വായനക്കാർക്കുവേണ്ടി സമർപ്പിക്കുന്നു.

**മുനി നാരായണ പ്രസാദ്,**
ഗുരുകുലം, വർക്കല

# ആമുഖം

പഞ്ചഭൂതങ്ങളുടെയും പഞ്ചേന്ദ്രിയങ്ങളുടെയും വഴി തെളിയുന്നത് ഏകദൈവം എന്ന സത്യത്തിലേക്കാണ്. ചരങ്ങളും അചരങ്ങളും സംസാരിക്കുന്നത് ഈ ഏകദൈവത്തെ കുറിച്ചാണ്. മിഴികൾ പൂട്ടി കാതു കൂർപ്പിച്ചാൽ പ്രകൃതിയിൽ വിലയം പ്രാപിച്ചിരിക്കുന്ന ആ മഹാസത്യത്തിന്റെ അലയൊലി കേൾക്കുവാൻ സാധിക്കും. ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ആ സത്യത്തെ തേടിയുള്ള യാത്രയാണ് 'ഉടയുന്ന മൺകുടം.' പഞ്ചഭൂതങ്ങളും പഞ്ചേന്ദ്രിയങ്ങളും ഉടഞ്ഞുപോകുന്നതാണ്. ഉടയാത്തതിനെ തേടിയുള്ള അന്വേഷണമാണ് ഈ പുസ്തകം.

ശരികൾ തമ്മിലുള്ള തർക്കമാണ് കാലഘട്ടത്തിന്റെ സങ്കടം. എല്ലാവരും അവരവർക്ക് ശരിയാണ്, പിന്നെ ആരാണ് തെറ്റ്? ഏകം സത് വിപ്രാ ബഹുദാവദന്തി (ഋഗ്.1:164:46) (സത്യം ഒന്നു മാത്രമേ ഉള്ളു. ദൈവത്തെ തേടുന്നവർ പല പേരിൽ അതിനെ വിളിക്കുന്നു). പൗലോസ് ശ്ലീഹായുടെ ചോദ്യം കാലാതീതമാണ്. ''ദൈവം യഹൂദരുടേതു മാത്രമാണോ? വിജാതീയരുടേതുമല്ലേ? അതേ, അവിടുന്നു വിജാതീയരുടെയും ദൈവമാണ്. എന്തെന്നാൽ, ദൈവം ഏകനാണ്. അവിടുന്നു പരിച്ഛേദിതരെയും അപരിച്ഛേദിതരെയും അവരവരുടെ വിശ്വാസത്താൽ നീതീകരിക്കും" (റോമ 3:29,30).

മതങ്ങൾക്കപ്പുറത്ത് മനുഷ്യനേയും ഏകസത്യദൈവത്തേയും തേടുന്നവരുടെ വഴിയാണ് ഉടയാത്ത സത്യങ്ങളുടെ വഴിത്താര. രാമൻ എന്ന എന്നിലെ ധർമ്മം എന്ന സീതയെ അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അഞ്ച് കർമ്മേന്ദ്രിയങ്ങളും ചേർന്ന ദശവദനനായ രാവണൻ തടവിലാക്കുമ്പോൾ ധർമ്മത്തെ വീണ്ടെടുക്കാനുള്ള വഴിതേടലാണ് പുസ്തകത്തിന്റെ ഇതിവൃത്തം. ഈ യാത്രയിൽ കൈപിടിച്ചു നടത്തിയവരെ മറക്കാനാവില്ല. കുരിശുമല ആശ്രമത്തിന്റെ സ്ഥാപകൻ ഫ്രാൻസിസ് ആചാര്യ, സ്വാമി നിർമ്മലാനന്ദ് ഗിരി മഹാരാജ്, മാത്യൂസ് മാർ തെയോഡൊഷ്യസ് മെത്രാപ്പോലീത്താ, യൂയാക്കിം മാർ കൂറിലോസ് തിരുമേനി, എന്റെ പിതാവും മാതാവും.

BETHANY PUBLICATIONS www.malankaralibrary.com

പുസ്തകമാക്കാൻ അനുവാദം തന്ന ജനറാളച്ചനും കൗൺസിലേഴ്സും, പ്രൊവിൻഷ്യൽ അച്ചനും കൗൺസിലേഴ്സും ബഥനിയിലെ എന്റെ ഗുരുക്കന്മാരും സതീർത്ഥ്യരും, തപോവനത്തിലെ എന്റെ സഹോദരർ, എന്നെ സ്നേഹിക്കുകയും ആശംസയിലൂടെ അനുഗ്രഹിക്കുകയും ചെയ്ത മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡൊഷ്യസ് മെത്രാപ്പോലീത്താ, ആശംസ അറിയിച്ച വർക്കല നാരായണ ഗുരുകുലം അദ്ധ്യക്ഷൻ സ്വാമി മുനി നാരായണ പ്രസാദ്, എല്ലാ വി.കുർബാനയിലും എന്നെ ഓർക്കുന്ന വാഗമൺ കുരിശുമലയിലെ നിർമ്മലാനന്ദച്ചൻ, തിരുവല്ല മിണ്ടാമഠത്തിലെ സി.മേരി ആന്റോനെറ്റ്, പുസ്തക രൂപത്തിലാക്കാൻ സഹായിച്ച ജെസിൻ സാജൻ, ഷാനി രൂപേഷ്, ബ്രദർ ഗ്രേഷ്യസ്, സാലിറ്റ്, കവർപേജ് ഡിസൈൻ ചെയ്ത ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി. ഇവരെ ആദരവോടെ സ്മരിക്കുന്നു. സഹോദരങ്ങളും സുഹൃത്തുക്കളും എന്റെ യാത്രയിൽ എന്നും കരുത്തു പകരുന്നവരാണ്.

പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച ബഥനി പബ്ലിക്കേഷൻസ് ബോർഡ് അംഗങ്ങളെയും, ഡയറക്ടർ ജോബിൻ കുര്യാക്കോസ് അച്ചനെയും സ്നേഹപൂർവ്വം ഓർക്കുന്നു.

ആദരവോടെ,
നിർമ്മലാനന്ദ്
ബഥനി ആശ്രമം,
തപോവനം

ആലുവ
31-05-2023

BETHANY PUBLICATIONS www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഭൂമി | 11 |
| 2 | ജലം | 19 |
| 3 | അഗ്നി | 29 |
| 4 | വായു | 37 |
| 5 | ആകാശം | 45 |
| 6 | നാസിക | 54 |
| 7 | നാവ് | 61 |
| 8 | കണ്ണ് | 70 |
| 9 | ത്വക്ക് | 79 |
| 10 | കാത് | 88 |

# 1. ഭൂമി



ഞാൻ ദൈവത്തിന്റെ സൃഷ്ടിയായ മണ്ണുകൊണ്ട് മെനയപ്പെട്ട്,
ജീവന്റെ സമൃദ്ധിയായ ദൈവത്താൽ നിറയപ്പെട്ടവനാണ്.
ഞാൻ ദൈവം വസിക്കുന്ന ആലയമാണ്.

**"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു"** (ഉല്പത്തി 2:7).

മനുഷ്യന്റെ ഉത്ഭവം മുതൽ ഉള്ള ചോദ്യമാണ് ഞാൻ ആരാണ്, ഞാൻ എവിടെ നിന്നാണ്, ഞാൻ എവിടേക്കാണ് പോകുന്നത്. ഇന്നും

BETHANY PUBLICATIONS www.malankaralibrary.com



ഉത്തരങ്ങൾക്ക്, വ്യക്തതയില്ലാതെ ഈ ചോദ്യത്തിനു പിന്നാലെ അലയുകയാണ് മനുഷ്യൻ. എന്നാൽ ഉല്പത്തിയിൽ തന്നെ തമ്പുരാൻ ഈ ചോദ്യത്തിന് ഉത്തരം തന്നുകൊണ്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്. വേദങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങിയാൽ മനോമുകുരത്തിൽ അവയുടെ അലയൊലി ഉത്തരമായി മുഴങ്ങുന്നത് കേൾക്കാം.

ഞാൻ ദൈവത്തിന്റെ സൃഷ്ടിയായ മണ്ണുകൊണ്ട് മെനയപ്പെട്ട്, ജീവന്റെ സമൃദ്ധിയിൽ നിറയപ്പെട്ടവനാണ്. ഞാൻ ദൈവം വസിക്കുന്ന ആലയമാണ്. **“നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിൻെറ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിൻെറ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ”** (1 കോറി 3:16–17). ഞാൻ ആരാണെന്നുള്ള ചോദ്യം എന്നെ തമ്പുരാന്റെ തിരുമുമ്പിൽ എത്തിക്കുന്നതാണ്; ആരാണ് ഞാൻ എന്ന തിരിച്ചറിവ് എന്റെ ബോധ്യങ്ങളെ ഉണർത്തണം. ഞാൻ ഉടയുന്ന മൺകുടമാണ്, ഉടഞ്ഞുപോകാതെ സംരക്ഷിച്ചു നിർത്തുന്നത് ലോകം മുഴുവനും നിറഞ്ഞു നിൽക്കുന്ന സകലത്തിന്റേയും സാക്ഷിയായ സ്രഷ്ടാവാണ്.

ഓം ബ്രഹ്മവാദിനോ വദന്തി
കിം കാരണം ബ്രഹ്മ കുതഃ സ്മ ജാതാഃ
ജീവാമ കേന ക്വ ച സംപ്രതിഷ്ഠാ
അധിഷ്ഠിതാഃ കേന സുഖേതരേഷു
വർത്താമഹേ ബ്രഹ്മവിദോ വ്യവസ്ഥാം

(ശ്വേതാശ്വതരം 1:1)

ബ്രഹ്മവാദികൾ തമ്മിൽ പറയുന്നു: എന്താണു സകലതിനും ഹേതു? ബ്രഹ്മമാണോ? എന്തിൽ നിന്നുണ്ടായവരാണു നമ്മൾ? എന്തിനെക്കൊണ്ടാണു നമ്മൾ ജീവിക്കുന്നത്? എവിടെയാണ് സകലതിന്റെയും ഉറച്ചിരുപ്പ്? അല്ലയോ ബ്രഹ്മജ്ഞാനികളേ, എന്ത് അധിഷ്ഠാനം ഹേതുവായിട്ടാണു നമ്മളെല്ലാം സുഖ ദുഃഖ സമ്മിശ്രമായ ജീവിത വ്യവസ്ഥയിൽപ്പെട്ട് ഇവിടെ കഴിയുന്നത്? ദാർശനിക ചിന്തയുടെ മർമ്മസ്ഥാനത്തിരിക്കുന്നത് രണ്ടു ചോദ്യങ്ങളാണ്. ഞാൻ ആര്? ഈ ലോകം എവിടെ നിന്ന് ഉണ്ടായി? ഇതിന്റെ ഉത്തരം തേടലാണ് ശ്വേതാശ്വതരോപനിഷത്ത്. ഈ രണ്ടു ചോദ്യങ്ങൾ തമ്മിൽ ഒരു യോഗയുക്തതയുണ്ട്. ഞാൻ ആരാണ്?

BETHANY PUBLICATIONS www.malankaralibrary.com



ഞാൻ എന്ന വ്യക്തിയുടെ ഉൺമ, ആകെയുള്ള പ്രപഞ്ചത്തിന്റെ ഉൺമയുടെ ഭാഗമായിരിക്കുന്ന ഞാൻ, എന്ന അർത്ഥത്തിലാണ്. പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് മനുഷ്യൻ എന്ന് ആർഷഭാരതം പഠിപ്പിക്കുന്നത് ഇതിനോടു ചേർത്തു വായിക്കാം.

ലോകം എവിടെ നിന്നുണ്ടായി എന്ന രണ്ടാമത്തെ ചോദ്യം എടുത്താലും ഉത്തരം, ഞാൻ ആരാണെന്നുള്ള ചോദ്യത്തിന്റെ ഉത്തരം തന്നെയാണ്. ഈ പ്രപഞ്ചം ആകവേയും, അതിലെല്ലാമുള്ള നമ്മൾ ഓരോരുത്തരും ഉണ്ടായതിനും ഉണ്ടായിരിക്കുന്നതിനും സകലത്തിനും ആധാരമായിരിക്കുന്ന സത്യം ഒന്നാണ്. ആ സത്യത്തിന്റെ അവിരാമമായ പ്രവാഹമാണ് പ്രപഞ്ചവും ഞാനും. അതുകൊണ്ടാണ് ശ്വേതാശ്വതര മുനി ചോദിക്കുന്നത് "ക്വച സംപ്രതിഷ്ഠം-എവിടെയാണ്. സകലത്തിന്റേയും ഉറച്ചിരിപ്പ്." സകലത്തിന്റേയും അടിസ്ഥാനം തമ്പുരാനിലാണ് എന്ന് ഋഷി ഉറപ്പിക്കുകയാണ്.

സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്ന ദൈവത്തെ ജറെമിയ പ്രവാചകനും കാണിച്ചു തരുന്നുണ്ട് **"കർത്താവ് ചോദിക്കുന്നു: സമീപസ്ഥനായിരിക്കുമ്പോൾ മാത്രമാണോ ഞാൻ നിങ്ങൾക്കു ദൈവം? വിദൂരത്തിലിരിക്കുമ്പോഴും ഞാൻ ദൈവമല്ലേ? എനിക്കു കാണാൻ കഴിയാത്തവിധം ആർക്കെങ്കിലും രഹസ്യസങ്കേതങ്ങളിൽ ഒളിക്കാൻ സാധിക്കുമോ? സ്വർഗവും ഭൂമിയും നിറഞ്ഞുനിൽക്കുന്ന വനല്ലേ ഞാൻ? കർത്താവാണ് ഇതു ചോദിക്കുന്നത്"** (ജറെമിയാ 23:23-24).

ഈശാവാസ്യ ഉപനിഷത്തുകാരനും പറയുന്നത് വ്യത്യസ്തമല്ല.

"ഈശാവാസ്യമിദം സർവ്വം
യത് കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാ
മാ ഗൃധഃ കസ്യ സ്വിദ്ധനം" (ഈശാവാസ്യം 1:1)

ഈശനാൽ ആവാസിതമാണ് സമസ്ത ജഗത്തും, ഈശ്വരനാണ് സകലതിന്റെയും അടിസ്ഥാനം.

യോഹന്നാൻ ശ്ലീഹാ ഇത് കുറേക്കൂടെ വ്യക്തമാക്കുന്നു **"ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ യായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവ**

BETHANY PUBLICATIONS www.malankaralibrary.com



**ത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല"** (യോഹ.1:1-3). എവിടെയാണ് എല്ലാറ്റിന്റെയും ഉറച്ചിരിപ്പ് എന്ന ശ്വേതാശ്വതര ഉപനിഷത്കാരന്റെ ചോദ്യത്തിന്റെ ഉത്തരമാണ് യോഹന്നാൻ ശ്ലീഹായിലൂടെ കാണുന്നത്. ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല. ഈശനാൽ ആവാസിതമാണ് എന്ന ഈശാവാസ്യ ഉപനിഷത്തുകാരന്റെ അറിവും വ്യത്യസ്തമല്ല.

മതങ്ങളുടെ വേർതിരിക്കലിനപ്പുറം മനുഷ്യൻ എന്ന സങ്കല്പ ത്തിന്റെ ചിറകു വിടർത്തലാണ് പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ മനുഷ്യൻ എന്ന സങ്കല്പം. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ഞാൻ പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് പൂഴികൊണ്ട് നിർമ്മിതമാണ് ഞാൻ എന്ന വേദവാക്യം. മണ്ണിനേയും മരത്തിനേയും മഴയേയും പുഴയേയും പുഴുവിനേയും പൂമ്പാറ്റയേയും സഹോദരനെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കണം എന്ന ബോധ്യത്തിലേക്ക് ഞാൻ ഉണരണം. ചെന്നായെ ചേർത്തു പിടിച്ച, സൂര്യനെ 'സഹോദരാ' എന്നു വിളിച്ച അസ്സീസിയിലെ ഫ്രാൻസിസിന്റെ, പ്രകൃതിയോടുള്ള പ്രണയത്തിലേക്കുള്ള ക്ഷണം കൂടിയാണ് ഇത്.

മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എന്ന സങ്കല്പം ബോദ്ധ്യങ്ങളുടെ അവിരാമമായ പ്രവാഹമാണ്; ഈ ബോദ്ധ്യങ്ങൾ എന്നെ തമ്പുരാന്റെ തിരുനടയിൽ ധ്യാനനിമഗ്നൻ ആക്കണം.

**1. മണ്ണ് ദുർബലമാണ്:** മണ്ണുകൊണ്ടുള്ള സൃഷ്ടികൾ വളരെ ദുർബലമാണ്; ചെറിയ ഒരു പ്രഹരത്തിൽപോലും തകർന്നു പോകുന്നതാണ് മൺകുടം. മണ്ണുകൊണ്ട് മെനയപ്പെട്ട ഞാനും വ്യത്യസ്തമല്ല, ചെറിയ ഉലച്ചിൽ പോലും നമ്മെ തകർത്തുകളയും. **"എന്തിൽ നിന്നാണു നമ്മെ മെനഞ്ഞെടുത്തതെന്ന് അവിടുന്ന് അറിയുന്നു; നാം വെറും ധൂളിയാണെന്ന് അവിടുന്ന് ഓർമിക്കുന്നു"** (സങ്കീ. 103:14). ഇത് എന്റെ ബോദ്ധ്യങ്ങൾക്ക് വഴി വിളക്കാകണം, ചെറിയ ഉലച്ചിൽ പോലും തകർത്തു കളയുന്ന നമ്മുടെ കൂടെയുള്ളവരെ സംരക്ഷിച്ചു നിർത്തേണ്ട ഉത്തരവാദിത്വം എനിക്കുണ്ട്. സങ്കീർത്തകൻ ദൈവത്തെക്കുറിച്ച് വാചാലനാകുന്നത് ഇങ്ങനെയാണ് **"ദൈവം തന്റെ വിശുദ്ധ നിവാസത്തിൽ അനാഥർക്കു പിതാവും, വിധവകൾക്കു സംരക്ഷകനുമാണ്"** (സങ്കീ. 68:5). സമൂഹത്തിന്റെ അതിർ വരമ്പുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവർ എന്റെ സംരക്ഷണ ത്തിന് അർഹരാണെന്ന് തമ്പുരാൻ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

BETHANY PUBLICATIONS www.malankaralibrary.com



**"വിധവയെയോ, അനാഥനെയോ നിങ്ങൾ പീഡിപ്പിക്കരുത്. നിങ്ങൾ അവരെ ഉപദ്രവിക്കുകയും അവർ എന്നെ വിളിച്ചുകരയുകയും ചെയ്താൽ നിശ്ചയമായും ഞാൻ അവരുടെ നിലവിളി കേൾക്കും. എന്റെ കോപം ജ്വലിക്കുകയും നിങ്ങളെ ഞാൻ വാൾകൊണ്ടു വധിക്കുകയും ചെയ്യും. അപ്പോൾ നിങ്ങളുടെ ഭാര്യമാർ വിധവകളും നിങ്ങളുടെ മക്കൾ അനാഥരുമായിത്തീരും"** (പുറപ്പാട് 22:22-24). മണ്ണിന്റെ ദുർബലത എന്നോട് പറയുന്നത് ഇത്രമാത്രമാണ്, മാറ്റി നിറുത്തപ്പെട്ടവർ ആരായാലും അവർ എന്റെ സംരക്ഷണത്തിന് അർഹരാണ്. ചെറിയ ചെമ്പുനാണയങ്ങൾ കാണുന്ന ദൈവം ദുർബലരേയും കാണുന്നുണ്ട് എന്ന ഓർമ്മപ്പെടുത്തൽ.

**2. നിസ്സാരത:** മണ്ണുകൊണ്ടുള്ള സൃഷ്ടി മനുഷ്യന്റെ നിസ്സാരതയെ കാണിക്കുന്നതാണ്. വിശ്വാസികളുടെ പിതാവായ അബ്രഹാം ദൈവത്തിന്റെ മുമ്പിൽ ഈ തുറന്നു പറച്ചിൽ നടത്തുന്നുണ്ട്. **"അബ്രാഹം വീണ്ടും പറഞ്ഞു: പൊടിയും ചാരവുമായ ഞാൻ കർത്താവിനോടു സംസാരിക്കുവാൻ തുനിഞ്ഞല്ലോ"** (ഉല്പത്തി 18:27) വിശ്വാസത്തിന്റെ നെറുകയിൽ നില്ക്കുമ്പോഴും തന്റെ നിസ്സാരതയെക്കുറിച്ച് അബ്രഹാത്തിന് ബോദ്ധ്യം ഉണ്ടായിരുന്നു. ചുരുക്കം ചിലരെ മാത്രമേ വേദങ്ങൾ നീതിമാന്മാരുടെ പട്ടികയിൽ ചേർത്തിട്ടുള്ളു. ജോബ് അതിൽ ഒരാളാണ്. ആ നീതിമാനായ ജോബാണ് കർത്താവിനോട് പറയുന്നത്: **"ജോബ് കർത്താവിനോടു പറഞ്ഞു: ഞാൻ നിസാരനാണ്; ഞാൻ എന്തുത്തരം പറയാനാണ്! ഞാൻ വായ് പൊത്തുന്നു"** (ജോബ് 40:3-4). ജീവിതത്തിന്റെ ഈ നിസ്സാരത ഗ്രഹിച്ചതുകൊണ്ടാണ് മാർ ഈവാനിയോസ് എന്ന മഹാഗുരു ഞാനെന്ന ഭാവത്തെ ഇല്ലാതാക്കണം എന്ന് പഠിപ്പിച്ചത് **"സ്വയത്തെ ത്യജിക്കുന്നത് വലിയ സംഗതിയാകുന്നു. യേശുമിശിഹായുടെ ശക്തി എന്നിൽ അധിവസിക്കുന്നതിനുവേണ്ടി ഞാൻ ദിനംപ്രതി മരിക്കേണ്ടിയിരിക്കുന്നു''** (സ.ജീ.സ., പേജ് 164). ജീവിതത്തിന്റെ നിസാരതയെ ധ്യാനിക്കുന്നവന് തമ്പുരാന്റെ വഴിയിൽ നിന്നും വ്യതിചലിക്കാനാവില്ല. കോറിന്തോസുകാർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ അത് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് **"നിനക്ക് എന്തു പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്ത്? എല്ലാം ദാനമായിരിക്കേ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?"** (1 കോറി 4:7).

BETHANY PUBLICATIONS www.malankaralibrary.com



**3. അശുദ്ധി:** മാലിന്യങ്ങൾ എല്ലാം വലിച്ചെറിയപ്പെടുന്നത് മണ്ണിലേക്കാണ്. മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സകലവിധ അശുദ്ധിയിലേക്കും ആകർഷിക്കപ്പെടുന്നവനാണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത് **"ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്"** (റോമ 7:19). മണ്ണിനാൽ മെനയപ്പെട്ടവന്റെ അശുദ്ധിയെക്കുറിച്ച് വിലപിക്കുന്ന ഏശയ്യാ പ്രവാചകനെ ദൈവത്തിന്റെ അഗ്നി ശുദ്ധീകരിക്കുന്നുണ്ട്. **"അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലുമായി എന്റെയടുത്തേക്കു പറന്നു വന്നു. അവൻ എൻെറ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇതു നിൻെറ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിൻെറ മാലിന്യം നീക്കപ്പെട്ടു; നിൻെറ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു"** (ഏശയ്യാ 6:6-7). എന്റെ മാലിന്യങ്ങൾ മാറ്റപ്പെടണമെങ്കിൽ ദൈവത്തിന്റെ അഗ്നി എന്റെമേൽ ഒഴുകിയിറങ്ങണം. പുതിയ പെന്തക്കുസ്താ സംഭവിക്കണം. അപ്പോൾ ഞാൻ ശുദ്ധിയുള്ളവനാകും, അശുദ്ധനായ കുഷ്ഠരോഗിയെ ക്രിസ്തു സ്പർശിച്ചപ്പോൾ അവൻ ശുദ്ധിയുള്ളവനായി.

**4. നശ്വരം:** മണ്ണിൽ നിന്ന് വന്നതെല്ലാം നശ്വരമാണ്. മനുഷ്യനും വ്യത്യസ്തമല്ല-ജ്ഞാനികളിൽ ജ്ഞാനിയായ സോളമൻ പറയുന്നു **"എല്ലാം മിഥ്യയാണ്. എല്ലാം ഒരിടത്തേക്കു പോകുന്നു. എല്ലാം പൊടിയിൽനിന്നുണ്ടായി, എല്ലാം പൊടിയിലേക്കു മടങ്ങുന്നു"** (സഭാപ്രസംഗകൻ 3:20). സോളമന്റെ വാക്കുകൾ എന്റെ പാദങ്ങൾക്ക് വെളിച്ചമാകേണ്ടതാണ്; പൂഴികൊണ്ട് മെനഞ്ഞ ഈ ശരീരത്തെക്കാൾ എന്റെ ഹൃദയത്തിന്റെ ഗുഹയിൽ വസിക്കുന്ന അകത്തെ മനുഷ്യനെ ഞാൻ കുറേക്കൂടെ കരുതേണ്ടതായുണ്ട്. മണ്ണുകൊണ്ടു സൃഷ്ടിക്കപ്പെട്ടു എന്ന ബോധ്യം നശ്വരമായ ശരീരത്തെക്കാൾ ആത്മാവിനെ അനുസരിച്ച് നടക്കേണ്ടവനാണ് ഞാൻ എന്ന ബോദ്ധ്യത്തെ ഉണർത്തേണ്ടതാണ്. സഭാപ്രസംഗകൻ തന്റെ ജ്ഞാന വചസുകളിലൂടെ പറയുന്നതും അതാണ്: **"ധൂളി അതിൻെറ ഉറവിടമായ മണ്ണിലേക്കു മടങ്ങും; ആത്മാവ് തൻെറ ദാതാവായ ദൈവത്തിങ്കലേക്കു തിരിച്ചുപോവുകയും ചെയ്യും"** (സഭാ പ്രസംഗകൻ 12:7).

**5. വിനയം:** ഭൂമി വിനയത്തിന്റെ പ്രതീകം കൂടിയാണ്; ഭൂമിയോളം താഴ്മ, എന്നൊക്കെയുള്ള പഴഞ്ചൊല്ലുകൾ ഉണ്ടായി വന്നത് അതുകൊണ്ടാണ്. വേദത്തിലും ഇത് വായിച്ചെടുക്കാം. "യൗവനത്തിൽ

BETHANY PUBLICATIONS www.malankaralibrary.com



നുകം വഹിക്കുന്നത് മനുഷ്യനു നല്ലതാണ്. അവിടുന്ന് അത് അവന്റെ മേൽവയ്ക്കുമ്പോൾ അവൻ ഏകനായി മൗനമായിരിക്കട്ടെ! അവൻ മുഖം മണ്ണിൽ പൂഴ്ത്തട്ടെ! ഇനിയും പ്രത്യാശയ്ക്കു വകയുണ്ട്" (വിലാപങ്ങൾ 3:27-29). വിനയപ്പെടുന്നവന് പ്രത്യാശയ്ക്ക് വകയുണ്ട്. മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠർ എന്നു കരുതുന്ന ക്രിസ്തുവിന്റെ ഭാവം വിനയത്തിന്റെ വഴിത്താരയാണ്. **"ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച് മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ"** (ഫിലിപ്പി 2:4-5). പശ്ചാത്തപിക്കുന്നവൻ പൊടിയിലും ചാരത്തിലും കിടക്കുന്നതായി ബൈബിൾ പഠിപ്പിക്കുന്നു. **"അതിനാൽ ഞാൻ എന്നെത്തന്നെ വെറുക്കുന്നു; പൊടിയിലും ചാരത്തിലും കിടന്ന് ഞാൻ പശ്ചാത്തപിക്കുന്നു"** (ജോബ് 42:6). എന്നിട്ടും എന്തേ വിനയത്തിന്റെ വഴികൾ ഞാൻ മറന്നുപോകുന്നു.

**6. വിലാപം:** പൂഴി വിലാപത്തെ കാണിക്കുന്നതാണ്, മണ്ണിന്റെ ഗന്ധം ഉള്ള ഞാൻ തമ്പുരാന്റെ മുമ്പിൽ ഹൃദയത്തിന്റെ കരച്ചിലുമായി കാണപ്പെടേണ്ടവനാണ്. യുദ്ധത്തിൽ തന്റെ പടയാളികൾ മരിച്ചു വീഴുമ്പോൾ ജോഷ്വാ കരച്ചിലുമായി ദൈവതിരുമുമ്പിൽ നിന്നു. **"ജനം ഭയചകിതരായി. ജോഷ്വ വസ്ത്രംകീറി. അവനും ഇസ്രായേലിലെ ശ്രേഷ്ഠൻമാരും ശിരസിൽ പൊടിവാരിയിട്ടു സായാഹ്നംവരെ കർത്താവിന്റെ വാഗ്ദാനപേടകത്തിനു മുൻപിൽ സാഷ്ടാംഗം വീണുകിടന്നു"** (ജോഷ്വാ 7:6). വിരുന്നുകളിലും ധൂർത്തിലും, ധാരാളിത്തത്തിലും ആടിത്തിമിർക്കുന്ന എന്നോടുള്ള ഓർമ്മപ്പെടുത്തലാണ്, ഞാൻ മണ്ണുകൊണ്ടുള്ളവനാണ്, മിഴികളിൽ നനവുമായി തമ്പുരാന്റെ തിരുനടയിൽ കാണേണ്ടവനാണു ഞാൻ.

എല്ലാ മതങ്ങളും ഉത്തരം തേടുന്ന ചോദ്യമാണ് ഞാനാര് എന്നത്; ഭഗവത് ഗീത പറയുന്നു:

"ന ത്വേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ
നചൈവ നഭവിഷ്യാമഃ സർവ്വേ വയമതഃപരം" (ഗീത 2:12).

തേർതട്ടിൽ തളർന്നിരിക്കുന്ന അർജുനനോട്, കൃഷ്ണൻ പറയുന്നതാണ്, ഞാനും നീയും ഇവിടെ കൂടിയിരിക്കുന്ന ഈ രാജാക്കന്മാരെല്ലാവരും ഒരു കാലത്തുമില്ലാതിരുന്നിട്ടില്ല. ദേഹം

BETHANY PUBLICATIONS www.malankaralibrary.com



നശിച്ചതിന്റെ ശേഷം ഭാവികാലത്തും ഇല്ലാതാവുകയില്ല. മൂന്നു കാലത്തിലും ആത്മാവ് നിത്യമാണ്. ആത്മാവ് മരിക്കുന്നില്ല എന്ന് ഗീത വീണ്ടും പറയുന്നു **"ദേഹം കൊല്ലപ്പെട്ടാലും ആത്മാവ് ഒരിക്കലും കൊല്ലപ്പെടുന്നില്ല. ആത്മാവ് ജനിക്കുന്നില്ല, മരിക്കുന്നും ഇല്ല. എന്തുകൊണ്ടെന്നാൽ, ആത്മാവ് ജന്മമില്ലാത്തവനും, നിത്യനും, ശാശ്വതവും, പണ്ടേക്കു പണ്ടേ ഉള്ളവനുമാകുന്നു"** (ഗീത 2:20).

പൗലോസ് ശ്ലീഹാ പറയുന്നു ഉടഞ്ഞുപോകുന്ന മൺപാത്രത്തിലെ നിധിയാണിതെന്ന് **''എന്നാൽ, പരമമായ ശക്തി ദൈവത്തിന്റേതാണ്, ഞങ്ങളുടേതല്ല എന്നു വെളിപ്പെടുത്തുന്നതിന് ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത്"** (2 കൊറി 4:7). ആത്മാവിനെ വീണ്ടും ഉള്ളിലുള്ള മനുഷ്യനായി പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നു. **''ഞങ്ങൾ ഭഗ്നാശരാകുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു"** (2 കോറി 4:16). വെളിപാടു പുസ്തകം, വധിക്കപ്പെട്ടിട്ടും മരണമില്ലാത്ത ആത്മാക്കളെക്കുറിച്ച് പറയുന്നു, **"അവൻ അഞ്ചാമത്തെ മുദ്ര തുറന്നപ്പോൾ, ദൈവവചനത്തെപ്രതിയും തങ്ങളുടെ സാക്ഷ്യത്തെപ്രതിയും വധിക്കപ്പെട്ടവരുടെ ആത്മാക്കളെ ബലിപീഠത്തിനുകീഴിൽ ഞാൻ കണ്ടു''** (വെളിപാട് 6:9).

എല്ലാ വേദങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നത് ഉടഞ്ഞുപോകുന്ന മൺപാത്രത്തിലെ നിധിയെക്കുറിച്ചാണ്. ഓർമ്മപ്പെടുത്തലുകൾ ബോധ്യങ്ങൾ ആയിത്തീരട്ടെ. നശ്വരമായ ശരീരത്തിനപ്പുറം അഗ്നി ഉള്ളിൽ വഹിക്കുന്നവരാണ് നാം എന്ന ബോധ്യം. എന്നെ കാണുന്നവർ എന്നിൽ ക്രിസ്തുവിന്റെ രൂപം കാണണം എന്ന ബോധ്യം. മൺപാത്രങ്ങൾ ഉടയുമ്പോൾ ഉടയവന്റെ രാജ്യത്തിലേക്ക് സംവഹിക്കപ്പെടുന്നവരാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# 2. ജലം



ജലത്തിന്റെ ശരീരം വരുണ ലോകത്തിലാണ്.
രസത്തെ ഗ്രഹിക്കുന്ന രസനയാണ് ഇന്ദ്രിയഭാവത്തിലുള്ള ജലം.
ജിഹ്വാഗ്രത്തി ലാണ് അതിന്റെ സ്ഥാനം.

**"തിരുനാളിൻെറ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എൻെറ അടുക്കൽ വന്നു കുടിക്കട്ടെ"** (യോഹ. 7:37, 38).

എല്ലാ വേദങ്ങളും ആരംഭിക്കുന്നത് ജലത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. പഞ്ചഭൂതങ്ങളിൽ അതിപ്രധാനസ്ഥാനമാണ് ജലത്തിനുള്ളത്. മനുഷ്യശരീരത്തിൽ അറുപതു ശതമാനം ജലമാണ്. ക്രിസ്തീയവേദത്തിൽ തുടക്കവും ഒടുക്കവും ജലത്തെക്കുറിച്ചാണ്

BETHANY PUBLICATIONS www.malankaralibrary.com



പറയുന്നത്. **“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിൻെറ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു''** (ഉല്പത്തി 1:1-2). പൊരുന്നയിരുന്നു ജീവൻ ഉറവയെടുക്കുന്നതുപോലെ ജലത്തിൽ നിന്നും ജീവന്റെ സമൃദ്ധി ഉണ്ടായി വരുന്നു. ബൈബിൾ അവസാനിപ്പിക്കുന്നതും ജലത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്, **“ആത്മാവും മണവാട്ടിയും പറയുന്നു: വരുക. കേൾക്കുന്നവൻ പറയട്ടെ: വരുക. ദാഹിക്കുന്നവൻ വരട്ടെ. ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കട്ടെ''** (വെളിപാട് 22:17). ജീവന്റെ സമൃദ്ധിയിലേക്കുള്ള ക്ഷണത്തോടുകൂടിയാണ് അവസാനിപ്പിക്കുന്നത്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവൻ, ജീവന്റെ നദിക്കരയിൽ നിന്നും ഓടി അകന്നപ്പോൾ, ജീവന്റെ സമൃദ്ധിയിലേക്ക് തിരികെ വിളിക്കുന്ന സ്നേഹത്തിന്റെ കവിഞ്ഞൊഴുക്ക്.

ഋഗ്വേദത്തിൽ നാസദിയ സൂക്തത്തിൽ ഭൂമിയുടെ ഉത്പത്തിയെക്കുറിച്ച് പറയുമ്പോൾ (10:129) ആദിയിൽ സത്തും അസത്തും ഇല്ലായിരുന്നു, ഇരുളിനാൽ മൂടപ്പെട്ടിരുന്നു. ആദ്യമായി ഉണ്ടായത് ജലമാണ്. ബൃഹദാരണ്യക ഉപനിഷത്തും ഇതു തന്നെ പറയുന്നു”

> നൈവേഹ കിഞ്ചനാഗ്ര ആസിത, മൃത്യുനൈവേദമാവൃത
> മാസീത-ആശനായയാ, അശനായാഹി മൃത്യുഃ തന്മനോ കുരുത,
> ആത്മന്വി, സ്യാമിതി സോച്ചർന്നചരത, തസ്യാർച്ചത ആപോ’
> (ബൃഹദാരണ്യ 1.2.1)

ആദിയിൽ ഈ പ്രപഞ്ചത്തിൽ യാതൊന്നും ഉണ്ടായിരുന്നില്ല. പ്രപഞ്ചം മൃത്യുവാൽ ആവൃതമായിരുന്നു. എനിക്ക് മനസുണ്ടാവട്ടെ എന്ന് മോഹിച്ചപ്പോൾ മനസ്സുണ്ടായി. അത് സ്വയം അർപ്പിച്ചുകൊണ്ട് ആചരിക്കവെ ആ അർച്ചനയിൽ നിന്ന് ജലം ഉണ്ടായി.

ചാന്ദോഗ്യ ഉപനിഷത്തും പഠിപ്പിക്കുന്നത്, ഈശ്വരൻ ചിന്തിച്ചു അതിൽ നിന്ന് തേജസുണ്ടായി എന്നാണ്. തേജസിൽ നിന്നും ജലവും (ചാന്ദോഗ്യ:6:23) ചാന്ദോഗ്യ ഉപനിഷത്തിൽ മനുഷ്യന്റെ അടിസ്ഥാനം ജലമാണ് എന്നു പറയുന്നു. ഊർജ്ജത്തെ നശിപ്പിക്കാനോ സൃഷ്ടിക്കാനോ സാധ്യമല്ല എന്നു പറയുമ്പോൾ ഇല്ലാത്ത ഒന്ന് എങ്ങനെ ഉണ്ടായി വന്നു. മറഞ്ഞിരിക്കുക എന്നത് രണ്ടു വിധത്തിലാവാം.

BETHANY PUBLICATIONS www.malankaralibrary.com



1. ഒരു വസ്തു നമ്മുടെ കണ്ണിൽ നിന്ന് ഒരു ചുമരിനാലോ, ഇരുട്ടിനാലോ മറഞ്ഞിരിക്കാം.

2. ഒരു വസ്തു അതിന്റെ അതിസൂക്ഷ്മ രൂപത്തിൽ ഇരിക്കുകയാൽ നമ്മുടെ കണ്ണുകൾ അതിനെ കാണാതിരിക്കാം.

ഒരു വസ്തു ഇല്ല എന്നു പറയുന്ന അഭാവങ്ങൾ നാലു വിധമുണ്ട്.

**1. പ്രാഗഭാവം** : മുമ്പില്ല, പിന്നീട് സൃഷ്ടിക്കപ്പെട്ടു

**2. പ്രദ്ധ്വാനഭാവം** : ഉണ്ടായിരുന്ന ഒന്നിന്റെ നാശം

**3. അന്യോന്യാഭാവം** : പരസ്പരനിഷേധം

**4. അത്യന്താഭാവം** : ത്രികാലങ്ങളിലും ഒരു വസ്തു ഇല്ലാതിരിക്കുക (സുധാസിന്ധു, പേജ് 806).

ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധം അത് രണ്ടാകുന്നതിനു മുമ്പ് ഊർജ്ജരൂപത്തിൽ ദൈവത്തിൽ വിലയം കൊണ്ടിരുന്നു എന്ന് ഗ്രഹിക്കാം.

യോഹന്നാന്റെ സുവിശേഷം പഠിപ്പിക്കുന്നു **"ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല"** (യോഹ. 1:1-3) സമസ്തവും അവനിലൂടെ ഉണ്ടായി. അതിസൂക്ഷ്മ രൂപത്തിൽ ദൈവത്തിൽ സകലതും ഇരിക്കുന്നു എന്ന് മനസ്സിലാക്കാം. പൗലോസ് ശ്ലീഹാ പറയുന്നതും വ്യത്യസ്തമല്ല, **"എന്തെന്നാൽ, എല്ലാം അവിടുന്നിൽ നിന്ന്, അവിടുന്നുവഴി, അവിടുന്നിലേക്ക്. അവിടുത്തേക്ക് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമേൻ"** (റോമ. 11:36). **ഹെബ്രായർക്ക് എഴുതുമ്പോൾ കുറേക്കൂടെ വ്യക്തമാകുന്നു' "എന്തെന്നാൽ, മെൽക്കിസെദേക്ക് അബ്രാഹത്തെ കണ്ടുമുട്ടുമ്പോൾ ലേവി അബ്രാഹത്തിൻെറ അജാതസന്താനം ആയിരുന്നു"** (ഹെബ്രാ. 7:10).

പഞ്ചഭൂത നിർമ്മിതമായ മനുഷ്യശരീരത്തിൽ അറുപതു ശതമാനം ജലമാണ്. ജലത്തിന്റെ ഗുണം തണുപ്പാണ്, ശീതസ്പർശം ഉണ്ടാകുന്നതുകൊണ്ട് സ്ത്രീകളോടാണ് ജലത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ജലത്തെ സ്ത്രീയായി ശതപത ബ്രാഹ്മണയിലും ഋഗ്വേദത്തിലും പ്രസ്താവിച്ചിരിക്കുന്നു. പഞ്ചഭൂതങ്ങളിൽ ഓരോന്നും

BETHANY PUBLICATIONS www.malankaralibrary.com



പഞ്ചേന്ദ്രിയങ്ങളുമായും, പഞ്ചവിഷയങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ജലം ബന്ധപ്പെട്ടിരിക്കുന്ന വിഷയം രസമാണ് (സ്വാദ്). ഇന്ദ്രിയം ജിഹ്വ (നാക്ക്) ജിഹ്വാഗ്രത്തിലാണ് അതിന്റെ സ്ഥാനം.

ശീതസ്പർശം ഉണ്ടാകുക എന്ന ഗുണത്തോടു കൂടിയതാണ് അപ് അഥവാ ജലം. അത് പരമാണു രൂപത്തിൽ നിത്യമെന്നും കാര്യരൂപത്തിൽ അനിത്യമെന്നും രണ്ടു വിധമുണ്ട്. കാര്യരൂപത്തിലുള്ള ജലത്തിനുമുണ്ട് മൂന്ന് ഭാവഭേദങ്ങൾ. ശരീരമെന്നും ഇന്ദ്രിയമെന്നും വിഷയമെന്നും. ജലത്തിന്റെ ശരീരം വരുണ ലോകത്തിലാണ്. രസത്തെ ഗ്രഹിക്കുന്ന രസനയാണ് ഇന്ദ്രിയഭാവത്തിലുള്ള ജലം. ജിഹ്വാഗ്രത്തിലാണ് അതിന്റെ സ്ഥാനം. തടാകം, സമുദ്രം മുതലായവയാണ് കാര്യരൂപത്തിലുള്ള ജലത്തിന്റെ വിഷയഭാവം.

ജലംകൊണ്ട് നിർമ്മിക്കപ്പെട്ട മനുഷ്യൻ കുറേയേറെ കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

**1. തണുപ്പാണ് ജലം:** ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അറുപതു ശതമാനം ജലമാണ് ശരീരത്തിൽ നിറച്ചത്. ജലത്തിന്റെ ഗുണം ശീതസ്പർശമാണ്. മനുഷ്യൻ തന്റെ കൂടെയുള്ളവർക്ക് ആശ്വാസം ആകേണ്ടവനാണ്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചത്. ദൈവം ആശ്വാസത്തിന്റെ ദൈവം ആണ്. **“നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവും, കരുണയുടെ പിതാവും സകല സമാശ്വാസത്തിൻെറയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ!”** (2 കോറി 1:3). എന്റെ സ്വാഭാവത്തിൽ ആശ്വാസത്തിന്റെ നിറവുണ്ടാകണം. ലൂക്കോസിന്റെ സുവിശേഷത്തിലൂടെ തമ്പുരാൻ ഇതു കുറേക്കൂടെ വ്യക്തമാക്കുന്നുണ്ട് **“നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്”** (ലൂക്കോ 19:10). ക്രിസ്തു ഭൂമിയിലേക്ക് അവതരിച്ചത് നഷ്ടപ്പെട്ടുപോയ എനിക്ക് ആശ്വാസത്തിന്റെ തെളിനീരായാണ്.

ബൈബിളിൽ മുഴുവനും ദർശിക്കുവാൻ സാധിക്കുന്നത് ആശ്വാസത്തിന്റെ മുഖമുള്ള ദൈവത്തെയാണ് – കൊലപാതകിയായി മാറിയ കായേനേ ആശ്വസിപ്പിക്കുന്ന ദൈവം, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ മുമ്പിൽ സമാശ്വാസത്തിന്റെ മുഖവുമായി ക്രിസ്തു, തള്ളിപ്പറഞ്ഞ പത്രോസിനെ തേടിയെത്തുന്ന ആശ്വാസത്തിന്റെ തമ്പുരാൻ. ബൈബിൾ അവസാനിപ്പിക്കുന്നതും ആശ്വാസത്തിന്റെ വാക്കുകളുമായാണ്. **“ആത്മാവും മണവാട്ടിയും പറയുന്നു: വരുക.**

BETHANY PUBLICATIONS www.malankaralibrary.com



**കേൾക്കുന്നവൻ പറയട്ടെ: വരുക. ദാഹിക്കുന്നവൻ വരട്ടെ. ആഗ്രഹമുള്ളവൻ ജീവൻെറ ജലം സൗജന്യമായി സ്വീകരിക്കട്ടെ"** (വെളിപാട് 22:17). കൊലപാതകിയേയും വ്യഭിചാരിണിയേയും ചുങ്കക്കാരനേയും തള്ളിപ്പറഞ്ഞവനേയും തെറ്റിപ്പോയ സകല മനുഷ്യരേയും ജീവജലത്തിന്റെ കുളിർമ്മയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്ന ക്രിസ്തു. എന്തേ ക്രിസ്തുവിന്റെ പിൻഗാമികൾ എന്നു വിളിക്കുന്നവരിൽ ആശ്വാസത്തിന്റെ മുഖങ്ങൾ കാണെകാണെ കുറഞ്ഞുപോകുന്നത്, ക്രിസ്തുവിന്റെ മണവാട്ടിയായ സഭയിൽ ശീതസ്പർശങ്ങൾ അന്യം നിന്നു പോകുന്നത്? ആഹാരത്തിനുവേണ്ടി കൈനീട്ടുന്നവർ ഉണ്ടെങ്കിൽ, അന്തിയുറങ്ങാൻ ഭവനം ഇല്ലാത്തവർ ഉണ്ടെങ്കിൽ, സ്നേഹത്തിനുവേണ്ടി മുറവിളി കൂട്ടുന്നവർ ഉണ്ടെങ്കിൽ അതിനർത്ഥം ആശ്വാസത്തിന്റെ മുഖങ്ങൾ ഇരുണ്ടുപോയി എന്നു തന്നെയാണ്; കോടികളുടെ ഭവനങ്ങളും ദൈവാലയങ്ങളും ഉത്തരം ഇല്ലാത്ത ചോദ്യങ്ങൾപോലെ നിൽക്കുമ്പോൾ; അഞ്ചപ്പവും, കപ്പുച്ചിൻ മെസ്സുംപോലെയുള്ള ചെറുതുരുത്തുകൾ ക്രിസ്തുവിന്റെ ആശ്വാസത്തിന്റെ മുഖങ്ങളായി മാറുന്നു.

ആശ്വാസത്തിന്റെ ചെറുതുരുത്തുകളാകാൻ എനിക്ക് എന്തു ചെയ്യുവാൻ സാധിക്കും എന്നത് എന്റെ നിരന്തര ധ്യാനമാകണം. ആൾക്കൂട്ടത്താൽ വേട്ടയാടപ്പെടുന്നവന്റെ കൈപിടിക്കുന്നതിലൂടെ, വിശക്കുന്നവന് ഒരുനേരത്തെ അന്നം കൊടുക്കുന്നതിലൂടെ, പഠിക്കുവാൻ ബുദ്ധിമുട്ടുന്നവന് അക്ഷരം ചൊല്ലി കൊടുക്കുന്നതിലൂടെ, ഒരു സെമസ്റ്റർ ഫീസ് അടയ്ക്കുന്നതിലൂടെ, തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവന് ഒരു സെന്റ് സ്ഥലം വാങ്ങി നൽകുന്നതിലൂടെ, ഒരു ഭവനം ഉണ്ടാക്കിക്കൊടുക്കുന്നതിലൂടെ കരയുന്നവന്റെ സങ്കടം കേൾക്കുന്നതിലൂടെ, വേർപിരിയുന്ന കുടുംബങ്ങളുടെ ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കുന്നതിലൂടെ, വാർദ്ധക്യങ്ങളുടെ കൂട്ടുകാർ ആകുന്നതിലൂടെ, എനിക്ക് എന്റെ ക്രിസ്തുവിന്റെ പ്രതിരൂപമായി ലോകത്തിൽ നിറഞ്ഞു പ്രകാശിക്കുവാൻ സാധിക്കും. അപ്പോഴാണ് ക്രിസ്തുവിന്റെ ശബ്ദം എന്നോടു സംസാരിക്കുന്നത്. **"ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്"** (മത്തായി 25:40).

**2. ജലം ഒഴുകുന്നതാണ്:** ലോകം മുഴുവൻ പ്രവഹിക്കുന്ന ദൈവത്തിന്റെ സ്നേഹം ആകാനാണ് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത്. ആ ബോദ്ധ്യമാണ് എന്നിൽ നിറഞ്ഞിരിക്കുന്ന ജലത്തിന്റെ ഒഴുകുന്ന

BETHANY PUBLICATIONS www.malankaralibrary.com



സ്വഭാവം. ഒഴുക്കില്ലായെങ്കിൽ പുഴയുടെ മരണമാണ്. ദൈവത്തിന്റെ പർവ്വതമായ ഹെർമ്മോനിൽ നിന്നും ഒഴുകിയെത്തുന്ന ജലം ഗലീലി തടാകത്തിൽ ജീവന്റെ സമൃദ്ധിയാകുന്നു. ഇരുപത്തിരണ്ടു തരം മത്സ്യങ്ങളും അനേകം കടൽജീവികളുമായി മനോഹരമായ വർണ്ണക്കാഴ്ച ഒരുക്കുന്നു ഗലീലി; ഇതേ ജലം ചെന്നെത്തുന്ന ചാവുകടൽ മരണത്തിന്റെ താഴ്‌വരയാണ്. ഒരു ചെറുജീവിപോലും അതിൽ വളരില്ല. കാരണം സാധാരണ സമുദ്രനിരപ്പിൽ നിന്നും താഴെയാണ് ചാവുകടൽ. പുറത്തേക്ക് വെള്ളം ഒഴുകി പോകാൻ സാധ്യതയില്ലാത്തതുകൊണ്ട് ജലം കെട്ടിക്കിടക്കുന്നു. ദിവസം ശരാശരി ഏഴു മില്യൻ ടൺ ജലം നീരാവിയായി മാറുന്നു. ഫലമോ, ഉപ്പും മറ്റു ധാതുക്കളും അതിൽ നിറയുന്നു; ജീവൻ സാധ്യമല്ലാതായി മാറുന്നു.

അധികം അകലത്തല്ലാതെയുള്ള രണ്ടു ജലാശയങ്ങൾ ഒഴുകുന്നതിൽ ജീവന്റെ സമൃദ്ധി, ഒഴുകാത്തതിൽ മരണത്തിന്റെ അലയൊലി. എനിക്ക് ദാനമായി കിട്ടിയതെല്ലാം മറ്റുള്ളവരിലേക്ക് ഒഴുകിയെത്തണം, അറിവാകാം, ധനമാകാം, ആരോഗ്യമാകാം, സ്നേഹമാകാം. ഇല്ലായെങ്കിൽ എന്നിൽ തന്നെ കെട്ടിക്കിടന്ന് എന്നെ അത് നശിപ്പിക്കും. ക്രിസ്തു കൃത്യമായി അത് ഓർമ്മിപ്പിക്കുന്നുണ്ട്. **"എന്നാൽ, ദൈവം അവനോടു പറഞ്ഞു: ഭോഷാ, ഈ രാത്രി നിൻെറ ആത്മാ വിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കി വെച്ചിരിക്കുന്നവ ആരുടേതാകും"** (ലൂക്ക 12:20). നീ കൂട്ടിവച്ചവ നിന്റെ കൂടെയുള്ളവനുകൂടെ കൊടുക്കുന്നില്ലാ എങ്കിൽ ആവി ആയി പോകുന്നത് നോക്കി നില്ക്കേണ്ടി വരും. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരം എന്നെ ഓർമിപ്പിക്കുന്നു. എല്ലാം ദാനമാണ്. ദാനമായി കിട്ടിയത് ദാനമായി കൊടുക്കേണ്ടതല്ലേ എന്നൊക്കെ ബൈബിൾ പഠിപ്പിക്കുന്നതും വ്യത്യസ്തമല്ല. **"രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ"** (മത്തായി 10:8).

നദി ചിലപ്പോഴൊക്കെ വഴിമാറി ഒഴുകാറുണ്ട്; എല്ലാവരും നടക്കുന്ന വഴികളിൽ നിന്നും ക്രിസ്തു പലപ്പോഴും വഴിമാറി നടക്കുന്നതു കാണാം. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വഴിമാറി ഒഴുകലുകൾ എല്ലാം ജീവജലത്തിന്റെ കവിഞ്ഞൊഴുക്കാണ്. യഹൂദർ നടന്നു പോകാൻ ആഗ്രഹിക്കാത്ത സമരിയായിലെ സിക്കാർ എന്ന പട്ടണത്തിലേക്ക് യേശുവിന്റെ സ്നേഹം ഒഴുകിയെത്തിയത് ജീവന്റെ

BETHANY PUBLICATIONS www.malankaralibrary.com



ജലംകൊണ്ട് സമരിയാക്കാരിയെ നിറയ്ക്കുവാൻ വേണ്ടിയാണ്. **"യേശു അവളോടു പറഞ്ഞു: ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരുക എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരുകയും ചെയ്യുമായിരുന്നു"** (യോഹ.4:10). ജലം ഇല്ലാത്ത പൊട്ടക്കിണറുകളെയും വഴിമാറി ഒഴുകിയെത്തി ജീവന്റെ സമൃദ്ധികൊണ്ടു നിറക്കേണ്ടവരല്ലേ ക്രിസ്തുവിനെ അനുഗമിക്കുന്നവർ. എന്നിട്ടും എന്തേ ഇന്നും ജീവന്റെ ജലം കിട്ടാതെ അനേകർ തളർന്നു വീഴുന്നത്. പുഴയെപ്പോലെ ഒഴുകാം, സമുദ്രത്തെപ്പോലെ നിറയാം – അങ്ങനെ ലോകം മുഴുവനും ജീവന്റെ സമൃദ്ധി നിറയട്ടെ.

**3. ജലം ശുദ്ധിയാക്കുന്നത്:** എല്ലാ വേദങ്ങളും ഒരുപോലെ അംഗീകരിക്കുന്നതാണ് ജലത്തിന്റെ ശുദ്ധീകരണ സ്വഭാവം. കാഴ്ചയില്ലാത്തവൻ സിലോഹായിൽ പോയി കഴുകി കാഴ്ചയുള്ളവനാകുന്ന സംഭവം യോഹന്നാൻ ശ്ലീഹാ വിവരിക്കുന്നുണ്ട്. **"അവൻ പറഞ്ഞു: യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എൻെറ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു"** (യോഹ 9:11). കാഴ്ചകളുടെ എല്ലാ അശുദ്ധിയും ജലത്തിനാൽ കഴുകി ശുദ്ധീകരിക്കപ്പെടുന്നു. ക്രിസ്തുവാകുന്ന ജീവജലംകൊണ്ട് കഴുകി ശുദ്ധീകരിച്ചാൽ, കാഴ്ചകൾ ക്രിസ്തുവിന്റെ കണ്ണിലൂടെയാകും. ആർഷഭാരതസംസ്കാരം ശാരീരികവും മാനസികവുമായ ശുദ്ധീകരണത്തിൽ ജലത്തിനുള്ള പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. പൂജാപാത്രങ്ങൾ കഴുകുന്നതും, മൂർത്തിയെ കഴുകി ശുദ്ധീകരിക്കുന്നതും ജലം കൊണ്ടാണ്. പൂർണ്ണകുംഭത്തിലും കലശത്തിലും തർപ്പണത്തിലും സന്ധ്യാവന്ദനത്തിലും ജലം പ്രധാനപ്പെട്ടതാണ്. തീർത്ഥം തലയിൽ ഒഴിക്കുകയും, കുടിക്കുകയും ചെയ്യുന്നത് അകവും പുറവും ഒരുപോലെ ശുദ്ധിയാക്കുന്ന ജലത്തിന്റെ ശുദ്ധീകരണ ഭാവമാണ് കാണിക്കുന്നത്.

ക്രിസ്തീയവേദം കുറേക്കൂടെ ഉയർന്ന തലത്തിലേക്ക് ശുദ്ധീകരണത്തെ ചിത്രീകരിക്കുന്നുണ്ട്. ജീവജലമാകുന്ന ക്രിസ്തുവിന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്നതായി വേദം പഠിപ്പിക്കുന്നു **"അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും. അവിടുത്തെ പുത്രനായ യേശുവിൻെറ രക്തം എല്ലാ പാപങ്ങളിലും നിന്നു നമ്മെ ശുദ്ധീകരിക്കുന്നു"** (1 യോഹ.1:7). ദൈവാലയ ശുദ്ധീ

BETHANY PUBLICATIONS www.malankaralibrary.com



കരണവും, കുഷ്ഠരോഗിയെ ശുദ്ധനാക്കുന്നതും ഒക്കെ ജീവജലമായ ക്രിസ്തുവിന്റെ ശുദ്ധീകരണ സ്വഭാവമാണ്. ക്രിസ്തുവിന്റെ ശുദ്ധീകരണ സ്വഭാവം എന്റെ ഉള്ളിന്റെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങണം; ഞാൻ ശുദ്ധിയുള്ളവനാണോ, എന്റെ അടുത്തു വരുന്നവർ ശുദ്ധിയുള്ള വരാകുന്നുണ്ടോ? ദൈവാലയങ്ങൾ ശുദ്ധിയുള്ളതായി ഞാൻ കാത്തു സൂക്ഷിക്കുന്നുണ്ടോ? തകർത്തെറിയപ്പെടുന്ന ബാല്യങ്ങളും, വിലപിക്കുന്ന സ്ത്രീകളും എന്റെ ശുദ്ധിയുടെ അളവുകോലിന്റെ ധാർമ്മികതയെ ചോദ്യം ചെയ്യുന്നുണ്ട്.

നാഥാൻ പ്രവാചകന്റെ വിരൽചൂണ്ടലിൽ നിർന്നിമേഷനായി നിന്നുപോയ ദാവീദ്‌രാജാവ് തന്റെ എല്ലാ പാപങ്ങൾക്കും അതിക്രമ ങ്ങൾക്കും തമ്പുരാന്റെ മുമ്പിൽ മാപ്പപേക്ഷിക്കുന്നത് ഇപ്രകാരമാണ്. **"ഹിസോപ്പു കൊണ്ട് എന്നെ പവിത്രീകരിക്കണമേ! ഞാൻ നിർമലനാകും; എന്നെ കഴുകണമേ! ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും"** (സങ്കീ. 51:7). ക്രിസ്തുവിന്റെ സക്രാരിയുടെ മുമ്പിൽ മിഴിനീരുമായി നില്ക്കുവാനുള്ള ക്ഷണമാണ് ദാവീദു രാജാവിന്റെ പ്രാർത്ഥന. ഈ ലോകത്തിന്റെ മലിനതകളിൽ നിന്ന് എന്നെ ശുദ്ധിയുള്ളവനാക്കണമെന്ന്, ജീവജലത്തിന്റെ ഉറവയോട് പ്രാർത്ഥിക്കാം. ജീവജലത്തിന്റെ ഉറവ എന്നിൽ വന്നു നിറഞ്ഞാൽ എന്നെ തൊടുന്നവരും ഞാൻ തൊടുന്നവരും ശുദ്ധിയുള്ളവരായി തീരും. അങ്ങനെ ശുദ്ധിയുള്ള മനുഷ്യർ നിറഞ്ഞ ദൈവത്തിന്റെ രാജ്യം ഭൂമിയിൽ വരണമേ എന്ന് പ്രാർത്ഥിക്കാം.

**4. ജലം ജീവനാണ്:** എല്ലാ സംസ്കാരങ്ങളും ഉറവയെടുത്തത് നദീതീരങ്ങളിലാണ്. ജീവന്റെ ഉറവയിൽ നിന്നാണ് മനുഷ്യ ജീവിതങ്ങൾ യാത്ര ആരംഭിച്ചത്. ചാന്ദോഗ്യ ഉപനിഷത്ത് പറയുന്നു, മനുഷ്യന്റെ ഉറവിടം ജലമാണെന്ന് (ചാന്ദോഗ്യ 7). ജലം മഴയായി, അന്നമായി, മനുഷ്യനായി മാറുന്ന ജീവന്റെ ചക്രം. ഋഗ്വേദം പറയുന്നു, വിരാട് പുരുഷന്റെ അധിവാസം ജലത്തിലാണ് അതുകൊണ്ട് ഭൂമിയുടെ തന്നെ അസ്തിത്വം ജലത്തെ ആശ്രയിച്ചാണ് എന്ന്. ഒഴുകിയെത്തുന്ന സ്ഥലങ്ങളിൽ എല്ലാം സമൃദ്ധിയുടെ പച്ചപ്പ് നിറയ്ക്കുന്നതാണ് ജലം. മരുഭൂമിയുടെ ഊഷരതയും മലനാടിന്റെ സമൃദ്ധിയും ജലത്തിന്റെ ജീവനെ കാട്ടിത്തരുന്നതാണ്.

ബൈബിൾ നിറയെ ജീവന്റെ നീർച്ചാലാണ്. എവിടെയും ജീവന്റെ വർണ്ണനകൾ മാത്രം. മരുഭൂമിയിൽ പോലും ജീവനായി പ്രത്യക്ഷ

BETHANY PUBLICATIONS www.malankaralibrary.com



പ്പെടുന്ന ജലം ബൈബിളിന്റെ നിറച്ചാർത്താർന്ന കാഴ്ചകളാണ്. **"മോശ കൈയുയർത്തി പാറയിൽ രണ്ടു പ്രാവശ്യം വടികൊണ്ടടിച്ചു. ധാരാളം ജലം പ്രവഹിച്ചു; മനുഷ്യരും മൃഗങ്ങളും അതിൽനിന്നു കുടിച്ചു"** (സംഖ്യ 20:11). മരുഭൂമിയിൽ ജലം കിട്ടാതെ മനുഷ്യർ മരിച്ചു വീണപ്പോൾ പാറയിൽ നിന്നും ജീവൻ ഒഴുകിയിറങ്ങുന്നു. മരുഭൂമിയിൽ വീണ്ടും ജീവന്റെ ഉറവയെടുക്കൽ ഹാഗാറിന്റെ ജീവിതത്തിലൂടെ വേദം കാണിച്ചു തരുന്നു **"ദൈവം അവളുടെ കണ്ണുതുറന്നു. അവൾ ഒരു കിണർ കണ്ടു. അവൾ ചെന്ന് തുകൽ സഞ്ചി നിറച്ച്, കുട്ടിക്കു കുടിക്കാൻ കൊടുത്തു"** (ഉല്പത്തി 21:19). ഒരു കുഞ്ഞിന്റെ കരച്ചിലിൽ ജീവൻ ജലമായി ഒഴുകിയെത്തുന്ന കാഴ്ച.

എന്നിലേക്ക് എന്നെങ്കിലും ഈ ജീവൻ ഒഴുകിയെത്തിയിട്ടുണ്ടോ എന്നുള്ളത് എന്നോടുള്ള ചോദ്യമാണ്. ജീവന്റെ ജലം കുടിച്ചവർക്കു മാത്രം മനസ്സിലാകുന്ന ജീവന്റെ സമൃദ്ധി. അവർക്കു മാത്രമേ ഈ ജീവനെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ സാധിക്കൂ. ഉറവയിലേക്ക് തിരികെ പോകാൻ ശ്രമിക്കാം. ഉറവകൾ അടഞ്ഞാൽ ജലത്തിന്റെ പ്രവാഹം നിലയ്ക്കും. ജലം ഇല്ലാതായാൽ മരണമാണ് മുന്നിൽ. ജീവജലത്തിന്റെ ഉറവയിൽ നിന്നും എന്നിലേക്കുള്ള ഒഴുക്ക് തടയരുതേ തമ്പുരാനേ എന്ന് മിഴികൾ പൂട്ടി പ്രാർത്ഥിക്കാം.

**ജീവജലത്തിന്റെ ഉറവ:** ജലത്തെക്കുറിച്ചാണ് നാം ധ്യാനിച്ചത്. ശരിക്കും ഉറവകൾ എവിടെയാണ് തുറക്കപ്പെടുന്നത്? മിഴികൾ നനയുന്ന കാഴ്ചയാണ് കുരിശിൽ ചങ്കുതുറന്ന ക്രിസ്തുവിന്റെ രൂപം; അവിടെ നിന്നാണ് ജീവജലത്തിന്റെ ഉറവകൾ പൊട്ടി ഒഴുകുന്നത്. ബൈബിൾ മുഴുവനും ഒരൊറ്റ ക്ഷണം മാത്രമേ കാണുവാനുള്ളൂ, ഈ ഉറവയിൽ നിന്നും ആവോളം കുടിക്കുവാനുള്ള തമ്പുരാന്റെ ക്ഷണം; ഏശയ്യാ പ്രവാചകനിലൂടെ ഈ ക്ഷണം നമുക്ക് കേൾക്കാം **"ദാഹാർത്തരേ, ജലാശയത്തിലേക്കു വരുവിൻ. നിർധനൻ വന്നു വാങ്ങി ഭക്ഷിക്കട്ടെ! വീഞ്ഞും പാലും സൗജന്യമായി വാങ്ങിക്കൊള്ളുക."** (ഏശയ്യ 55:1). ജീവന്റെ ഉറവയിലേക്കുള്ള ക്ഷണമാണ്. പുതിയ നിയമത്തിൽ വീണ്ടും ആ ക്ഷണം ആവർത്തിക്കുന്നത്. **"തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ"** (യോഹ.7:37). ഒരിക്കൽ കൂടി ഈ ക്ഷണം വിളംബരം ചെയ്തതുകൊണ്ട് ബൈബിൾ അവസാനിപ്പിക്കുകയാണ്. **"ആത്മാവും മണവാട്ടിയും പറയുന്നു: വരുക. കേൾക്കുന്നവൻ പറയട്ടെ: വരുക.**

BETHANY PUBLICATIONS www.malankaralibrary.com



**ദാഹിക്കുന്നവൻ വരട്ടെ. ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കട്ടെ"** (വെളി 22:17).

ആദിമുതൽ അവസാനം വരെ ഒരേയൊരു മന്ത്രണം, ജീവജലത്തിന്റെ ഉറവയിലേക്ക് കടന്നുവരാനുള്ള ക്ഷണം, കുരിശിൽ തന്റെ ചങ്കുതുറന്ന് ആ ഉറവ ലോകത്തിനു മുഴുവനും വേണ്ടി ജീവജലം ഒഴുക്കി തന്നു. കോറിന്തോസുകാർക്ക് എഴുതുമ്പോൾ നാം ഇതുവരേയും പറഞ്ഞ ആ ജീവജലം ക്രിസ്തുവാണെന്ന് പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു. **"എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു. തങ്ങളെ അനുഗമിച്ച ആത്മീയശിലയിൽ നിന്നാണ് അവർ പാനം ചെയ്തത്. ആ ശില ക്രിസ്തുവാണ്"** (1 കോറി 10:4).

ദാഹാർത്തൻ തന്റെ ദാഹശമനി ഏതാണെന്ന് അറിയാതെ പോകുന്നതാണ് കാലഘട്ടത്തിന്റെ സങ്കടം. ദാഹശമനിയായി പണത്തെയും, പ്രശസ്തിയേയും, വിജയങ്ങളേയും അധാർമ്മികതയിലൂടെയുള്ള യാത്രയേയും തെറ്റിദ്ധരിക്കാറുണ്ട്. യഥാർത്ഥമായ ജീവജലത്തെ പരിത്യജിച്ചു കളയുന്നതാണ് ക്രിസ്തുവിന്റെ സങ്കടം. ജീവജലത്തിന്റെ ഉറവയായ എന്നെ തിരസ്കരിച്ച് പൊട്ടക്കിണറുകളെ നിങ്ങൾ തേടുന്നു എന്നൊക്കെയുള്ളത് ദൈവത്തിന് എന്നോടുള്ള പരാതിയാണ്. ദൈവത്തിനുവേണ്ടിയല്ലാത്ത ദാഹമാണ് എല്ലാ പാപത്തിന്റെയും നാരായവേരെന്ന് ദൈവശാസ്ത്രജ്ഞനായ J. C. Ryle പറയുന്നു (Expository thoughts on the Gospels). ക്രിസ്തു എന്ന ദാഹശമനി ആവോളം നുകർന്ന ജോർജ്ജ് മുള്ളറുടെ കഥകൾ നമ്മെ മത്തുപിടിപ്പിക്കേണ്ടതാണ് (A.T. Pierson, George Muller of Bristol, P.257).

എന്റെ ഉള്ളിലുള്ള ജീവജലത്തിന്റെ ആഴം അളന്നു നോക്കാം, ആഴം കുറയുന്നുവെങ്കിൽ എന്നിലേക്ക് ഒഴുകി നിറയണമേ എന്ന് ജീവജലത്തിന്റെ ഉറവയോട് പ്രാർത്ഥിക്കാം. ജീവിതകാലം മുഴുവനും ഈ ഉറവയിൽ നിന്നും എന്റെ മൺകുടം നിറയെ ജീവജലം ശേഖരിച്ചു വയ്ക്കാം. മരങ്ങളും മൃഗങ്ങളും പക്ഷികളും മനുഷ്യനും ഈ മൺകുടത്തിൽ നിന്ന് ജീവന്റെ ജലം കുടിക്കുവാൻ തക്ക നിറവ് തരണമേ എന്ന് പ്രാർത്ഥിക്കാം.

BETHANY PUBLICATIONS www.malankaralibrary.com

# 3. അഗ്നി



ഭൂമിയിൽ തീയായും, അന്തരീക്ഷത്തിൽ ഇടിമിന്നലായും
ആകാശത്തിൽ സൂര്യനായും അഗ്നി പ്രത്യക്ഷപ്പെടുന്നു.

**''ഇതാണ് ഞങ്ങൾ അവനിൽ നിന്നു കേൾക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്ന സന്ദേശം: ദൈവം പ്രകാശമാണ്''** (1 യോഹ 1:5).

എല്ലാ വേദങ്ങളും ദൈവത്തെ അഗ്നിയോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. മനുഷ്യജീവിതത്തിൽ അത്രമാത്രം പ്രധാനപ്പെട്ടതാണ് അഗ്നി. ബൈബിളിൽ ദഹിപ്പിക്കുന്ന അഗ്നിയോട് ദൈവത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു. **"കാരണം, നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നി**

BETHANY PUBLICATIONS www.malankaralibrary.com



**യാണ്"** (ഹെബ്രാ 12:29). വേദകാലഘട്ടത്തിൽ അഗ്നിയെ തീയുടെ ദേവനായി ഇന്ത്യൻ വേദസാഹിത്യം പരിചയപ്പെടുത്തുന്നു. ദേവന്മാരുടെ വായ (mouth) ആയി അഗ്നിയെ ചിത്രീകരിക്കാറുണ്ട്. ഹോമദ്രവ്യങ്ങൾ ദേവന്മാരിൽ എത്തിക്കുന്നത് അഗ്നിയാണ്. ഭൂമിയിൽ തീയായും, അന്തരീക്ഷത്തിൽ ഇടിമിന്നലായും ആകാശത്തിൽ സൂര്യനായും അഗ്നി പ്രത്യക്ഷപ്പെടുന്നു.

ആർഷഭാരത സംസ്കാരത്തിൽ അഗ്നിസാക്ഷിയായാണ് എല്ലാ ചടങ്ങുകളും ആരംഭിക്കുന്നത്. വിവാഹത്തിലെ അഗ്നിപ്രദക്ഷിണ ത്തിലും ആരതിയിലും ദീപാവലിയിലുമെല്ലാം അഗ്നിയുടെ ഒഴിച്ചു കൂടാനാവാത്ത സാന്നിദ്ധ്യമാണ് കാണുന്നത്. അഗ്നിക്ക് സൃഷ്ടിയു ടേയും സംഹാരത്തിന്റേയുമായ രണ്ടു മുഖങ്ങൾ കാണുവാൻ സാധിക്കും. ദഹിപ്പിക്കുന്ന അഗ്നിയായും ഇസ്രായേൽ മക്കൾക്ക് സംരക്ഷണമായി മരുഭൂമിയിൽ കൂട്ടുപോകുന്ന അഗ്നിയായും ബൈബിളിൽ അഗ്നിയെ കാണാം. പാചകത്തിന് തീയായും, ഭക്ഷണത്തെ ദഹിപ്പിക്കുന്ന ജഠരാഗ്നിയായും യാഗാഗ്നിയായും ശവങ്ങൾ ദഹിപ്പിക്കുന്ന തീയായും, ഒക്കെ അഗ്നിയെ നാം മനസിലാക്കുന്നു. മുണ്ഡകോപനിഷത്തിൽ അഗ്നിയുടെ ഏഴുനാവുകളെകുറിച്ചും പരാമർശമുണ്ട്. കാലി, കരാലി, മനോജവ, സുലോഹിത, സുധൂമ്രവർണ്ണ, സ്ഫുലിംഗിനി, വിശ്വരുചി (മുണ്ഡക 2:4).

ഉഷ്ണസ്പർശത്തെ ഉണ്ടാക്കുന്നതാണ് അഗ്നി, പരമാണു രൂപ ത്തിൽ നിത്യവും കാര്യരൂപത്തിൽ അനിത്വവുമാണ്. രൂപ ഗ്രാഹിയായ കണ്ണാണ് അഗ്നിയുടെ ഇന്ദ്രിയം, അഗ്നിയുടെ വിഷയഭാവം നാലു തരത്തിലുണ്ട്.

ഭൗമം : സാധാരണ നാം കാണുന്ന അഗ്നി

ദിവ്യം : മിന്നൽ മുതലായവയാണ്

ഔദര്യം : വിശക്കുന്നവന്റെ ഉള്ളിൽ തീയെരിയുന്നതായി അനുഭവ മാക്കുന്നത്

ആകരജം : സുവർണ്ണാദിയാണ് ഭൂഗർഭത്തിനുള്ളിലെ അത്യുക്ഷ്ണ ത്തിൽ നിന്നുണ്ടാകുന്നത്

**1. ദൈവസാന്നിധ്യമാണ് അഗ്നി:** ബൈബിളിൽ ഉടനീളം അഗ്നി ദൈവ ത്തിന്റെ പ്രതീകമാണ്. പഞ്ചഭൂതത്തിലെ അഗ്നി, എപ്പോഴും എന്നോ ടൊപ്പം ആയിരിക്കുന്ന ദൈവസാന്നിദ്ധ്യ ബോധത്തെ ഉണർത്തുന്ന

BETHANY PUBLICATIONS www.malankaralibrary.com



താണ്. എന്റെ ഓരോ പ്രവർത്തിയും അഗ്നിയാകുന്ന ദൈവത്താൽ സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്നുള്ളത് ബോദ്ധ്യങ്ങളെ ഉണർത്തേണ്ട താണ്. അബ്രഹാമിനോട് ഉടമ്പടി ചെയ്യുന്ന അഗ്നി സദൃശ്യൻ ഉൽപ്പത്തി പുസ്തകത്തിന്റെ പ്രത്യേകതയാണ്. **"സൂര്യൻ അസ്തമിച്ച് അന്ധകാരം വ്യാപിച്ചപ്പോൾ പുകയുന്ന ഒരു തീച്ചൂള കാണാറായി. ജ്വലിക്കുന്ന ഒരു തീനാളം പിളർന്നിട്ടിരുന്ന കഷണങ്ങളുടെ നടുവിലൂടെ കടന്നുപോയി"** (ഉല്പത്തി 15:17). എന്റെ എല്ലാ ഉടമ്പടി കൾക്കും സാക്ഷിയായി എന്നെ ബലപ്പെടുത്തിക്കൊണ്ട് ഈ തമ്പുരാൻ എന്റെ ചാരത്തുണ്ട്. ഇത് ബലപ്പെടുത്തലും ഓർമ്മപ്പെടുത്തലുമാണ്. തമ്പുരാൻ എന്റെ ചാരത്ത് സദാ ഉണ്ടെന്നുള്ളത് ബലമാണ്. ഇത് ഞാൻ എടുത്ത എല്ലാ ഉടമ്പടികളും ആത്മാർത്ഥമായി ചെയ്തുതീർക്കേണ്ട താണ് എന്ന ഓർമ്മപ്പെടുത്തലും ആണ്.

ദൈവത്തിന്റെ മലയായ ഹോറെബിലും അഗ്നിയിൽ പ്രത്യക്ഷ പ്പെടുന്ന ദൈവസാന്നിദ്ധ്യം കാണാം. (പുറ 3:2) എന്നെ എരിച്ചു ചാമ്പ ലാക്കാത്ത എന്നോടൊപ്പമുള്ള ദൈവസാന്നിദ്ധ്യം. ഇസ്രായേൽ മക്ക ൾക്ക് തുണ പോകുന്ന അഗ്നിത്തൂണായ ദൈവസാന്നിദ്ധ്യത്തെ പുറപ്പാടു പുസ്തകത്തിൽ വീണ്ടും കാണാം **"അവർക്കു രാവും പകലും യാത്ര ചെയ്യാനാവുംവിധം പകൽ വഴികാട്ടാൻ ഒരു മേഘസ്തംഭത്തിലും, രാത്രിയിൽ പ്രകാശം നല്കാൻ ഒരു അഗ്നിസ്തംഭത്തിലും കർത്താവ് അവർക്കു മുൻപേ പോയിരുന്നു"** (പുറ.13:21). എന്നെ വിട്ടുമാറാതെ കൂടെ നടക്കുന്ന അഗ്നിരൂപനായ ദൈവം.

പുതിയ നിയമത്തിലേക്ക് വരുമ്പോൾ പരിശുദ്ധാത്മാവ് അഗ്നി യുടെ രൂപത്തിൽ ശിഷ്യന്മാരിലേക്ക് കടന്നു വരുന്നത് കാണുവാൻ സാധിക്കും. **"കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു"** (അപ്പ.പ്ര.2:2-3). ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം തന്റെ പാത പിൻതുടരുന്നവർക്ക് സഹായകനായി അയച്ചു കൊടുക്കു ന്നതാണ് പരിശുദ്ധാത്മാവിനെ. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ എന്റെ ശരീരത്തിലെ അഗ്നി എന്നെ നിരന്തരം ഓർമ്മപ്പെടുത്തുന്നു, എന്നിൽ ദൈവസാന്നിദ്ധ്യം നിറഞ്ഞിരിക്കുന്നു. ഇനിയും എന്നിൽ ജീവിക്കേ ണ്ടത് ആ ദൈവമാണ്. പൗലോസ് ശ്ലീഹാ അത് ഇങ്ങനെ ഓർമ്മപ്പെ ടുത്തും. **"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.**

BETHANY PUBLICATIONS www.malankaralibrary.com



**ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കു ന്നത്"** (ഗലാ 2:20).

**2. അഗ്നി ദൈവത്തിന്റെ അംഗീകാരമാണ്:** അഗ്നിയിലൂടെ പലപ്പോഴും ദൈവം തന്റെ അംഗീകാരം രേഖപ്പെടുത്തുന്നത് ബൈബിളിൽ കാണുവാൻ സാധിക്കും. അഹറോന്റെ പാപപരിഹാരബലി സ്വീകരിച്ച തിലൂടെ ഇസ്രായേൽ ജനത്തെ മുഴുവനും സ്വീകരിച്ച ദൈവത്തിന്റെ അംഗീകാരമാണ് കാണുവാൻ സാധിക്കുന്നത്. **"കർത്താവിൻെറ സന്നിധിയിൽനിന്ന് അഗ്നി പുറപ്പെട്ട് ബലിപീഠത്തിലിരുന്ന ദഹനബലിയും മേദസും ദഹിപ്പിച്ചു. ഇതു കണ്ടപ്പോൾ ജനമെല്ലാം ആർത്തുവിളിച്ച് സാഷ്ടാംഗം വീണു"** (ലേവ്യർ 9:24). ഗിദയോന് അഗ്നിയിലൂടെ അംഗീകാരം കൊടുക്കുന്ന സംഭവം ന്യായാധിപന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **"അപ്പോൾ കർത്താവിൻെറ ദൂതൻ കൈയിലിരുന്ന വടിയുടെ അഗ്രംകൊണ്ട് ഇറച്ചിയും പുളിപ്പില്ലാത്ത അപ്പവും തൊട്ടു. പാറയിൽനിന്ന് തീ ഉയർന്ന് മാംസവും അപ്പവും ദഹിപ്പിച്ചു. ദൂതൻ അവന്റെ ദൃഷ്ടിയിൽനിന്നു മറഞ്ഞു"** (ന്യായാ 6:21). പഴയ നിയമ കാലഘട്ടത്തിന്റെ അഗ്നിയാണ് ഏലിയ. ഏലിയായുടെ പ്രവർത്തികൾക്കും അഗ്നിയിലൂടെ അംഗീകാരം കൊടുക്കുന്ന ദൈവത്തെ ബൈബിളിൽ നമുക്ക് കാണാം. **"ഉടനെ കർത്താവിൽ നിന്ന് അഗ്നി ഇറങ്ങി ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കുകയും ചാലിലെ വെള്ളം വറ്റിക്കുകയും ചെയ്തു"** (1 രാജാ 18:38).

എന്റെ പ്രവർത്തികളുടെ നന്മതിന്മകളെ വേർതിരിച്ച് നന്മക്ക് അംഗീകാരം നല്കുന്ന അഗ്നിയെ, കോറിന്തോസുകാർക്ക് എഴുതു മ്പോൾ പൗലോസ് ശ്ലീഹാ വിവരിക്കുന്നുണ്ട്. **"ഈ അടിസ്ഥാനത്തിൻ മേൽ ആരെങ്കിലും സ്വർണമോ വെള്ളിയോ രത്നങ്ങളോ തടിയോ പുല്ലോ വയ്ക്കോലോ ഉപയോഗിച്ചു പണിതാലും ഓരോരുത്തരു ടെയും പണി പരസ്യമാകും. കർത്താവിന്റെ ദിനത്തിൽ അതു വിളം ബരം ചെയ്യും. അഗ്നിയാൽ അതു വെളിവാക്കപ്പെടും. ഓരോരുത്തരു ടെയും പണി ഏതു തരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും"** (1 കോറി 3:12-14).

എന്റെ ശരീരത്തിലെ അഗ്നി എന്റെ പ്രവർത്തികൾക്ക് അംഗീ കാരം തരുന്ന ദൈവസാന്നിദ്ധ്യബോധമാണ്. അത് ഓർമ്മപ്പെടു ത്തലാണ് ദൈവത്തിനു സ്വീകാര്യമായതുമാത്രം പ്രവർത്തിക്കേണ്ട

BETHANY PUBLICATIONS www.malankaralibrary.com



വനാണ് ഞാൻ എന്ന്. എന്നിട്ടും എന്തേ ഞാൻ ശീതവാനായി പ്പോകുന്നു. എന്റെ ഉള്ളിലെ അഗ്നി കരിന്തിരി കത്തുന്നു. എന്റെ വഴികൾ അഗ്നിയിൽ നിന്നും അകന്നു മാറി പോകുന്നു. കത്തുന്ന അഗ്നിയോടു പ്രാർത്ഥിക്കാം - എന്നിലേക്ക് വന്നു നിറയണമേ, എന്നെ ലോകത്തിനു മുഴുവനും പ്രകാശം കൊടുക്കുന്നവനാക്കി തീർക്കണമേ എന്ന്.

**3. അഗ്നി ന്യായവിധിയുടെ പ്രതീകമാണ്:** സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ വേറൊരു മുഖം അഗ്നിയിൽ കാണുവാൻ സാധിക്കും. തമ്പുരാന്റെ വഴി തേടുന്നവർക്ക് സംരക്ഷണത്തിന്റെ കവചമായി മരുഭൂമിയിൽ അഗ്നിത്തൂണായിരുന്ന അഗ്നി, സോദോം ഗൊമോറയിൽ സംഹാരാഗ്നിയായി നിറയുന്നത് കാണാം. **"കർത്താവ് ആകാശത്തിൽ നിന്നു സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു"** (ഉല്പത്തി 19:24). എത്ര ഉന്നതനായാലും ന്യായവിധിയുടെ അഗ്നി സംഹാരം നടത്തുമെന്ന് അഹറോന്റെ പുത്രന്മാരുടെ മരണം നമ്മെ പഠിപ്പിക്കുന്നു. **"അതിനാൽ, കർത്താവിൻെറ സന്നിധിയിൽ നിന്ന് അഗ്നി ഇറങ്ങിവന്ന് അവരെ വിഴുങ്ങി. അവർ അവിടുത്തെ മുൻപിൽവച്ചു മരിച്ചു"** (ലേവ്യർ 10:2).

എന്റെ ശരീരത്തിലെ അഗ്നി എന്നെ ഓർമ്മപ്പെടുത്തണം. ഞാൻ എത്ര ഉന്നതനായാലും ന്യായവിധി ദിവസം തമ്പുരാന്റെ മുമ്പിൽ നില്ക്കേണ്ടവനാണ് എന്ന്. ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്ന തൊക്കെയും എനിക്കാണ് ചെയ്യുന്നത് എന്ന ക്രിസ്തുവചനവും വ്യത്യ സ്തമല്ല. തിന്മയാണ് ചെയ്യുന്നതെങ്കിൽ അത് ദൈവത്തിനെതിരായ തിന്മയായി കണക്കാക്കപ്പെടും. സഹോദരനെ വിഡ്ഢി എന്ന് വിളിക്കു ന്നവൻ അഗ്നി നരകത്തിന് യോഗ്യനെന്ന പഠിപ്പിക്കൽ അഗ്നിയുടെ ന്യായവിധിയെ ഓർമ്മപ്പെടുത്തുന്നതാണ്.

സംഖ്യാ പുസ്തകത്തിൽ ജനങ്ങളെ അഗ്നി വിഴുങ്ങുന്നത് കാണു വാൻ സാധിക്കും. **"കർത്താവിന് അനിഷ്ടമാകത്തക്കവിധം ജനം പിറുപിറുത്തു. അതു കേട്ടപ്പോൾ കർത്താവിൻെറ കോപം ജ്വലിച്ചു. അവിടുത്തെ അഗ്നി അവരുടെയിടയിൽ പടർന്നു കത്തി. അതു പാള യത്തിൻെറ ചില ഭാഗങ്ങൾ ദഹിപ്പിച്ചുകളഞ്ഞു." "കർത്താവിൽനിന്ന് അഗ്നിയിറങ്ങി ധൂപാർച്ചന നടത്തിക്കൊണ്ടിരുന്ന ഇരുനൂറ്റിയമ്പതു പേരെയും ദഹിപ്പിച്ചുകളഞ്ഞു"** (സംഖ്യ 11:1, 16:35). അഗ്നിയാകുന്ന ദൈവത്തിന്റെ മുമ്പിൽ ദഹിപ്പിക്കപ്പെടുന്ന കാര്യങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടാകരുതെന്ന് അഗ്നി സാമീപ്യം ഓർമ്മപ്പെടുത്തുന്നു.

BETHANY PUBLICATIONS www.malankaralibrary.com



പ്രകാശത്തിന്റെ പൂർണതയായിട്ടാണ് യോഹന്നാൻ ശ്ലീഹാ ദൈവത്തെ അവതരിപ്പിക്കുന്നത്. **"ദൈവത്തിൽ അന്ധകാരമില്ല. അവിടുത്തോടു കൂട്ടായ്മയുണ്ടെന്നു പറയുകയും അതേ സമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജം പറയുന്നവരാകും; സത്യം പ്രവർത്തിക്കുന്നുമില്ല"** (1 യോഹ.1:6). ഇരുട്ടിന്റെ അംശം പോലുമില്ലാത്ത ഒരു ജീവിതം എന്നിൽ നിന്നും പ്രകാശത്തിന്റെ പൂർണതയായ ക്രിസ്തു പ്രതീക്ഷിക്കുന്നുണ്ട്, അഗ്നിയുടെ അംശം നമ്മിൽ സന്നിവേശിപ്പിച്ചുകൊണ്ട്, അത് ജീവിച്ചു കാണിക്കാൻ ക്രിസ്തു നമ്മെ ക്ഷണിക്കുകയാണ്.

എപ്പോഴൊക്കെയാണ് എനിക്ക് ഈ അഗ്നിയുടെ സാമീപ്യം ആവശ്യമായിരിക്കുന്നത്.

**തണുപ്പുള്ളപ്പോൾ:** ഇസ്രായേൽ മക്കളുടെ ഹൃദയം ജ്വലിക്കുന്ന അഗ്നിയായ ദൈവത്തെ ഉപേക്ഷിച്ചപ്പോൾ ഏലിയായിലൂടെ അഗ്നിയുടെ പ്രത്യക്ഷപ്പെടൽ **"ഉടനെ കർത്താവിൽ നിന്ന് അഗ്നി ഇറങ്ങി ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കുകയും ചാലിലെ വെള്ളം വറ്റിക്കുകയും ചെയ്തു"** (1 രാജാ 18:38). ബലിവസ്തുവും കല്ലും മണ്ണും, ചാലിലെ വെള്ളവും വറ്റിക്കത്തക്ക അഗ്നിയുടെ പ്രളയം. എന്റെ ഹൃദയം അഗ്നിയില്ലാതെ തണുത്തു പോകുമ്പോൾ എന്നിലേക്ക് അഗ്നി വർഷിക്കപ്പെടും, അതു ചിലപ്പോൾ ചാലിലെ വെള്ളം പോലും വറ്റിക്കത്തക്കതായിരിക്കും; കർത്താവിന്റെ അഗ്നിപ്രളയത്തിനു മുമ്പേ തമ്പുരാന്റെ തിരുസന്നിധിയിലേക്ക് നമുക്ക് തിരികെ നടക്കാം.

**ഇരുട്ടുള്ളപ്പോൾ:** ഈജിപ്തിൽ മൂന്നു ദിവസത്തേക്ക് കൂരിരുട്ട് വ്യാപിച്ചപ്പോൾ തമ്പുരാൻ പ്രകാശമായി തന്റെ മക്കളുടെ കൂടാരത്തിൽ **"അവർക്കു പരസ്പരം കാണാനോ യഥേഷ്ടം നീങ്ങാനോ സാധിച്ചില്ല. എന്നാൽ, ഇസ്രായേൽക്കാരുടെ വാസസ്ഥലങ്ങളിൽ വെളിച്ചമുണ്ടായിരുന്നു"** (പുറ.10:23). മുന്നോട്ടു പോകാൻ യാതൊരു വഴിയും കാണാതെ അലയുന്ന എന്റെ മുമ്പിൽ അഗ്നിരൂപനായ തമ്പുരാൻ വെളിച്ചമായി നില്ക്കുന്നു എന്ന ഓർമ്മപ്പെടുത്തൽ. ഞാൻ മറ്റുള്ളവർക്ക് പ്രകാശമായി, വഴിയായി, വഴികാട്ടിയായി മാറേണ്ടവനാണെന്ന ബോദ്ധ്യങ്ങൾ ഉണർത്തുന്നതുമാണ് അഗ്നിസാന്നിദ്ധ്യം.

**വഴിതെറ്റിപോകുമ്പോൾ:** വിളക്കുമാടങ്ങൾ (light house) നമ്മെ വെളിച്ചത്തിന്റെ വലിയ ദൗത്യം ഓർമ്മിപ്പിക്കുന്നുണ്ട്. അലച്ചിലുകൾക്കൊടുവിൽ തീരം തേടുന്നവർക്ക് വഴികാട്ടിയാണ് വിളക്കുമാടങ്ങളിൽ

BETHANY PUBLICATIONS www.malankaralibrary.com



തെളിയുന്ന അഗ്നി. ധൂർത്തപുത്രന്റെ ഉപമയിലൊക്കെ കാണുന്ന പിതാവ്, വഴി തെറ്റിയവർക്ക് വഴി കാട്ടുന്ന, അഗ്നിയുമായി കാത്തിരിക്കുന്ന വെളിച്ചത്തിന്റെ നിറകുടങ്ങളാണ്. വഴി തെറ്റിപ്പോകാതെയും, മറ്റുള്ളവർ വഴിതെറ്റാതെയും കണ്ണിമ വെട്ടാതെ കാവൽ നിൽക്കാം.

അഗ്നിയുടെ പല ഭാവങ്ങൾ കാണുകയായിരുന്നു നാം, ഈ അഗ്നി എങ്ങനെയാണ് എന്റെ ജീവിതത്തിനു കൂട്ടുവരുന്നത്. എവിടെ നിന്നൊക്കെ എനിക്ക് ഈ അഗ്നിയെ ആവാഹിച്ചെടുക്കുവാൻ സാധിക്കും.

**പ്രാർത്ഥനയിൽ:** പ്രാർത്ഥനയിലൂടെ അഗ്നിയായ ദൈവത്തെ നമ്മുടെ ഉള്ളിലേക്ക് സ്വീകരിക്കാൻ സാധിക്കും. **"പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തു നിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു."** (അപ്പോ.പ്ര.2:1–3). ഒന്നിച്ചുകൂടി പ്രാർത്ഥിക്കുമ്പോൾ അഗ്നിയുടെ കവിഞ്ഞൊഴുക്ക്, പ്രാർത്ഥിക്കുമ്പോൾ മുറിയിൽ കടന്ന് കതകടച്ച് പ്രാർത്ഥിക്കണം എന്നൊക്കെ ക്രിസ്തു പറഞ്ഞു പഠിപ്പിച്ചത്, ഏകാഗ്രതയിൽ ഈ അഗ്നിയെ ഉള്ളിലേക്ക് ആവാഹിച്ചെടുക്കാനാണ്.

**വചനത്തിൽ:** ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെയായിരുന്നു, വചനം ദൈവമായിരുന്നു എന്നൊക്കെ യോഹന്നാൻ ശ്ലീഹാ പഠിപ്പിക്കുന്നത് അഗ്നിയായ ദൈവം തന്നെയാണ് വചനമായി അവതരിച്ചത് എന്ന് നമ്മെ ബോദ്ധ്യപ്പെടുത്താനാണ്. വചനം അഗ്നിയാണ് അത് ഇരുവായ്ത്തലയുള്ള വാൾ പോലെയാണ് എന്ന് പൗലോസ് ശ്ലീഹായും പറഞ്ഞുവെയ്ക്കുന്നു. **"ദൈവത്തിൻെറ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്"** (ഹെബ്രാ 4:12). ഈ അഗ്നിയെ സ്വന്തമാക്കുന്നവൻ സ്വയം അഗ്നിയായി മാറും. ജെറമിയാ പ്രവാചകനിലൂടെ ദൈവം സംസാരിക്കുന്നു **"എന്റെ വചനം അഗ്നി പോലെയും പാറയെ തകർക്കുന്ന കൂടംപോലെയുമല്ലേ? കർത്താവ് ചോദിക്കുന്നു"** (ജെറ. 23:29). ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നിയാണ് വചനം എന്ന് വീണ്ടും ജെറമിയാ പ്രവാചകൻ പറയുന്നു (ജെറ. 20:9).

BETHANY PUBLICATIONS www.malankaralibrary.com




ഞാൻ അഗ്നിയായിത്തീരണമെങ്കിൽ ഈ വചനം എന്റെ ഉള്ളിൽ നിരന്തരം നിറയണം. വായിക്കാതെയും കേൾക്കാതെയും എങ്ങനെ വചനം എന്റെ ഉള്ളിൽ നിറയും. ദൈവവചനം കേൾക്കാതെ പോകുന്ന തലമുറയാണ് കാലഘട്ടത്തിന്റെ സങ്കടം. എന്റെ ജോലിത്തിരക്കിനിടയിൽ മാറ്റി വെയ്ക്കപ്പെടുന്നത് വചനവായനയാണ്; പഠിക്കുന്നതിനു വേണ്ടി, ട്യൂഷനുവേണ്ടി സീരിയലു കാണുന്നതിനുവേണ്ടി, ഒക്കെ മാറ്റി വെയ്ക്കപ്പെടുന്നത് വചനവായനയാണ്. അഗ്നിയെ ഗർഭം ധരിക്കാത്ത തലമുറ എങ്ങനെ അഗ്നിയെ പ്രസവിക്കും; നമുക്ക് വായിച്ചു തുടങ്ങാം വചനം, തലമുറകളെ പഠിപ്പിച്ചു തുടങ്ങാം. അങ്ങനെ ലോകം മുഴുവനും വചനമാകുന്ന അഗ്നികൊണ്ട് നിറയട്ടെ.

**ദൈവത്തിന്റെ കൂടെ നടക്കുക:** പ്രാർത്ഥനയും വചന വായനയും എന്നെ ദൈവത്തിന്റെ വഴിത്താരയിലൂടെ നടക്കാൻ പഠിപ്പിക്കും. അഗ്നിയോടു ചേർന്നിരിക്കുമ്പോൾ ഞാൻ വേറൊരു അഗ്നിയായി മാറും. ഏതു കരിക്കട്ടയും അഗ്നിസാമീപ്യത്താൽ അഗ്നിയായി മാറും. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ അനുഭവം മറിച്ചല്ല. **"അവർ പരസ്പരം പറഞ്ഞു: വഴിയിൽവച്ച് അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?"** (ലൂക്കോസ് 24: 32). തണുത്തു മരവിച്ചിരുന്ന ശിഷ്യർ ക്രിസ്തുവിനോടു ചേർന്നു നടന്നപ്പോൾ ജ്വലിക്കുന്ന ഹൃദയമായി മാറി.

പ്രകാശം ആകുവാനും മറ്റുള്ളവർക്ക് പ്രകാശം പകർന്നു കൊടുക്കുവാനുമാണ് ക്രിസ്തു നമ്മെ ക്ഷണിക്കുന്നത്. അങ്ങനെയാകുന്നില്ല എങ്കിൽ നാം അന്ധകാരത്തിലാണ്. എന്റെ അയല്ക്കാരനെ എന്നെപ്പോലെ ഞാൻ സ്നേഹിക്കുന്നില്ല എങ്കിൽ ഞാൻ പ്രകാശത്തിന്റെ പ്രഭാവലയത്തിൽ ആയിട്ടില്ലാ എന്നു ചുരുക്കം. യോഹന്നാൻ ശ്ലീഹാ അതിപ്രകാരം പറയും, **"താൻ പ്രകാശത്തിലാണെന്നു പറയുകയും, അതേസമയം തൻെറ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്"** (1 യോഹ 2:9) അന്ധകാരം നമ്മെ മുഴുവനായി മൂടുന്നതിനു മുൻപു പ്രകാശത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് നമുക്ക് തിരികെ നടക്കാം. അഗ്നിയാകുന്ന ദൈവത്തിന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്യാം.

BETHANY PUBLICATIONS www.malankaralibrary.com

# 4. വായു



രൂപരഹിതനായ സ്പർശത്തെ നല്കുന്നതാണ് വായു,
അതിനാൽതന്നെ വായുവിന്റെ ഇന്ദ്രിയം
ശരീരമാസകലം വ്യാപിച്ചിരിക്കുന്ന ത്വക്കാണ്.

**"എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും"** (യോഹ.14:26).

എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങളും പരിശുദ്ധാത്മാവിനെ ത്രിത്വത്തിൽ മൂന്നാമനായാണ് മനസിലാക്കുന്നത്. പിതാവ്, പുത്രൻ,

BETHANY PUBLICATIONS www.malankaralibrary.com



പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിനെ ത്രിത്വത്തിൽ ഒരു വ്യക്തിത്വമായി കാണുവാൻ സാധിക്കും. മത്തായി സുവിശേഷത്തിൽ സ്വർഗത്തിലേക്ക് സംവഹിക്കപ്പെടുന്നതിനുമുമ്പ് ക്രിസ്തു ശിഷ്യന്മാരോട് സംസാരിക്കുമ്പോൾ മൂന്നുപേരുകളും വ്യക്തമായി പറഞ്ഞിരിക്കുന്നത് കാണാം. **"പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും"** (മത്തായി 28:20).

കാറ്റിനെ ബൈബിളിൽ പലപ്പോഴും ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവിന്റെ പ്രതീകമായി ചിത്രീകരിക്കാറുണ്ട്. **"കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു"** (അപ്പ.പ്ര.2:2). പുതിയ നിയമത്തിൽ മാത്രമല്ല ബൈബിൾ മുഴുവനും ഈ പ്രതീകം നിറഞ്ഞു നില്ക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. ചലിച്ചുകൊണ്ടിരിക്കുന്ന ദൈവചൈതന്യത്തെ ബൈബിളിന്റെ ആരംഭത്തിൽ തന്നെ നമുക്ക് കാണുവാൻ സാധിക്കും. **"ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിൻെറ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു"** (ഉല്പത്തി 1:2).

ഭാരതീയ ചിന്തകളിൽ വായുവിനെ ഒരു വ്യക്തിത്വമായി ചിത്രീകരിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. വായുഭഗവാൻ എന്ന സങ്കല്പം ഋഗ്വേദകാലം മുതൽ ഭാരതീയ ചിന്തകളിൽ ഇടം പിടിച്ചതാണ്. പഞ്ചഭൂതങ്ങളിൽ പ്രാധാന്യം അർഹിക്കുന്നതാണ് വായു. ശരീരത്തെ നിയന്ത്രിക്കുന്ന ശക്തികൾ തമ്മിലുള്ള ഒരു മത്സരത്തെപറ്റി ബ്രഹദാരണ്യകോപനിഷത്തിൽ പരാമർശം ഉണ്ട്. ആരാണ് വലിയവൻ എന്നതാണ് ചോദ്യം; കാഴ്ചയെ നിയന്ത്രിക്കുന്ന ശക്തി ശരീരത്തെ വിട്ടപ്പോഴും മനുഷ്യൻ ജീവിക്കുന്നു, തുടർന്ന് ഓരോ ശക്തികളും ശരീരത്തെ ഉപേക്ഷിച്ചപ്പോഴും മനുഷ്യനു ജീവിക്കുവാൻ സാധിച്ചു. എന്നാൽ പ്രാണൻ ശരീരത്തെ ഉപേക്ഷിക്കുവാൻ തുടങ്ങിയപ്പോൾ ബാക്കി എല്ലാ ശക്തികളും പരിഭ്രാന്തരായി. വായു അത്രമാത്രം പ്രധാനപ്പെട്ടതാണ്. പ്രാണൻ ഇല്ലായെങ്കിൽ ജീവൻ ഇല്ല. വിഷ്ണു എപ്പോൾ ഒക്കെ അവതാരം എടുക്കുന്നുവോ അപ്പോൾ കൂടെ വായു ഭഗവാനും അവതരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ത്രേതായുഗത്തിൽ ഹനുമാനായി രാമനോടൊപ്പം, ദ്വാപരയുഗത്തിൽ

BETHANY PUBLICATIONS www.malankaralibrary.com



ഭീമനായി, കലിയുഗത്തിൽ മാധവനായും വായു അവതരിക്കുന്നതായി പറയപ്പെടുന്നു.

രൂപരഹിതനായി സ്പർശത്തെ നല്കുന്നതാണ് വായു, അതിനാൽതന്നെ വായുവിന്റെ ഇന്ദ്രിയം ശരീരമാസകലം വ്യാപിച്ചിരിക്കുന്ന ത്വക്കാണ്. പഞ്ചഭൂതങ്ങൾ പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു; പഞ്ചേന്ദ്രിയങ്ങൾ പഞ്ചവിഷയങ്ങളുമായി ചേർന്നിരിക്കുന്നതുമാണ്. ലോകത്തിൽ ചുറ്റിയടിക്കുന്ന കാറ്റാണ് വായുവിന്റെ വിഷയഭാവം. ശരീരത്തിന്റെ ഉള്ളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വായുവിനെ പ്രാണൻ എന്നു വിളിക്കുന്നു. അത് ഒന്നുതന്നെയാണെങ്കിലും വൃത്തിഭേദത്താൽ പഞ്ചപ്രാണൻമാരായി അറിയപ്പെടുന്നു. ഉദാനൻ, പ്രാണൻ, സമാനൻ, അപാനൻ, വ്യാനൻ എന്നീ പേരുകളിലാണ് പഞ്ചപ്രാണൻമാർ അറിയപ്പെടുന്നത്.

**1. ഉദാനവായു:** ശരീരത്തിനകത്ത് മുകളിലേക്കുള്ള ചലനങ്ങൾ എല്ലാം ഈ വായുവിന്റെ സഹായത്താലാണ്. സംസാരിക്കുവാനും പാടുവാനും ശബ്ദങ്ങൾ ഉണ്ടാക്കുവാനും കഴിയുന്നത് ഇതിന്റെ സഹായത്താലാണ്. മാനസികമായി വിഷാദത്തേയും കുറവുകളേയും മറികടന്ന് ഉയർച്ചയിലേക്ക് ചുവടുവയ്ക്കാനും ഉദാനൻ സഹായിക്കുന്നു. ഉദാനവായു ബലഹീനമാകുമ്പോൾ സ്വകാര്യജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ഉയർച്ചയില്ലാതെ പോകുന്നു. ഉദാനൻ അതിശക്തമായാൽ അത് വ്യക്തിയെ അഹംഭാവത്തിലേക്കും അഹങ്കാരത്തിലേക്കും നയിക്കും.

**2. പ്രാണവായു:** പഞ്ചപ്രാണന്മാരിൽ പ്രധാനപ്പെട്ടതാണ് പ്രാണവായു. ശ്വസനത്തിനും ആഹാരസാധനങ്ങൾ ഉള്ളിലേക്ക് സ്വീകരിക്കുന്നതിനും പ്രാണവായു സഹായിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾക്ക് സമാധാനവും ശുഭാപ്തിയും കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതും പ്രാണവായുവാണ്; അക്രമവും അമിതമായ ശബ്ദവും മനസ്സിലെ ശത്രുതകളും പ്രാണവായുവിനെ ദുർബലപ്പെടു ത്തുന്നു.

**3. സമാനവായു:** ദഹനപ്രക്രിയയെ സഹായിക്കുന്നത് സമാനവായുവാണ്; ശരീരപുഷ്ടിക്ക് ആവശ്യമുള്ളതിനേയും പുറത്തേക്ക് കളയേണ്ടതിനേയും വേർതിരിക്കുന്നത് സമാനനാണ്. മാനസികമായി യുക്തിസഹജമായ ചിന്തകളെ സ്വാധീനിക്കുന്നു. സമാനവായു ദുഷിച്ചാൽ ആവിഷ്കാരത്തേയും യുക്തിസഹജമായ ചിന്തകളേയും ബന്ധങ്ങളേയും മലീമസമാക്കും.

BETHANY PUBLICATIONS www.malankaralibrary.com



**4. അപാനവായു:** ശരീരത്തിൽനിന്നും ആവശ്യമില്ലാത്ത വസ്തുക്കളെ പുറം തള്ളുന്നത് അപാനവായുവാണ്. നിഷേധ ചിന്തകളേയും അനാവശ്യ ഓർമ്മകളേയും പുറന്തള്ളാനും ഇത് സഹായിക്കുന്നു. അപാനന്റെ ആരോഗ്യകരമായ നില നിഷേധ ചിന്തകളെ അതിജീവിക്കുവാനും, പ്രത്യാശയും പ്രതീക്ഷയും വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു.

**5. വ്യാനവായു:** ശരീരത്തിന്റെ മദ്ധ്യഭാഗത്തുനിന്നും ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും സഞ്ചരിക്കുന്നതാണ് വ്യാനൻ. ഇത് ശരീരത്തിന്റെ എല്ലാ ഭാഗങ്ങളേയും പ്രതിനിധീകരിക്കുന്നു. വ്യാനൻ ശരീരത്തിൽ ഊർജ്ജത്തിന്റെ വിതരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഊർജ്ജ ത്തിന്റെ ആരോഗ്യപരമായ വിതരണം ശരീരത്തിന്റെ ചൈതന്യം നിലനിർത്തുവാൻ അത്യാവശ്യമാണ്. ശരീരത്തിന്റെ സകലവൃത്തികളും വ്യാനവായുവിനെ ആശ്രയിച്ചിരിക്കുന്നു. മാനസികമായി വ്യാനൻ ചിന്തകളേയും വികാരങ്ങളേയും സ്വതന്ത്രമായി ഒഴുകാൻ സഹായിക്കുന്നു.

സഭ ഒന്നാകെ ഏറ്റുപറയുന്ന നിഖ്യാവിശ്വാസപ്രമാണം പഠിപ്പിക്കുന്നു "സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും" വിശ്വസിക്കുന്നു എന്ന്. പരിശുദ്ധാത്മാവ് ദൈവമാണ് എന്ന് വീണ്ടും ഒരിക്കൽകൂടി തറപ്പിച്ചു പറയുകയാണ്. പെന്തിക്കോസ്തി ശുശ്രൂഷയിൽ പ്രുമിയോനിൽ ആർക്കും മാറ്റാനാവാത്ത വിധം പരിശുദ്ധ റൂഹായുടെ ദൈവത്വം ഉറപ്പിച്ചു പറയുന്നുണ്ട്. "ഇച്ഛിക്കുന്നതെല്ലാം സ്വകീയമായ മഹാശക്തിയിൽ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ പരിശുദ്ധ റൂഹായായ കർത്താവിനു സ്തുതി" (പെരുനാൾക്രമം, പേജ് 274) പിതാക്കന്മാരുടെ വിശ്വാസവും ഉറപ്പുമാണ് ഇതിലൂടെ തലമുറകൾക്ക് പകർന്നു കൊടുക്കുന്നത്.

പരിശുദ്ധാത്മാവാകുന്ന ദൈവത്തിന്റെ പ്രതീകമായി പല രൂപകങ്ങളും ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട്. അഗ്നി, എണ്ണ, പ്രാവ് എന്നാൽ ഏറ്റം ശക്തമായ രൂപത്തിൽ അവതരിപ്പിച്ചിട്ടുള്ളത് കാറ്റിന്റെ പ്രതീകമാണ്. ബൈബിളിൽ ആരംഭം മുതൽ ഇതുകാണുവാൻ നമുക്ക് സാധിക്കും. വെള്ളത്തിൻ മീതേ പരിവർത്തിച്ചുകൊണ്ട് ജീവൻ പ്രസരിപ്പിക്കുന്ന കാറ്റിനെ കുറിച്ച് പ്രതിപാദിച്ചുകൊണ്ടാണ് ബൈബിൾ

BETHANY PUBLICATIONS www.malankaralibrary.com



ആരംഭിക്കുന്നത്. ജീവിതത്തെ വഴി തിരിച്ചുവിടാൻ, കഴിയുന്ന മലകളെ തകർത്തെറിയുവാൻ കഴിയുന്ന, ദൈവത്തിന്റെ ഈ കാറ്റാണ് കാലഘട്ടത്തിന്റെ ആവശ്യം.

**1. വാതിലുകൾ തുറക്കുന്ന ദൈവത്തിന്റെ കാറ്റ്:** ജീവിതത്തിൽ പ്രതീക്ഷയുടെ എല്ലാ വാതിലുകളും അടയപ്പെട്ടു എന്നു കരുതുന്ന രാത്രിയുടെ അവസാന യാമത്തിലും, വാതിലുകൾ തുറക്കുന്ന ദൈവത്തിന്റെ കാറ്റ് ആഞ്ഞുവീശുന്നത് ബൈബിളിൽ ഉടനീളം കാണാം. **"ഞങ്ങളെ തനിയേ വിട്ടേക്കൂ, ഞങ്ങൾ ഈജിപ്തുകാർക്ക് വേലചെയ്തു കഴിഞ്ഞുകൊള്ളാം എന്ന് ഈജിപ്തിൽവച്ചു ഞങ്ങൾ നിന്നോടു പറഞ്ഞതല്ലേ? ഈജിപ്തുകാർക്ക് അടിമവേല ചെയ്യുകയായിരുന്നു, മരുഭൂമിയിൽക്കിടന്നു മരിക്കുന്നതിനേക്കാൾ മെച്ചം"** (പുറ.14:12). കൂട്ടമരണം പ്രതീക്ഷിച്ചു നില്ക്കുന്ന ഇസ്രായേൽ ജനം തങ്ങളുടെ വിധിയെ പഴിച്ചുകൊണ്ട് മോശയ്ക്കും ദൈവത്തിനു മെതിരായി അലമുറയിടുകയാണ്. ഇവിടെയാണ് ദൈവത്തിന്റെ കാറ്റ് ജീവനായി ഒഴുകിയെത്തുന്നത്. **"മോശ കടലിനുമീതെ കൈ നീട്ടി. കർത്താവു രാത്രി മുഴുവൻ ശക്തമായ ഒരു കിഴക്കൻകാറ്റയച്ചു കടലിനെ പിറകോട്ടു മാററി. കടൽ വരണ്ട ഭൂമിയാക്കി; വെള്ളം വിഭജിക്കപ്പെട്ടു. ഇസ്രായേൽക്കാർ കടലിനു നടുവേ ഉണങ്ങിയ മണ്ണിലൂടെ നടന്നു. അവരുടെ വലത്തും ഇടത്തും വെള്ളം മതിൽപോലെ നിന്നു"** (പുറ.14:21-22). ദൈവത്തിന്റെ ശക്തമായ കാറ്റ് സമുദ്രത്തിന്റെ അടയ്ക്കപ്പെട്ട വാതിലുകൾ മലർക്കെ തുറന്നിടുന്നു.

പ്രളയകാലത്തു പെട്ടകത്തിൽ ആയിരുന്ന നോഹയ്ക്കും ജീവജാലങ്ങൾക്കും നൂറു കണക്കിനു ദിവസങ്ങൾക്കുശേഷം ഭൂമിയിൽ കാലുകുത്തുവാൻ സാധിച്ചത് ദൈവത്തിന്റെ കാറ്റ് തുണയായതു കൊണ്ടാണ്. **"അവിടുന്നു ഭൂമിയിൽ കാറ്റു വീശി; വെള്ളം ഇറങ്ങി. അഗാധങ്ങളിലെ ഉറവകൾ നിലച്ചു; ആകാശത്തിന്റെ ജാലകങ്ങൾ അടഞ്ഞു; മഴ നിലയ്ക്കുകയും ചെയ്തു"** (ഉല്പ 8:2). നൂറുകണക്കിനു ദിവസം പെട്ടകത്തിനകത്തുപെട്ടുപോയ നോഹയുടെ മനസ്സിലേക്ക് പ്രതീക്ഷയുടെ പുതുനാമ്പുകൾ വിരിയുന്നതായിരുന്നു ഭൂമിയിൽ വീശിയ ദൈവത്തിന്റെ കാറ്റ്. എന്റെ ജീവിതത്തിൽ ഞാൻ ഏതു പ്രളയത്തിൽ അകപ്പെട്ടാലും എന്നെ കരുതുന്ന ദൈവത്തിന്റെ കാറ്റ് എനിക്കു ചുറ്റും കാവലായി ഉണ്ട് എന്ന ബോദ്ധ്യം ഉണരണം.

പ്രതീക്ഷകൾ നഷ്ടപ്പെട്ട മരുഭൂമിയിലെ അലച്ചിലുകളുടെ ഒരു നാളിൽ ഭക്ഷണത്തിനായി മുറവിളി കൂട്ടുന്ന ഇസ്രായേൽ മക്കളെ

BETHANY PUBLICATIONS www.malankaralibrary.com



സംഖ്യാപുസ്തകത്തിൽ നാം കണ്ടുമുട്ടുന്നു. ഒരിക്കലും കിട്ടുവാൻ സാധ്യതയില്ലായെന്നു കരുതിയ വറുതിയുടെ മരുഭൂമിയിൽ പൊടുന്നനെ ദൈവത്തിന്റെ കാറ്റ് പ്രതീക്ഷയായി വീശിയടിക്കുന്നു. **"പെട്ടെന്ന് കർത്താവ് ഒരു കാറ്റയച്ചു. ആ കാറ്റ് കടലിൽനിന്നു കാടപ്പക്ഷികളെ കൊണ്ടുവന്നു. ഒരു ദിവസത്തെ യാത്രയുടെ ദൂരം വ്യാസാർധത്തിൽ കൂടാരത്തിനു ചുറ്റും രണ്ടു മുഴം ഘനത്തിൽ മൂടിക്കിടക്കത്തക്കവിധം അതു വീണു"** (സംഖ്യ 11:31). എന്റെ ചെറിയ ആവശ്യങ്ങൾക്കു മുമ്പിലും വലിയ ആവശ്യങ്ങൾക്കും മുമ്പിലും ഒരേ പോലെ ചിറകു വിരിക്കുന്ന ദൈവത്തിന്റെ കാറ്റിനെയാണ് മരുഭൂമിയിൽ കണ്ടെത്തുന്നത്.

ബൈബിളിൽ മുഴുവനും പ്രതീക്ഷയുടെ വെള്ളിവെളിച്ചം വീശുന്ന ദൈവത്തിന്റെ കാറ്റിന്റെ തിരയിളക്കം കാണാം. ആഹാബിന്റെ അതിക്രമങ്ങളിൽ അടഞ്ഞുപോയ ആകാശത്തിന്റെ കിളിവാതിലുകൾ മൂന്നുവർഷങ്ങൾക്കുശേഷം ദൈവത്തിന്റെ കാറ്റ് തുറക്കുന്ന മനോഹരകാഴ്ച രാജാക്കന്മാരുടെ പുസ്തകത്തിൽ വരച്ചിട്ടിരിക്കുന്നു. **"നൊടിയിടയിൽ ആകാശം മേഘാവൃതമായി, കറുത്തിരുണ്ടു, കാറ്റുവീശി; വലിയ മഴപെയ്തു. ആഹാബ് ജസ്രേലിലേക്കു രഥം ഓടിച്ചുപോയി"** (1 രാജ 18:45). ഇത് ജീവനെ ഭയന്ന് ഓടിയൊളിച്ച ഏലിയായുടെ പ്രതീക്ഷകൾ പൂവണിയിക്കുന്ന ദൈവത്തിന്റെ കാറ്റാണ്. ജസെബെൽ തന്റെ ജീവനു വിലയിട്ടപ്പോൾ പ്രാണരക്ഷാർത്ഥം ഓടി ഒളിച്ചതാണ് ഏലിയാ. തന്റെ ഒരു വാക്കുകൊണ്ട് ഭൂമിയിലേക്ക് അഗ്നിമഴ പെയ്തിറക്കിയവൻ, ബാലിന്റെ പ്രവാചകരെ ഒറ്റയ്ക്കു നിന്ന് അരിഞ്ഞു വീഴ്ത്തിയവൻ, ഒരുവേള ഭയന്നുപോയി, "നിന്റെ പ്രവാചകനായി ഞാൻ ഒരാൾ മാത്രം" എന്നു കർത്താവിന്റെ മുമ്പിൽ കരഞ്ഞുപോയി; ഇവിടെയാണ് മലകൾ തകർക്കുന്ന, പാറകൾ പിളർക്കുന്ന, ദൈവത്തിന്റെ കാറ്റ് വീശിയടിച്ചത്; കാർമൽ മലയിൽ നിന്നും ദൈവത്തിന്റെ കാറ്റിന്റെ തേരിലേറി ഏലിയാ ഇസ്രായേൽ കവാടം വരെ അഹാബിന്റെ രഥത്തിനു മുൻപായി ഓടിയെത്തി. **"കർത്താവിന്റെ കരം ഏലിയായോടുകൂടെ ഉണ്ടായിരുന്നു. അവൻ അര മുറുക്കി, ആഹാബിനു മുൻപേ ജസ്രേൽകവാടംവരെ ഓടി"** (1 രാജ 18:46). അടഞ്ഞ വാതിലുകൾക്കു മുമ്പിൽ തന്റെ മക്കളെ തളരാതെ താങ്ങി നിറുത്തുന്ന ദൈവത്തിന്റെ കുളിർതെന്നൽ.

**2. ജീവൻ പകരുന്ന കാറ്റ്:** വാതിലുകൾ തുറക്കുന്ന ദൈവത്തിന്റെ കൊടുങ്കാറ്റ്, തുറന്ന വാതിലിലൂടെ മന്ദമാരുതനായി എന്റെ

BETHANY PUBLICATIONS www.malankaralibrary.com



ഹൃദയത്തിന്റെ ഗുഹയിലേക്ക് ഒഴുകിയിറങ്ങുന്നതാണ്. ജീവന്റെ മഹാപ്രവാഹമായി പിതാവിന്റെ സന്നിധിയിൽ നിന്നും എന്റെ അടുത്തേക്ക് അയയ്ക്കപ്പെട്ടതാണ്. ഹൃദയകവാടം തുറന്നു കൊടുക്കുക എന്നത് എന്റെ ഉത്തരവാദിത്വമാണ്, കണ്ടാലും ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു എന്നൊക്കെ ക്രിസ്തു പറയുന്നത് ഇത് നമ്മെ ബോദ്ധ്യപ്പെടുത്താനാണ്. കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കാൻ കഴിവുള്ള കാറ്റ്, എന്റെ ഹൃദയത്തിലേക്ക് മന്ദമാരുതനായാണ് കടന്നുവരുന്നത്. എന്റെ അനുവാദത്തിനായി കാത്തുനില്ക്കാറുണ്ട് ദൈവത്തിന്റെ കാറ്റ്. ജീവൻ പകരുന്ന ദൈവത്തിന്റെ കാറ്റിനെ ബൈബിളിന്റെ ഉല്പത്തി മുതൽ നാം കാണുന്നു. **"ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിൻെറ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു"** (ഉല്പ. 1:2). പൊരുന്നയിരിക്കുന്ന ഈ കാറ്റാണ് ജീവനെ പ്രദാനം ചെയ്യുന്നത്. ആദിയിൽ ഉണ്ടായിരുന്ന ദൈവത്തിന്റെ ഈ കാറ്റ് എന്റെ ഹൃദയത്തിൽ ആവസിച്ച് പൊരുന്നയിരുന്നെങ്കിൽ മാത്രമേ, എന്റെ ഉള്ളിൽ ജീവന്റെ ഉറവകൾ നാമ്പെടുക്കൂ.

പൂഴിയായ എന്നിലേക്ക് ദൈവത്തിന്റെ കാറ്റ് കടന്നുവന്നെങ്കിലേ എനിക്ക് ജീവന്റെ ചടുലത ഉണ്ടാകൂ. **"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവൻെറ ശ്വാസം അവൻെറ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു"** (ഉല്പത്തി 2:7). മണ്ണിൽനിന്ന് രൂപപ്പെടുത്തിയ മനുഷ്യന്റെ മൂക്കിലേക്ക് ദൈവത്തിന്റെ കാറ്റ് വീശുന്നു. അവൻ ജീവനുള്ളവനായി മാറുന്നു. ജീവന്റെ ലക്ഷണങ്ങൾ നിന്നിൽ കാണുന്നില്ലാ എങ്കിൽ ഉറപ്പാക്കാം നിന്റെ ഉള്ളിലേക്ക് ദൈവത്തിന്റെ കാറ്റ് കടന്നു വന്നിട്ടില്ലാ എന്ന്. മണ്ണിന്റെ പ്രകൃതം മനുഷ്യനായി മാറണം എങ്കിൽ ദൈവത്തിന്റെ കാറ്റ് എന്നെ സ്പർശിക്കണം. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ മനുഷ്യൻ ക്രിസ്തുവിനോളം വളരേണ്ടതായുണ്ട്, ദൈവത്തിന്റെ പരിശുദ്ധാത്മാവേ എന്നിലേക്ക് വീശണമേ എന്ന് പ്രാർത്ഥിക്കാം.

എസെക്കിയേൽ പ്രവാചകന് ദൈവത്തിന്റെ കാറ്റിന്റെ മനോഹരമായ ഒരു ദർശനം ഉണ്ടാകുന്നു. അസ്ഥികളുടെ താഴ്വരയിൽ നിൽക്കുമ്പോൾ തമ്പുരാന്റെ ചോദ്യം ഉയരുന്നു ഈ അസ്ഥികൾക്ക് ജീവിക്കാനാവുമോ. ഉണങ്ങി വരണ്ട അസ്ഥികളാണ്, ജീവന്റെ അംശംപോലും ഇല്ലാത്തവ; ഒരു പ്രതീക്ഷയും നല്കാത്തവ. **"മനുഷ്യപുത്രാ, ജീവശ്വാസത്തോടു പ്രവചിക്കുക. മനുഷ്യപുത്രാ,**

BETHANY PUBLICATIONS www.malankaralibrary.com



**ജീവശ്വാസത്തോടു പറയുക; ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ജീവശ്വാസമേ, നീ നാലു വായുക്കളിൽനിന്നു വന്ന് ഈ നിഹിതൻമാരുടെമേൽ വീശുക. അവർക്കു ജീവനുണ്ടാകട്ടെ''** (എസെക്കി. 37:9). എത്ര ഉണങ്ങി വരണ്ട അസ്ഥിയിലേക്കും ദൈവത്തിന്റെ കാറ്റ് ജീവന്റെ മഹാപ്രവാഹമായി ഒഴുകിയിറങ്ങും. എന്റെ ബോധ്യങ്ങളെ ഉണർത്തുന്നതാകണം ഈ ദർശനം; ഞാൻ എത്ര ഉണങ്ങി വരണ്ടാലും, തമ്പുരാനിൽ നിന്നും എത്ര അകലെയാണെങ്കിലും, അസ്ഥികളുടെ താഴ്‌വരയിൽ ആണെങ്കിലും, എന്നെ സ്നേഹിക്കുന്ന, എന്റെ കൂടെ നടക്കുന്ന ദൈവത്തിന്റെ കാറ്റിനായി പ്രതീക്ഷയോടെ കാത്തിരിക്കണം; ആ മന്ദമാരുതൻ എന്നിലേക്ക് കടന്നുവന്നാൽ അസ്ഥികളുടെ താഴ്‌വര ജീവന്റെ തടാകമായി മാറും.

**3. ദൈവസ്നേഹം ദൈവത്തിന്റെ കാറ്റിലൂടെ:** വാതിലുകൾ തുറന്നുതരുന്നതും, ജീവൻ പകരുന്നതുമായ ദൈവത്തിന്റെ കാറ്റ്, ക്രിസ്തു എന്ന സ്നേഹനിറകുടത്തിന്റെ കരകവിഞ്ഞൊഴുക്കാണ്. **"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു''** (റോമ 5:5). ദൈവത്തിന്റെ കാറ്റിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മിലേക്ക് ഒഴുകിയിറങ്ങി. **"എന്നാൽ, നാം പാപികളായിരിക്കേ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു''** (റോമ 5:8). നമുക്കുവേണ്ടി അവസാന തുള്ളി രക്തം വരെ ചൊരിഞ്ഞുകൊണ്ട് നമ്മോടുള്ള സ്നേഹം പ്രകടമാക്കിയ ക്രിസ്തുവിന്റെ ഓർമ്മപ്പെടുത്തലാണ് ഈ ദൈവസ്നേഹം.

കാറ്റിന്റെ വഴി തേടുന്നവർ, ഈ കാറ്റ് പ്രാണനാണെന്ന് അറിഞ്ഞിരിക്കണം, ജീവൻ കൊടുത്തും സ്നേഹിക്കേണ്ടവർ ആണെന്ന ബോധ്യം. മറ്റുള്ളവരുടെ വാതിലുകൾ അടയ്ക്കുന്നവർ ആകരുതെന്ന ഓർമ്മപ്പെടുത്തൽ, ഞാൻ വാതിലാകണം എന്ന ബോദ്ധ്യപ്പെടുത്തൽ. അസ്ഥികളുടെ താഴ്‌വരയിലേക്ക് ജീവന്റെ പ്രവാഹം ആകേണ്ടവനാണെന്ന തിരിച്ചറിവ്. മണ്ണുകളെ മനുഷ്യനാക്കാൻ വിളിക്കപ്പെട്ടവനാണെന്ന ഉറപ്പ്. ഈ ബോദ്ധ്യങ്ങൾ ദൈവത്തിന്റെ കാറ്റിനൊപ്പം പറക്കാൻ നമ്മെ പഠിപ്പിക്കും. കാറ്റിന്റെ തേരിൽ തമ്പുരാനോടൊപ്പം ചേർത്തു നിർത്തണമേ എന്ന പ്രാർത്ഥനയോടെ....

www.malankaralibrary.com

# 5. ആകാശം



ആകാശമില്ലെങ്കിൽ ഒരു വസ്തുവിനും നിലനിൽക്കുവാൻ സാധ്യമല്ല. ദൃശ്യപ്രപഞ്ചം മുഴുവനും ആകാശത്തി ലാണ് നിൽക്കുന്നത്.

**"ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു"** (സങ്കീ. 19:1).

പഞ്ചഭൂതങ്ങളിൽ ഒന്നായിട്ടാണ് ഭാരതീയ ദർശനത്തിൽ ആകാശത്തെ മനസ്സിലാക്കുന്നത്. കാണപ്പെടുന്നതായ ഈ പ്രപഞ്ചത്തിൽ മനുഷ്യനു ഗ്രഹിക്കാൻ കഴിയുന്ന സൂക്ഷ്മ വസ്തുക്കളിൽ വച്ച്

BETHANY PUBLICATIONS www.malankaralibrary.com



അത്യന്തസൂക്ഷ്മമാണ് ആകാശം. ഭാരതീയദർശനത്തിൽ ആകാശത്തെ മൂന്നായി തിരിച്ചിരിക്കുന്നു. ബൈബിളിൽ ആകാശത്തെ ബഹുവചനത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. “The heavens declare the glory of God the skies proclaim the work of his hands (NIV Psalm 19:1) ഖുർ ആൻ ഏഴു സ്വർഗ്ഗങ്ങളെക്കുറിച്ച് പറയുന്നു ‘‘അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്. പുറമേ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്ത് സംവിധാനിച്ചവനും അവൻ തന്നെയാണ്” (അൽബക്വറ 2:29).

ആകാശത്തിനൊരു സ്വരൂപമുണ്ട്, ശൂന്യതയല്ല ആകാശം. എല്ലാറ്റിന്റേയും അഭാവത്തെ കാണിക്കുന്ന ശബ്ദമാണ് ശൂന്യതയെങ്കിൽ ഒന്നിന്റെ അസ്തിത്വത്തെ കാണിക്കുന്ന ശബ്ദമാണ് ആകാശം. ശബ്ദ ഗുണത്തോടുകൂടിയാണ് ആകാശമെന്ന് അന്നംഭട്ടന്റെ വിശകലനത്തിൽ കാണുന്നു. ആകാശത്തിന്റെ ഇന്ദ്രിയം ചെവിയാണ്. വിഷയം കേൾവിയും. ഇന്ദ്രിയഗ്രാഹ്യമല്ല ആകാശവസ്തുവെന്നിരുന്നാലും, ഇന്ദ്രിയഗ്രാഹ്യങ്ങളായ വസ്തുക്കളൊക്കെ ആകാശത്തെ അവലംബിച്ചിട്ടാണ് നിൽക്കുന്നത്. ആകാശമില്ലെങ്കിൽ ഒരു വസ്തുവിനും നിലനിൽക്കുവാൻ സാധ്യമല്ല. ദൃശ്യപ്രപഞ്ചം മുഴുവനും ആകാശത്തിലാണ് നിൽക്കുന്നത്. അതിനാൽ ഭൂമിയെക്കാൾ വലുതാണ് ആകാശം, എന്നാൽ ഇന്ദ്രിയഗ്രാഹ്യമല്ലാത്ത ആകാശം അത്യന്തസൂക്ഷ്മവുമാണ്.

ആർഷഭാരതം ആകാശത്തെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ഭൂതാകാശം, ചിത്താകാശം, ചിദാകാശം.

**ഭൂതാകാശം:** സ്ഥൂലമായ ഈ ജഗത്തിന്റെ അധിഷ്ഠാനമായ ആകാശവും സ്ഥൂലമാണ്. അതുകൊണ്ട് ബഹിരാകാശത്തെ ഭൂതാകാശമെന്ന് പറയുന്നു. ജാഗ്രതാവസ്ഥയിൽ ഒരാളുടെ പ്രജ്ഞ ഭൂതാകാശത്തിലും സ്ഥൂലപ്രപഞ്ചത്തിലുമാണ് അലഞ്ഞുകൊണ്ടിരി ക്കുന്നത്.

**ചിത്താകാശം:** ജാഗ്രതാവസ്ഥയിൽനിന്ന് സ്വപ്നാവസ്ഥയിലേക്ക് കടക്കുന്നതോടുകൂടി പ്രജ്ഞ സ്ഥൂലപ്രപഞ്ചത്തേയും ഭൂതാകാശത്തേയും മറന്ന് ശരീരത്തിനകത്ത് ഒതുങ്ങുന്നു, അപ്പോഴും അവിടെയൊരു പ്രപഞ്ചമുണ്ട്. സൂക്ഷ്മം ആണ് ആ പ്രപഞ്ചം. സൂക്ഷ്മപ്രപഞ്ചത്തിനും നിലനിൽക്കാൻ ഒരു ആകാശം ആവശ്യമാണ്. അതിനെ ചിത്താകാശമെന്ന് വിളിക്കുന്നു.

BETHANY PUBLICATIONS www.malankaralibrary.com



**ചിദാകാശം:** സ്വപ്നാവസ്ഥയിൽ നിന്നു പിന്നെയും ഉള്ളിലേക്ക് പോയി സുഷുപ്തിയിലെത്തുമ്പോൾ പ്രജ്ഞ തന്നിൽതന്നെ അടങ്ങുന്നു. ഉള്ളതിന്റേയോ ഇല്ലാത്തതിന്റേയോ ഒന്നിന്റേയും പ്രതീതിയുണ്ടാവുന്നില്ല. ഒന്നും തിരിച്ചറിയാൻ കഴിയാത്ത ഗാഢമായ ഒരന്ധകാരം മാത്രമാണ് ശേഷിക്കുന്നത്. സുഷുപ്തിയിലനുഭവപ്പെട്ട അവിദ്യയാകുന്ന അന്ധകാരം നീങ്ങുമ്പോൾ ചിദാകാശം തെളിയപ്പെടും.

ആകാശം ബ്രഹ്മമായി മാറുന്ന കാഴ്ച ഭാരതീയ ചിന്തകളിൽ ദർശിക്കുവാൻ സാധിക്കും. **"സ്ഥൂലസൂക്ഷ്മങ്ങളാകുന്ന രണ്ടുവിധ ജഗത്തുക്കളും ഇല്ലാതാവുമ്പോൾ അവയുടെ കാരണമായ അവിദ്യയുടെ നിലനില്പ് ആവശ്യമില്ലാതായിത്തീരുന്നതിനാൽ അവിദ്യയും അതിന്റെ കാരണസ്വരൂപത്തിൽ ലയിച്ചില്ലാതായിത്തീരുന്നു. അവിദ്യയില്ലാതായപ്പോൾ സുഷുപ്തിയും ഇല്ലാതായി. അപ്പോൾ എങ്ങും നിറഞ്ഞതും ഇന്ന രൂപത്തിലുള്ളതെന്നു പറയാൻ കഴിയാത്തതുമായ ചിദാകാശം മാത്രം ശേഷിക്കുന്നു അതുതന്നെ ആത്മാവ് അല്ലെങ്കിൽ ബ്രഹ്മം"** (വേദാന്തവിജ്ഞാനം, പേജ് 322). ആകാശം ബ്രഹ്മലക്ഷണമുള്ളതാണെന്ന് ബ്രഹ്മസൂത്രവും പഠിപ്പിക്കുന്നു.

ആകാശത്തിന്റെ കുറേയേറെ സവിശേഷതകൾ ഭാരതീയ ചിന്തകളിൽ ചിതറിക്കിടക്കുന്നുണ്ട്. ആകാശം മൃദുവാണ്, ലഘുവാണ്, മിനുസമുള്ളതാണ്, എല്ലാറ്റിനേയും ഉൾക്കൊള്ളുന്നതാണ്. ഇത് ദൈവീകഭാവങ്ങൾ ഉൾക്കൊള്ളുന്ന സവിശേഷതകളുമാണ്. പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് മനുഷ്യൻ എന്ന ഭാവനയിൽ ദൈവീകമായ ഈ ഗുണങ്ങൾ മനുഷ്യന് ഉണ്ടായിരിക്കേണ്ടതാണ്. ദൈവത്തിന്റെ ഛായയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്ന് വേദം പഠിപ്പിക്കുമ്പോൾ ദൈവികസ്വഭാവങ്ങൾ മനുഷ്യസംസ്കാരത്തിൽ ഉൾച്ചേർന്നു എന്നത് വ്യക്തമാണ്.

**മൃദു:** ആകാശത്തിന്റെ സവിശേഷത മൃദുവാണെന്നുള്ളതാണ്, പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ എനിക്കുള്ള ഓർമ്മപ്പെടുത്തൽ കൂടെയാണ് ഇത്. ഞാൻ മൃദുവാകേണ്ടവനാണ്; ദൈവത്തിന് എതിരായും മനുഷ്യർക്ക് എതിരായും എന്റെ ഹൃദയം കരിങ്കല്ലുപോലെ ആക്കിത്തീർത്തത്, അലിഞ്ഞ് വെണ്ണപോലെ മൃദുവാകേണ്ടതുണ്ട്. **"ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നൽകും"** (എസക്കി.36:26).

BETHANY PUBLICATIONS www.malankaralibrary.com



ആകാശം എന്നെ വിളിക്കുന്നത് വഴിമാറി നടക്കുവാനാണ്. പുതിയ ഹൃദയത്തിന്റെ നറുമണം പൂത്തുലയേണ്ടതുണ്ട്. ഫറവോയുടെ ഹൃദയം കാരിരുമ്പുപോലെ കഠിനമായപ്പോൾ സംഹാരദൂതന്റെ വരവായി. കുടിലു മുതൽ കൊട്ടാരംവരെ മരണദേവത നൃത്തമാടി. ഞാൻ മൃദുവാകേണ്ടതുണ്ട്, മൃദുത്വം ജീവന്റെ സമൃദ്ധിയാണ്, ജീവൻ നല്കുവാനും അത് സമൃദ്ധിയായി നല്കുവാനും ആണ് ഞാൻ വന്നത് എന്നൊക്കെ ക്രിസ്തു പഠിപ്പിക്കുന്നത് (യോഹ.10:10) എന്റെ മൃദുത്വം എന്നെ ഓർമ്മപ്പെടുത്താനാണ്.

ഞാൻ എന്ന ഭാവം എന്നിൽ മരിക്കുന്നതിനെയാണ് മൃദുത്വം എന്നു പറയുന്നത്. അതിന് ശിലാഹൃദയങ്ങൾ എന്നിൽ നിന്നും അടർത്തി മാറ്റേണ്ടതായുണ്ട്. മാംസളമായ ഹൃദയത്തിനുവേണ്ടി തമ്പുരാനോട് പ്രാർത്ഥിക്കേണ്ടതായുണ്ട്. ബഥനി സന്ന്യാസ സഭയുടെ സ്ഥാപകൻ മാർ ഈവാനിയോസ് പിതാവ് പഠിപ്പിക്കുന്നു. **"ലോകത്തിനു മരിക്കുക എന്നതും സ്വയപരിത്യാഗമെന്നുള്ളതും ഒന്നുതന്നെയാണ്"** (ഗിരിദീപം, പേജ് 65). ക്രിസ്തുവിനെക്കുറിച്ചുള്ള ഏശയ്യാപ്രവാചകന്റെ വെളിപാട് ഇതുനമ്മെ ഓർമ്മപ്പെടുത്തുന്നു. **"അവൻ മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുൻപിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു"** (ഏശയ്യാ 53:7). പുതിയ നിയമത്തിലേക്ക് വരുമ്പോൾ ഞാൻ എന്ന ഭാവം തീർത്തും ഇല്ലാതായ ക്രിസ്തുവിന്റെ രൂപം നമുക്ക് കാണാം **"അപമാനിതനായ അവന് നീതി നിഷേധിക്കപ്പെട്ടു. അവന്റെ പിൻതലമുറയെപ്പറ്റി ആരു വിവരിക്കും? എന്തെന്നാൽ, ഭൂമിയിൽനിന്ന് അവന്റെ ജീവൻ അപഹരിക്കപ്പെട്ടു"** (അപ്പ.പ്ര. 8:33). എല്ലാ നീതിയും നിഷേധിക്കപ്പെട്ട് അപമാനിതനായി അമ്മയുടെയും സുഹൃത്തുക്കളുടെയും മുമ്പിൽ മർദ്ദിക്കപ്പെട്ട് കുരിശിൽ തറയ്ക്കപ്പെട്ട ക്രിസ്തുവിന്റെ രൂപം. മാർ ഈവാനിയോസ് എന്ന മഹാഗുരു ക്രിസ്തുവിന്റെ ഈ രൂപമാണ് ഒറ്റവാക്കിൽ പറഞ്ഞിരിക്കുന്നത് **'ലോകത്തിനു മരിക്കുന്നതും അഹത്തിനു മരിക്കുന്നതും'** ഒന്നാണ് എന്ന്. മൃദുവാകുന്നവൻ അഹത്തിനു മരിക്കേണ്ടതായുണ്ട്.

മൃദുവായവർ ധൂർത്തിന്റെ സംസ്കാരത്തിൽ നിന്നും മാറി നടക്കേണ്ടവരാണ്. ദൈവത്തിന്റെ എല്ലാ സൃഷ്ടികളേയും സഹോദര

BETHANY PUBLICATIONS www.malankaralibrary.com



തുല്യം സ്നേഹിക്കേണ്ടവരാണ്. ധൂർത്ത് മരണത്തിന്റെ വാതിൽ തുറക്കുന്നതാണ്. വിശാലവാതിലിന്റെ കാവല്ക്കാരനാണ് ധൂർത്ത്. ഭഗവത്ഗീത അത് ഇപ്രകാരം വിവരിക്കുന്നു.

"ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ
കാമഃ ക്രോധസ്തഥാ ലോഭസ്തസ്മാദേതത് ത്രയം ത്വജേൽ"
(ഗീത 16:21).

കാമവും ക്രോധവും, അന്യന്റെ സമ്പത്തിലുള്ള ആഗ്രഹവും നരകത്തിന്റെ വാതിൽ തുറക്കുന്നതാണ് എന്ന് ഗീത ഓർമ്മപ്പെടുത്തുന്നു. ഇതു മൂന്നിന്റേയും ധൂർത്തുകൾ മരണത്തിന്റെ വാതിൽ തുറക്കുന്നതാണ്. "ആത്മനഃനാശനം" എന്നാണ്, അതിൽ പ്രവേശിക്കുമ്പോൾ തന്നെ ആത്മാവ് നശിക്കുന്നു എന്ന് നമ്മെ പഠിപ്പിക്കുന്നു.

മണ്ണിനേയും മരത്തിനേയും മഴയേയും, പുഴയേയും പുഴുവിനെയും പൂമ്പാറ്റയേയും മനുഷ്യനേയും ഒരേപോലെ സ്നേഹിക്കേണ്ടവരാണ് മൃദുവായവർ. ദൈവത്തിന്റെ വഴിത്താരയിലെ ഭിക്ഷാംദേഹിയായ അസ്സീസിയിലെ ഫ്രാൻസിസ് മൃദുവായിത്തീർന്നവനാണ്. പുഴയിലെ മീനുകളോട് സുവിശേഷം പറഞ്ഞവൻ, ചെറുകിളികളെ കൈവെള്ളയിൽ കാത്തവൻ, ചെന്നായുടെ തോളിൽ കൈയിട്ടു നടന്നവൻ, മൃദുവായവർക്ക് അങ്ങനെ ആവാതെ തരമില്ല. ദൈവവും മനുഷ്യനും മൃഗങ്ങളും ഒന്നിച്ചു വസിക്കുന്നതാണ് ദൈവത്തിന്റെ രാജ്യം. പ്രകൃതിയെ സ്നേഹിക്കാത്തവർക്ക് എങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കുവാനാകും.

വേദം അവസാനിപ്പിക്കുമ്പോഴേക്കും ദൈവം കുറേക്കൂടെ കൃത്യമാക്കുന്നുണ്ട് മൃദുവാകാത്തവരുടെ അന്ത്യം. **"ജനതകൾ രോഷാകുലരായി. അങ്ങയുടെ ക്രോധം സമാഗതമായി. മരിച്ചവരെ വിധിക്കാനും അങ്ങയുടെ ദാസരായ പ്രവാചകൻമാർക്കും വിശുദ്ധർക്കും അങ്ങയുടെ നാമത്തെ ഭയപ്പെടുന്ന ചെറിയവർക്കും വലിയവർക്കും പ്രതിഫലം നൽകാനും ഭൂമിയെ നശിപ്പിക്കുന്നവരെ ഉൻമൂലനം ചെയ്യാനുമുള്ള സമയവും സമാഗതമായി"** (വെളിപാട് 11:18). പ്രകൃതിയെ നശിപ്പിക്കുന്നവരെ ഉന്മൂലനം ചെയ്യും എന്ന തന്റെ നിലപാട് കൃത്യതയോടെ ദൈവം ഇവിടെ അവതരിപ്പിക്കുന്നുണ്ട്, മലകളെ വിഴുങ്ങുന്നവരോടും, പുഴകളെ മലിനമാക്കുന്നവരോടും, വനങ്ങളെ മരുഭൂമി ആക്കുന്നവരോടും ഉള്ള മുന്നറിയിപ്പാണ് ഇത്.

BETHANY PUBLICATIONS www.malankaralibrary.com



ആകാശംപോലെ മൃദുവാകാൻ പരിശ്രമിക്കാം. അങ്ങനെ ക്രിസ്തുവിന്റെ വഴിത്താരയിലൂടെ തിരികെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാം.

**2. ലഘു:** ആകാശത്തിന്റെ രണ്ടാമത്തെ സവിശേഷതയായി പറഞ്ഞിരിക്കുന്നത് ആകാശം ലഘുവാണെന്നുള്ളതാണ്. ക്രിസ്തുവിന്റെ വഴിത്താരയിലൂടെ നടക്കുന്നവർ ക്രിസ്തുവിനോളം ലഘുവാകേണ്ടതുണ്ട്. **"എന്തെന്നാൽ, എൻെറ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്"** (മത്തായി 11:30). ഭാരം കുറഞ്ഞ, ലഘുവായ, നമുക്ക് വഹിക്കാൻ പ്രയാസമില്ലാത്ത, ഒരു ദൈവത്തെയാണ് ക്രിസ്തുവിലൂടെ അവതരിപ്പിക്കുന്നത്. ലഘു എന്ന ഗ്രീക്കുവാക്കിന് കുറേക്കൂടെ വ്യാപകമായ അർത്ഥങ്ങളുണ്ട്. നല്ലത്, സഹായകരമായത്, ദയയുള്ളത്, ലാഭകരമായ എന്നൊക്കെയാണ് അർത്ഥം കല്പിക്കപ്പെട്ടിട്ടുള്ളത്. പഞ്ചഭൂതമയമായ ആകാശത്താൽ നിർമ്മിതം എന്നു പറയുമ്പോൾ ഞാൻ ആകാശത്തിന്റെ സവിശേഷതയായ ഇതൊക്കെയായി തീരേണ്ടതാണെന്നർത്ഥം.

നാന്തഃ പ്രജ്ഞ ന ബഹിഃപ്രജ്ഞ നോഭയതഃ പ്രജ്ഞ
ന പ്രജ്ഞാന ഘനം ന പ്രജ്ഞ നാപ്രജ്ഞ
(മാണ്ഡുക്യ ഉപനിഷത്ത് 1:7)

ഈശ്വരൻ ഘനം ഇല്ലാത്തതാണെന്ന് മാണ്ഡുക്യ ഉപനിഷത്ത് പഠിപ്പിക്കുന്നു

എന്റെ നുകവും, ചുമടും എന്നൊക്കെ ക്രിസ്തു പറയുന്നത് തന്റെ പഠിപ്പിക്കലുകളെ കുറിച്ചാണ്. പരസ്പരം സ്നേഹിക്കണം എന്നതാണ് നാം ദൈവത്തിൽ നിന്നുള്ളവരാണെന്നതിന്റെ തെളിവ്. **"പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു"** (1 യോഹ.4:7). ദൈവത്തെപ്പോലെ ലഘുവായിത്തീരണമെങ്കിൽ ഞാൻ സ്നേഹമായി മാറണം. സ്നേഹമായി മാറിയവർക്കു മാത്രമേ ലഘുവും ഭാരംകുറഞ്ഞതുമായി മാറുവാൻ സാധിക്കൂ; ഞാൻ ദൈവത്തെപ്പോലെ സ്നേഹമായി മാറുന്നില്ലായെങ്കിൽ മറ്റുള്ളവർക്ക് ഘനവും ഭാരവുമായി ഞാൻ മാറും. നിയമജ്ഞരേയും ഫരിസേയരേയും കുറിച്ചുള്ള ക്രിസ്തുവിന്റെ സങ്കടം അതായിരുന്നു. **"അവർ ഭാരമുള്ള ചുമടുകൾ**

BETHANY PUBLICATIONS www.malankaralibrary.com



**മനുഷ്യരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയ്യാറാകുന്നുമില്ല"** (മത്താ.23:4). ഞാൻ ക്രിസ്തു തെളിച്ച വഴിയിലൂടെയാണോ എന്ന് തീരുമാനിക്കുന്നത് ഇവിടെയാണ്. എന്റെ കുടുംബത്തിൽ ഞാൻ ഭാരമായി മാറുന്നുണ്ടോ, ഇടവകയിൽ, അയൽക്കാർക്ക്... എന്നെ കണ്ടുമുട്ടുന്നവർക്ക്... ഞാൻ സ്നേഹമായി അനുഭവപ്പെടുന്നില്ലായെങ്കിൽ ആകാശത്തോളം ലഘുവായില്ലായെന്നു ചുരുക്കം.

**3. മിനുസമുള്ളത്:** ആകാശത്തിന്റെ മൂന്നാമത്തെ സവിശേഷത അത് മിനുസമുള്ളതാണെന്നതാണ്. മിനുസമുള്ളത് എന്നതിനു കാപട്യം ഇല്ലാത്തത് എന്നുകൂടെ അർത്ഥമുണ്ട്; ദൈവത്തിന്റെ സവിശേഷതകളിൽ ഒന്നുകൂടെയാണ് കാപട്യം ഇല്ലായ്മ. **"നീതിമാന്റെ മാർഗം നിരപ്പുള്ളതാണ്; അവിടുന്ന് അതിനെ മിനുസമുള്ളതാക്കുന്നു"** (ഏശയ്യാ 26:7). ഏറെ ശ്രദ്ധിക്കപ്പെടേണ്ട തിരുവചനമാണ് ഇത്, കപടതയില്ലാത്തവന്റെ വഴികൾ മാത്രമേ ഉടയവൻ മിനുസമുള്ളതാക്കുകയുള്ളു എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്; അതിസ്വാഭാവിക നീതിയാണ് തമ്പുരാന്റേത്. കപടതയുടെ മുഖംമൂടികൾ എന്നെ മിനുസ്സമുള്ളവനാക്കുകയില്ല എന്ന ബോദ്ധ്യം എന്നിൽ ഉണരണം. ചുങ്കക്കാരും ഗണികകളും ക്രിസ്തുവിന്റെ ചിറകിനടിയിൽ അഭയം കണ്ടെത്തിയപ്പോൾ, മുഖംമൂടികൾ അണിഞ്ഞ നിയമജ്ഞരോടും ഫരിസേയരോടും ക്രിസ്തു കലഹിക്കുന്നു.

ഞാൻ മിനുസമുള്ളവൻ ആയില്ലായെങ്കിൽ എനിക്കു മാത്രമല്ല അത് ലോകത്തിനു മുഴുവനും അപകടമാണ്. **"ഒരുവൻ ചെയ്യുന്ന നീചകർമ്മങ്ങൾ പരക്കെയുള്ള മാനവർക്കൊക്കെ ഭവിച്ചീടും"** എന്ന് ആർഷഭാരതത്തിന്റെ നീതിശാസ്ത്രം പഠിപ്പിക്കുന്നു. ഒരുവൻ പുഴ മലിനമാക്കിയാൽ അത് ഒഴുകിയെത്തുന്ന ദേശത്തെല്ലാം മരണം വിതയ്ക്കും. പൗലോസ് ശ്ലീഹാ വളരെ കർക്കശമായി മിനുസമില്ലാത്തവരെക്കുറിച്ച് റോമായിലെ സഭയ്ക്ക് എഴുതുന്നു. **"സഹോദരരേ, നിങ്ങൾ പഠിച്ച തത്വങ്ങൾക്കു വിരുദ്ധമായി പിളർപ്പുകളും ദുർമാതൃകകളും ഉണ്ടാക്കുന്നവരെ ശ്രദ്ധിച്ചുകൊള്ളണം എന്നു ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. അവരെ നിരാകരിക്കുവിൻ"** (റോമ.16:17). മിനുസമില്ലാത്തവരെ നിരാകരിക്കുവിൻ എന്ന് വളരെ ക്ഷോഭത്തോടെ പറയുന്നു; കാരണം ഞാൻ മിനുസമില്ലാത്തവനായിത്തീർന്നാൽ സമൂഹം മുഴുവനേയും അത് നശിപ്പിക്കും.

BETHANY PUBLICATIONS www.malankaralibrary.com



കർത്താവിന്റെ വഴി ഒരുക്കുവിൻ എന്ന സ്നാപകന്റെ ശബ്ദം ആകാശത്തിന്റെ മിനുസത്തെ ഓർമ്മപ്പെടുത്തുന്നതാണ്. മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം **"അവൻെറ പാത നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും, കുന്നും മലയും നിരത്തപ്പെടും, വളഞ്ഞ വഴികൾ നേരെയാക്കപ്പെടും, പരുപരുത്തവ മൃദുവാക്കപ്പെടും"** (ലൂക്ക 3:5). എന്റെയും ഉത്തരവാദിത്വം ഇതാണ്, എന്റെ നടവഴികൾ ക്രിസ്തുവിന്റെ വഴിത്താരയിലൂടെയാണെങ്കിൽ വളഞ്ഞ വഴികൾ നേരെയാക്കപ്പെടും. പരുപരുത്തവ മിനുസമുള്ളതായി മാറും. ഞാൻ മിനുസമുള്ളവനായിത്തീർന്നാൽ അതിന്റെ ഏറ്റവും വലിയ നന്മ **"സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും"** (ലൂക്ക 3:6) എന്നുള്ളതാണ്. എന്നെ ക്രിസ്തു വിളിച്ചിരിക്കുന്നത് ഇതിനു വേണ്ടി മാത്രമാണ്. ദൈവത്തിന്റെ രക്ഷ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കാൻ. വളഞ്ഞ വഴിയിലൂടെയുള്ള എന്റെ യാത്രകൾ അവസാനിപ്പിക്കേണ്ടതായുണ്ട്. **"യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല"** (യോഹ.14:6). ക്രിസ്തുവാകുന്ന വഴിയിലൂടെ നടന്ന്, വഴികൾ നേരെയാക്കി, സത്യത്തിൽ നിന്നും കാലുകൾ വഴുതാതെ ജീവനിൽ എത്താം, അതിനു ഞാൻ മിനുസമുള്ളവനായി തീരണം.

**4. എല്ലാത്തിനേയും ഉൾക്കൊള്ളുന്നത്:** ആകാശത്തിന്റെ സവിശേഷതയാണ് എല്ലാത്തിനേയും ഉൾക്കൊള്ളുക എന്നത്. "എല്ലാം നിലനിൽക്കുന്നത് ആകാശത്തിലാണ്. ആകാശം ഇല്ലായെങ്കിൽ ഒന്നിനും നിലനില്പില്ല" (വേദാന്തവിജ്ഞാനം). ഇത് ദൈവത്തിന്റെ സവിശേഷതയാണ്. ഞാൻ എന്ന പഞ്ചഭൂത നിർമ്മിതിക്കും ഉണ്ടാകേണ്ട സവിശേഷതയാണ് എല്ലാത്തിനേയും ഉൾക്കൊള്ളുക എന്ന ഗുണം. അവനിൽ സമസ്തവും സ്ഥിതി ചെയ്യുന്നു എന്നൊക്കെ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് ഈ സവിശേഷതയാണ്. **"കാരണം, അവനിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. സിംഹാസനങ്ങളോ ആധിപത്യങ്ങളോ ശക്തികളോ അധികാരങ്ങളോ എന്തുമാകട്ടെ, എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. അവനാണ് എല്ലാറ്റിനും മുമ്പുള്ളവൻ; അവനിൽ സമസ്തവും സ്ഥിതിചെയ്യുന്നു"** (കൊളോ 1:16-17). ക്രിസ്തുവിനെപ്പോലെ ആകാൻ വിളിക്കപ്പെട്ടവനാണ് ഞാൻ. എന്നെപ്പോലെ എന്റെ അയല്ക്കാരനെ സ്നേഹിക്കുമ്പോൾ ക്രിസ്തുവിന്റെ സവിശേഷത എന്നിലേക്ക്

BETHANY PUBLICATIONS www.malankaralibrary.com



ആവാഹിക്കപ്പെടും. സമസ്തവും എന്റെ സ്നേഹവലയത്തിൽ ആക്കപ്പെടും.

ഉപനിഷത്തുകളും, ഗീതയും, എല്ലാത്തിനേയും ഉൾക്കൊള്ളുന്ന ദൈവീകഭാവം വെളിപ്പെടുത്തുന്നുണ്ട്. ഭഗവത്ഗീത ഇപ്രകാരം പറയുന്നു:

"അഥവാ ബഹുനൈതേന കിം ജ്ഞാതേന തവാർജ്ജുന
വിഷ്ടഭ്യാഹമിദം കൃൽസ്നമേകാംശേന സ്ഥിതോജഗൽ"

(ഗീത 10:42)

ഞാൻ ഈ ജഗത്താസകലത്തേയും ഒരംശംകൊണ്ട് വ്യാപിച്ചു. ഭഗവാന്റെ ഒരംശംകൊണ്ട് ഈ ഭൂമി മുഴുവനേയും വലയം ചെയ്തിരിക്കുന്നു എന്നു പറയുമ്പോൾ, ഈ ജഗത്തിലുള്ള എല്ലാ വസ്തുക്കളും സ്ഥിതി ചെയ്യുന്നത് ഭഗവാനിലാണ് എന്നു സാരം. എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന ആകാശഭാവം. ഇതു തന്നെ ഉപനിഷത്തുക്കളും പറയുന്നു.

"അഹമന്നമന്നമദന്തമാദ്മി അഹം വിശ്വം ഭുവനമഭ്യവോം
സുവർണ്ണജ്യോതിഃയ ഏവം വേദ ഇത്യുപനിഷദ"

(സുധാസിന്ധു, പേജ് 48)

ഞാനാണ് വിശ്വം, ഞാൻ തന്നെയാണ് ഭുവനജേതാവ്, ഞാൻ സുവർണ്ണജ്യോതിയാണ്, ഇതറിയുക, ഇതാണ് ഉപനിഷത്ത്. എല്ലാം ഉൾക്കൊള്ളുന്ന ദൈവഭാവം. ഈശാവാസ്യം ഇദം സർവ്വം എന്ന് ഈശാവാസ്യോപനിഷത്തുകാരൻ പറയുന്നതും ഇതു തന്നെയാണ്.

മൃദുവായി, ലഘുവായി, മിനുസമുള്ളതായി, എല്ലാത്തിനേയും ഉൾക്കൊള്ളുന്നതായി മാറുമ്പോൾ, **"എന്റെ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരാകുവിൻ"** എന്ന് ക്രിസ്തു എന്നോട് ആവശ്യപ്പെട്ടത് പൂർത്തിയാകും. പഞ്ചഭൂതനിർമ്മിതി എന്നെ വിളിക്കുകയാണ് ആകാശത്തോളം വലുതാകാൻ. ചക്രവാളത്തോളം വളരുമ്പോൾ ഞാൻ ക്രിസ്തുവിനൊപ്പം എത്തും. എന്റെ ഉള്ളിൽ ഇടം ഇല്ലാത്തതൊന്നും ഈ ഭൂമിയിൽ ഉണ്ടാകരുതേ എന്ന് ആകാശങ്ങളുടെ നാഥനോട് പ്രാർത്ഥിക്കാം.

BETHANY PUBLICATIONS www.malankaralibrary.com

# 6. നാസിക



പഞ്ചേന്ദ്രിയങ്ങളാൽ നിർമ്മിതമായ മനുഷ്യൻ,
ദൈവത്തിൽ നിന്ന് ജീവൻ സ്വീകരിക്കേണ്ടതാണ് എന്ന ബോദ്ധ്യപ്പെടുത്തൽ
നാസിക തരുന്നുണ്ട്.

**"നോഹ കർത്താവിന് ഒരു ബലിപീഠം നിർമിച്ചു. ശുദ്ധിയുള്ള എല്ലാ മൃഗങ്ങളിലും പക്ഷികളിലുംനിന്ന് അവൻ അവിടുത്തേക്ക് ഒരു ദഹനബലിയർപ്പിച്ചു. ആ ഹൃദ്യമായ ഗന്ധം ആസ്വദിച്ചപ്പോൾ കർത്താവു പ്രസാദിച്ചരുളി: മനുഷ്യൻ കാരണം ഭൂമിയെ ഇനിയൊരിക്കലും ഞാൻ ശപിക്കുകയില്ല. എന്തെന്നാൽ തുടക്കംമുതലേ**

BETHANY PUBLICATIONS www.malankaralibrary.com



**അവൻെറ അന്തരംഗം തിൻമയിലേക്കു ചാഞ്ഞിരിക്കയാണ്. ഇപ്പോൾ ചെയ്തതുപോലെ ജീവജാലങ്ങളെയെല്ലാം ഇനിയൊരിക്കലും ഞാൻ നശിപ്പിക്കുകയില്ല"** (ഉൽ. 8:20–21).

പഞ്ചേന്ദ്രിയങ്ങൾ എല്ലാം പ്രധാനപ്പെട്ടതാണെങ്കിലും ജീവശ്വാസത്തെ ഉള്ളിലേക്ക് ആവാഹിച്ചെടുക്കുന്ന നാസിക മനുഷ്യശരീരത്തിൽ ഏറ്റം പ്രധാനപ്പെട്ടതാണ്. പഞ്ചഭൂതങ്ങളിലെ ഭൂമിയുടെ ഇന്ദ്രിയമായും നാസികയെ കരുതപ്പെടുന്നു. ഗന്ധഗുണമുള്ളതാണ് പൃഥ്വി. അതുകൊണ്ടുതന്നെ ഗന്ധത്തെ സ്വീകരിക്കുന്ന നാസികയാണ് ഭൂമിയുടെ ഇന്ദ്രിയം. ഭാരതീയചിന്തകളിൽ ഇന്ദ്രിയങ്ങളെ രണ്ടായി തിരിച്ചിരിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങൾ എന്നും കർമ്മേന്ദ്രിയങ്ങൾ എന്നും.

ഇന്ദ്രിയം എന്ന വാക്ക് സംസ്കൃതത്തിലെ രണ്ടു വാക്കുകൾ ചേർന്നുണ്ടായതാണ്. "ഇൻ," "ദ്രവന്തി" വിഷയങ്ങൾ അല്ലെങ്കിൽ വസ്തുക്കൾ എന്നാണ് 'ഇൻ' അർത്ഥമാകുന്നത്. നേരേ പോകുക (flow or move towards) എന്നതാണ് 'ദ്രവന്തി'യുടെ അർത്ഥം. ഇന്ദ്രിയം എന്നത് വിഷയങ്ങളിലേക്കോ വസ്തുക്കളിലേക്കോ നേരേ നീങ്ങുന്നത് എന്ന് അർത്ഥം. ഇന്ദ്ര എന്ന ധാതുവിൽ നിന്നാണ് ഇതിന്റെ ഉത്ഭവം; ആത്മാവ് എന്നാണ് ഇന്ദ്രയുടെ അർത്ഥം. ആത്മാവ് അറിവിനെ സ്വീകരിക്കുന്നത് ഇന്ദ്രിയങ്ങളിലൂടെയാണ്.

**ജ്ഞാനേന്ദ്രിയങ്ങൾ:** കണ്ണ്, ചെവി, മൂക്ക്, നാവ്, ത്വക്ക് ഇവയാണ് ജ്ഞാനേന്ദ്രിയങ്ങൾ. ആത്മാവിന് അറിവിനെ എത്തിച്ചു കൊടുക്കുന്നതുകൊണ്ടാണ് ഇവയെ ജ്ഞാനേന്ദ്രിയങ്ങൾ എന്നു വിളിക്കുന്നത്. ഇന്ദ്രിയങ്ങൾ, ഇന്ദ്രിയാർത്ഥങ്ങളോട് (sense object) ബന്ധപ്പെടുന്നതിലൂടെ അറിവുകൾ മനസ്സിലെത്തുകയും ബുദ്ധി (intellect) അതിനെ പരിശോധിച്ച് കൃത്യത വരുത്തുകയും ചെയ്യുന്നു. ആത്യന്തികമായി ആത്മാവ് ന്യായാന്യായങ്ങളെ പരിശോധിച്ച് അറിവിനെ സ്വീകരിക്കുന്നു.

**കർമ്മേന്ദ്രിയങ്ങൾ:** പേരുപോലെ തന്നെ നിത്യജീവിതത്തിലെ കർമ്മങ്ങളുമായി ബന്ധപ്പെട്ട ഇന്ദ്രിയങ്ങളാണ് ഇത്. പാദ, പാണി, പായു, ഉപസ്ത, വായ – അഞ്ച് കർമ്മേന്ദ്രിയങ്ങൾ ഇവയാണ്. ചലനഹേതുകങ്ങളായ അവയവങ്ങളാണ് കർമ്മേന്ദ്രിയങ്ങൾ.

ജ്ഞാനേന്ദ്രിയത്തിൽ ഉൾപ്പെട്ട നാസിക ശ്വസന വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. ചെറിയ ഒരു അവയവമാണെങ്കിലും ശരീര

BETHANY PUBLICATIONS www.malankaralibrary.com



ത്തിലെ ഏറ്റം പ്രധാനപ്പെട്ട സ്ഥാനം അലങ്കരിക്കുന്നുണ്ട് നാസിക. നമ്മുടെ ശരീരത്തിലെ നാസിക കുറേയേറെ കാര്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

**1. ദൈവം ജീവനാകുന്നു:** പഞ്ചേന്ദ്രിയങ്ങളാൽ നിർമ്മിതമായ മനുഷ്യൻ, ദൈവത്തിൽ നിന്ന് ജീവൻ സ്വീകരിക്കേണ്ടതാണ് എന്ന ബോദ്ധ്യപ്പെടുത്തൽ നാസിക തരുന്നുണ്ട്. സൃഷ്ടികളുടെ വിവരണം തരുമ്പോൾ വേദം ഇത് ഓർമ്മപ്പെടുത്തുന്നു. **"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവൻെറ ശ്വാസം അവൻെറ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു"** (ഉല്പത്തി 2:7).

നിർജ്ജീവനായിരുന്നവൻ ജീവൻ പ്രാപിച്ചത് അവന്റെ മൂക്കിലൂടെ ദൈവത്തിന്റെ ജീവൻ കടന്നുവന്നപ്പോഴാണ്. വേദത്തിന്റെ വെളിച്ചം എന്റെ ബോധ്യങ്ങളെ ഉണർത്തണം. ഞാൻ ജീവൻ പ്രാപിക്കേണ്ടവ നാണ്. ആരിൽ നിന്നാണ് ഈ ജീവൻ ഞാൻ പ്രാപിക്കേണ്ടത് എന്ന് യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിലൂടെ നമ്മോടു പറഞ്ഞു വയ്ക്കുന്നു. **"മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണു കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാ കാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10).** ക്രിസ്തുവിൽ നിന്നാണ് ഞാൻ ജീവൻ പ്രാപിക്കുന്നത് എന്ന് വളരെ കൃത്യമായി യോഹന്നാൻ ശ്ലീഹാ പഠിപ്പിക്കുകയാണ്.

ദൈവത്തെക്കൊണ്ടു ഞാൻ നിറയപ്പെടേണ്ടവനാണെന്നുള്ള ഓർമ്മപ്പെടുത്തൽ, എന്റെ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ പരിപൂർണരാകുവാനുള്ള ക്രിസ്തുവിന്റെ ക്ഷണമാണ്. ഞാൻ നിറയ പ്പെട്ടാൽ മാത്രമേ ആ ജീവൻ എന്നിൽ നിന്നും കവിഞ്ഞൊഴുകുക യുള്ളു. അങ്ങനെ ജീവൻ ലോകം മുഴുവനും ഒഴുകിപ്പരക്കണം; ജീവന്റെ സമൃദ്ധിയാകുവാനുള്ള ഓർമ്മപ്പെടുത്തലാണ് നാസിക. ക്രിസ്തു വിനോടു ചേർന്നു നടന്നാൽ ഞാൻ ജീവന്റെ പൂർണ്ണതയായി മാറും.

**2. അരിച്ചെടുക്കുന്നത്:** ജീവനെ സ്വീകരിക്കുന്നതോടൊപ്പം നാസിക ഒരു ഫിൽറ്ററായും പ്രവർത്തിക്കുന്നു. എന്റെ ജീവനിലേക്ക് ആവശ്യ മില്ലാത്തത് ഒന്നും കടന്നുവരാതിരിക്കാൻ നാസിക സദാ ജാഗരൂകമാണ്. വലിയ പൊടിപടലങ്ങൾ കടന്നുവരാതിരിക്കാൻ രോമങ്ങൾ നാസികാ

BETHANY PUBLICATIONS www.malankaralibrary.com



ഗ്രത്തിൽ പ്രവർത്തനനിരതമാണ്; കഫചർമ്മം (mucus membrane) ഉത്പാദിപ്പിക്കുന്ന കഫം പൊടിപടലങ്ങളേയും രോഗാണുക്കളേയും ചെറിയ വസ്തുക്കളേയും ഉള്ളിലേക്ക് പോകാതെ തടഞ്ഞുനിർത്തുന്നു. പൗലോസ് ശ്ലീഹാ തെസലോനിക്കാർക്ക് എഴുതുമ്പോൾ ദൈവത്തിന്റെ രാജ്യത്തിലേക്കുള്ള യാത്രയിലും ഇതേപോലെ ഒരു പ്രക്രിയയെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു **"എല്ലാം പരിശോധിച്ചുനോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ. എല്ലാത്തരം തിൻമയിലുംനിന്ന് അകന്നുനിൽക്കുകയും ചെയ്യുവിൻ"** (1 തെസ 5:21,22). മൂന്നു കാര്യങ്ങളാണ് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്.

**എല്ലാം പരിശോധിച്ചു നോക്കുവിൻ:** എന്റെ ചിന്തകളും വാക്കുകളും പ്രവർത്തികളും ഞാൻ പരിശോധിച്ചു നോക്കേണ്ടതായുണ്ട്. ആർഷഭാരതത്തിന്റെ ചിന്തകളിൽ ഏറ്റം പ്രധാനപ്പെട്ടതാണ് "മനസ്സാ, വാചാ, കർമ്മണാ, ശുദ്ധിയുള്ളവനാകുക എന്നത്. മത്തായി ശ്ലീഹായിലൂടെ ക്രിസ്തു ഇത് നമ്മെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. **"എന്നാൽ, വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു"** (മത്തായി 15:18). ചിന്തയിൽ നിന്നാണ് എല്ലാം ഉറവയെടുക്കുന്നത്; അതാണ് വാക്കിലൂടെയും പ്രവർത്തിയിലൂടെയും പുറത്തേക്ക് ഒഴുകുന്നത്. എന്റെ ചിന്തകൾ ക്രിസ്തുവെന്ന അരിപ്പയിലൂടെ ഞാൻ അരിച്ചെടുക്കേണ്ടതായുണ്ട്. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ വ്യഭിചാരം ചെയ്യുന്നു എന്നൊക്കെ ക്രിസ്തു പഠിപ്പിച്ചത് അതുകൊണ്ടാണ്. **"എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു"** (മത്തായി 5:28).

ചിന്തകൾ ശുദ്ധമായാൽ വാക്കുകൾ മധുരമാകും. സങ്കീർത്തകൻ ഇത് മനോഹരമായി അവതരിപ്പിക്കുന്നുണ്ട്. **"അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിനു തേനിനെക്കാൾ മധുരമാണ്"** (സങ്കീ.119:103). എന്തുകൊണ്ടാണ് വാക്കു മധുരമാകുന്നതെന്ന് സങ്കീർത്തകൻ നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. **"അങ്ങയുടെ വചനം പാലിക്കാൻവേണ്ടി ഞാൻ സകല ദുർമാർഗങ്ങളിലും നിന്ന് എന്റെ പാദങ്ങൾ പിൻവലിക്കുന്നു. അവിടുന്ന് എന്നെ പഠിപ്പിച്ചതുകൊണ്ട് ഞാൻ അങ്ങയുടെ**

**കൽപനകളിൽനിന്നു വ്യതിചലിച്ചില്ല''** (സങ്കീ.119: 101-102). ക്രിസ്തുവിൽ നിന്നും പഠിച്ചതുകൊണ്ട് എന്റെ ചിന്തകൾ ശുദ്ധമായി, മനസ്സിൽ സ്നേഹം നിറഞ്ഞാൽ മധുരമൊഴികൾ നിറഞ്ഞൊഴുകും. വാക്കു മധുരമായാൽ മനസ്സും ശരീരവും രോഗങ്ങൾ ഇല്ലാത്തതാകും **"ഹൃദ്യമായ വാക്കു തേനറപോലെയാണ്; അത് ആത്മാവിനു മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്"** (സുഭാ.16:24).

പ്രവൃത്തികൾ ശുദ്ധമാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൗലോസ് ശ്ലീഹാ കൊളോസോസുകാർക്ക് എഴുതുന്നുണ്ട്. **"നിങ്ങളുടെ ജോലി എന്തുതന്നെയായിരുന്നാലും മനുഷ്യനെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർഥതയോടെ ചെയ്യുവിൻ''** (കൊളോ 3:23). നിങ്ങളുടെ പ്രവൃത്തി എന്തു തന്നെയായാലും ക്രിസ്തുവാകുന്ന അരിപ്പയിലൂടെ അരിച്ചെടുക്കാത്ത ഒന്നും നിങ്ങളുടെ പ്രവൃത്തിയിൽ നിഴലിക്കരുത് എന്ന് ശ്ലീഹാ നിർബന്ധം പിടിക്കുന്നു. ചിന്തകൾ ശുദ്ധമായി വാക്കുകൾ മധുരമാകുമ്പോൾ എന്റെ എല്ലാ കർമ്മങ്ങളും ദൈവരാജ്യത്തിലേക്കുള്ള നടവഴികൾ ആകും.

മനസ്സാ, വാചാ, കർമ്മണാ ശുദ്ധനായവൻ ദൈവവുമായി ഒന്നായിച്ചേരുന്നു എന്ന് ഭഗവത്ഗീതയും പഠിപ്പിക്കുന്നു. "ഒരുവൻ എപ്പോൾ സകല സങ്കല്പങ്ങളേയും സന്ന്യസിച്ചു വിഷയങ്ങളിലും കർമ്മങ്ങളിലും ആസക്തിയെ ചെയ്യുന്നില്ലയോ അപ്പോൾ അവൻ യോഗാരൂഢൻ എന്ന് പറയപ്പെടുന്നു" (ഗീത 6:4). മനസാ, വാചാ, കർമ്മണാ, ആസക്തി വെടിഞ്ഞവൻ ശാന്തനായിത്തീരുന്നു. മനസ്സു ശാന്തമായവൻ തമ്പുരാന്റെ തിരുമുമ്പിൽ ആണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ തെസലോനിക്കരോടു പറഞ്ഞത് എല്ലാം പരിശോധിക്കണം എന്ന്. ശരീരത്തിനു നാസിക പോലെ, ചിന്തയിലേക്ക് ക്രിസ്തുവിലൂടെയല്ലാതെ ഒന്നും അകത്തേക്കു പ്രവേശിക്കുവാൻ പാടില്ല.

**നല്ലതു മുറുകെപ്പിടിക്കുക:** തെസലോനിക്കക്കാരോട് പൗലോസ് ശ്ലീഹാ പറയുന്നു. എന്തു കാര്യവും പരിശോധിച്ചു നോക്കണം, ശേഷം നല്ലതു മുറുകെ പിടിക്കണം. എന്താണ് നല്ലതെന്നു തിമോത്തിയോസിനോട് പൗലോസ് ശ്ലീഹാ വിവരിക്കുന്നുണ്ട്. **"അതിനാൽ, യുവസഹജമായ മോഹങ്ങളിൽനിന്നു ഓടിയകലുക; പരിശുദ്ധ**

BETHANY PUBLICATIONS www.malankaralibrary.com



**ഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവരോടു ചേർന്ന് നീതി, വിശ്വാസം സ്നേഹം, സമാധാനം എന്നിവയിൽ ലക്ഷ്യം വയ്ക്കുക"** (2 തിമോ.2: 22). സങ്കീർത്തകൻ ഒന്നുകൂടെ ഇത് ഉറപ്പിച്ചു പറയുന്നു. **"യുവാവു തന്റെ മാർഗം എങ്ങനെ നിർമലമായി സൂക്ഷിക്കും? അങ്ങയുടെ വചനമനുസരിച്ചു വ്യാപരിച്ചുകൊണ്ട്"** (സങ്കീ 119:9) നല്ലതു മനസ്സിലാക്കി അതു മുറുകെപ്പിടിച്ച് നേരായ വഴിയിൽ നടക്കണമെങ്കിൽ ദൈവത്തിന്റെ വചനം എന്റെ ഹൃദയത്തിൽ എഴുതിച്ചേർത്തിരിക്കണം.

**തിന്മയിൽ നിന്ന് അകന്നുനില്ക്കുക:** അവസാനമായി ശ്ലീഹാ പറയുന്നു, തിന്മയിൽ നിന്ന് അകന്നു നില്ക്കുക എന്ന്. വേദം മുഴുവനും പറഞ്ഞുവെയ്ക്കുന്നത് തിന്മയിൽ നിന്ന് മാറി നടക്കുന്നതിനുള്ള വഴികളാണ്. **"ദുഷ്ടരുടെ പാതയിൽ പ്രവേശിക്കരുത്; ദുർജന ങ്ങളുടെ മാർഗത്തിൽ ചരിക്കയുമരുത്. അതിൽ നിന്നൊഴിഞ്ഞു നിൽക്കുക; അതിൽ സഞ്ചരിക്കരുത്; അതിൽനിന്ന് അകന്നുമാറി കടന്നുപോവുക"** (സുഭാ 4:14,15). നല്ലതിനെ അരിച്ചെടുത്ത് തിന്മയെ പുറംതള്ളി തമ്പുരാന്റെ വഴികളിലൂടെ നടക്കാൻ നമുക്ക് പരിശ്രമിക്കാം.

**3. ശുദ്ധവും അശുദ്ധവും:** നാസികയുടെ പ്രധാനപ്പെട്ട ജോലികളിൽ ഒന്നാണ് ഗന്ധങ്ങളെ തിരിച്ചറിയുക എന്നത്. നല്ലതും അല്ലാത്തവയും തിരിച്ചറിയുന്നതിന് ഗന്ധങ്ങൾ നമ്മെ സഹായിക്കും. നാസിക നമ്മെ ഓർമ്മപ്പെടുത്തുന്നതും ഇതാണ്. ക്രിസ്തുവിന്റെ വഴിത്താരകളിൽ നടക്കാനുറച്ചവർ ശുദ്ധവും അശുദ്ധവും വേർ തിരിച്ചറിയണം. ദൈവത്തിന്റെ സന്നിധിയിലേക്ക് വരുന്നവർക്കുള്ള പ്രധാനപ്പെട്ട മുന്നറിയിപ്പിതാണ്. **"വിശുദ്ധവും അവിശുദ്ധവും, ശുദ്ധവും അശുദ്ധവും നിങ്ങൾ വേർതിരിച്ചറിയണം"** (ലേവ്യർ 10:10). ക്രിസ്തുവിന്റെ വഴികളിലൂടെ നടക്കുന്നവർ ഇവ തിരിച്ചറിഞ്ഞി ല്ലായെങ്കിൽ പുറകെ നടന്നുവരുന്നവർക്ക് ഇടർച്ചയ്ക്കു കാരണമാകും. എന്റെ കാലുകൾ വഴിമാറി പോകുന്നതോടൊപ്പം അനേകരെ ലക്ഷ്യത്തിൽ നിന്നു അകറ്റുകയും ചെയ്യും.


ബ്രഹ്മത്തെ ധ്യാനിക്കേണ്ടത് പരിശുദ്ധമായ സ്ഥലത്ത് ആയിരി ക്കണം എന്ന് ഭഗവത്ഗീതയും അനുശാസിക്കുന്നു. "പരിശുദ്ധമായ സ്ഥലത്ത് ഇരുന്ന് മനസ്സിനെ ഏകാഗ്രമാക്കിയിട്ട് മനസ്സിന്റേയും ഇന്ദ്രിയ ങ്ങളുടേയും വ്യാപാരങ്ങളെ അടക്കിയവനായി മനഃശുദ്ധിക്കായി

ക്കൊണ്ട് ബ്രഹ്മധ്യാനത്തെ ചെയ്യേണ്ടതാകുന്നു'' (ഗീത 6:11). പരിശുദ്ധമായ സ്ഥലത്തേക്ക് കടന്നുവന്നവനുമാത്രമേ മനസ്സിനേയും ഇന്ദ്രിയങ്ങളേയും അടക്കി തമ്പുരാന്റെ വഴിയിലൂടെ മുന്നേറാൻ കഴിയൂ. നാസികയുടെ ഓർമ്മപ്പെടുത്തലും അതാണ്. ശുദ്ധവും അശുദ്ധവും ഏതാണെന്ന് ഞാൻ മനസ്സിലാക്കണം.

എല്ലാം പരിശോധിച്ചു നോക്കി മനസ്സാ, വാചാ, കർമ്മണാ ശുദ്ധിയുള്ളവനാകുമ്പോൾ ജീവന്റെ നാഥൻ എന്റെ ഉള്ളിലേക്ക് കടന്നുവരും. ശുദ്ധവും അശുദ്ധവും എന്താണെന്നു ഞാൻ വേർതിരിച്ചറിയും. അപ്പോൾ നന്മയെ മുറുകെ പിടിക്കുവാനും തിന്മയെ ജീവിതത്തിൽ നിന്നും മാറ്റി നിർത്തുവാനും ഞാൻ പ്രാപ്തനാകും. നന്മയുടെ ഹൃദ്യമായ ഗന്ധം എന്നിൽ നിന്ന് പുറപ്പെടുമ്പോൾ ഞാനും എന്റെ കൂടെയുള്ളവരും പ്രകൃതിയും ഒരേപോലെ ദൈവത്തിന്റെ മുമ്പിൽ ഓർമ്മിക്കപ്പെടും. **"ആ ഹൃദ്യമായ ഗന്ധം ആസ്വദിച്ചപ്പോൾ കർത്താവു പ്രസാദിച്ചരുളി: മനുഷ്യൻ കാരണം ഭൂമിയെ ഇനിയൊരിക്കലും ഞാൻ ശപിക്കുകയില്ല. എന്തെന്നാൽ തുടക്കംമുതലേ അവൻെറ അന്തരംഗം തിൻമയിലേക്കു ചാഞ്ഞിരിക്കയാണ്. ഇപ്പോൾ ചെയ്തതുപോലെ ജീവജാലങ്ങളെയെല്ലാം ഇനിയൊരിക്കലും ഞാൻ നശിപ്പിക്കുകയില്ല''** (ഉല്പ 8:21). നന്മയുടെ സുഗന്ധത്തിന്റെ വഴിയിലൂടെ യാത്ര തുടങ്ങാം. അവസാനിക്കുന്നത് തമ്പുരാന്റെ രാജ്യത്തിലാകട്ടെ...

www.malankaralibrary.com

# 7. നാവ്



എല്ലാ ഇന്ദ്രിയങ്ങളേയും വിജയിച്ചിട്ടും
നാവിനെ വിജയിച്ചില്ലെങ്കിൽ ജിതേന്ദ്രിയൻ എന്നു പറയുവാൻ സാധ്യമല്ല

**"ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ പറയുന്ന ഓരോ വ്യർഥവാക്കിനും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടിവരും. നിൻെറ വാക്കുകളാൽ നീ നീതീകരിക്കപ്പെടും; നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും"** (മത്താ 12: 36,37).

ഞാൻ എന്ന വ്യക്തിയെ ലോകത്തിനു മുമ്പിൽ തുറന്നു വെയ്ക്കുന്നത് നാവാണ്. എല്ലാ വേദങ്ങളും ഏറ്റവും അപകടം പിടിച്ച അവയവമായിട്ടാണ് നാവിനെ അവതരിപ്പിക്കുന്നത്. പഞ്ചേന്ദ്രിയങ്ങളിൽ

BETHANY PUBLICATIONS www.malankaralibrary.com



വച്ചു നാവാണ് ബൈബിളിൽ കൂടുതൽ പ്രാവശ്യം പരാമർശിക്കപ്പെട്ടിട്ടുള്ളതും അപവാദം കേട്ടിട്ടുള്ളതും. "ദുഷ്ടത നിറഞ്ഞതാണ്, വഞ്ചനയുള്ളതാണ്, അഴിമതിയുള്ളതാണ്, മുഖസ്തുതി പറയുന്നതാണ്, അപവാദം പറയുന്നതാണ്, നുണ പറയുന്നതാണ്, ദൈവദൂഷണം പറയുന്നതാണ്, വിഡ്ഢിത്തം കാട്ടുന്നതാണ്, പൊങ്ങച്ചം പറയുന്നതാണ്, പരാതിയുള്ളതാണ്, ശപിക്കുന്നതാണ്, കലഹം ഉണ്ടാക്കുന്നതാണ്, വിഷയാസക്തിയിലേക്ക് നയിക്കന്നതാണ്'' ഇത്രമാത്രം പരാതി ഉണ്ടെങ്കിൽ നാവ് അപകടത്തിലേക്ക് നയിക്കുന്നതാണ് അതിനെ നിയന്ത്രിക്കേണ്ടതായുണ്ട്. ജ്ഞാനിയായ സോളമൻ പറയുന്നു, നാവിൻ തുമ്പിലാണ് ജീവനും മരണവുമെന്ന്. **"ജീവനെ നശിപ്പിക്കാനും പുലർത്താനും നാവിന് കഴിയും; അതിനെ സ്നേഹിക്കുന്നവൻ അതിൻെറ കനി ഭുജിക്കണം"** (സുഭാ. 18:21).

പ്രായപൂർത്തിയായ പുരുഷനിൽ ശരാശരി 70 ഗ്രാമും, സ്ത്രീയിൽ 60 ഗ്രാമും മാത്രം ഉള്ള നാവ് ശരീരത്തിലെ ഏറ്റവും ചെറിയ ഒരു അവയവമാണ്. ഇത് ശരീരത്തെ മുഴുവനും നിയന്ത്രിക്കുന്ന അവയവമാണ് എന്ന് യാക്കോബ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു. **"നാമെല്ലാവരും പലവിധത്തിൽ തെറ്റുചെയ്യുന്നു. സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണനാണ്. തൻെറ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ അവനു കഴിയും"** (യാക്കോ 3:2). ശ്രീമദ് ഭാഗവതത്തിൽ ഇതുതന്നെ പറയുന്നത് കാണാം. "എല്ലാ ഇന്ദ്രിയങ്ങളേയും വിജയിച്ചിട്ടും നാവിനെ വിജയിച്ചില്ലെങ്കിൽ ജിതേന്ദ്രിയൻ എന്നു പറയുവാൻ സാധ്യമല്ല, നാവിനെ നിയന്ത്രിച്ചവൻ ജിതേന്ദ്രിയനാണ്" (Sb.11:8.21).

പഞ്ചഭൂതങ്ങളിൽ ശീതസ്പർശം ഉള്ള ജലത്തിന്റെ ഇന്ദ്രിയമാണ് നാവ്. രസത്തെ ഗ്രഹിക്കുന്ന രസനയാണ് ഇന്ദ്രിയ ഭാവത്തിലുള്ള ജലം. ജിഹ്വാഗ്രത്തിലാണ് അതിന്റെ സ്ഥാനം. രണ്ടു പ്രധാനപ്പെട്ട ധർമ്മങ്ങളാണ് നാവിനുള്ളത്. സ്വാദിന്റെ ആസ്വാദനവും, സംസാരവും. ഇവ രണ്ടും മനുഷ്യജീവിതത്തിലെ അതിപ്രധാനമായ കാര്യങ്ങളാണ്. മനുഷ്യനെ മറ്റുജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനായി നിർത്തുന്നത് അവന്റെ സംസാരപാടവം ആണ്. നൂൽപാലത്തിലൂടെയാണ് ഈ രണ്ടു കഴിവുകളുടെയും യാത്ര സംസാരത്തിലെ ചെറിയ അശ്രദ്ധ മനുഷ്യനെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടും. കാട്ടിറച്ചിയുടെ സ്വാദ് അപകടത്തിലാക്കിയ ഇസഹാക്കിന്റെ ജീവിതം ഉല്പത്തി

BETHANY PUBLICATIONS www.malankaralibrary.com



പുസ്തകം വിവരിക്കുന്നുണ്ട്. നാവിന്റെ സ്വാദ് കടിഞ്ഞൂലവകാശം നഷ്ടപ്പെടുത്തിയ ഏസാവിന്റെ ചിത്രവും ബൈബിൾ വരച്ചിടുന്നുണ്ട്. **"യാക്കോബ് അവന് അപ്പവും പയറുപായസവും കൊടുത്തു. തീറ്റിയും കുടിയും കഴിഞ്ഞ് അവൻ എഴുന്നേറ്റു പോയി. അങ്ങനെ ഏസാവ് തന്റെ കടിഞ്ഞൂലവകാശം നിസ്സാരമായിക്കരുതി."** (ഉല്പത്തി 25:34). ഇത്രമാത്രം പ്രധാനപ്പെട്ടതുകൊണ്ടാണ് ചുണ്ടും പല്ലുകളും ഉൾപ്പെടെ രണ്ടു കാവല്ക്കാർ നാവിനെ സംരക്ഷിക്കുവാൻ ഉള്ളത്.

ഇത്രമാത്രം കാവല്ക്കാർ ഉണ്ടായിട്ടും നാവ് മനുഷ്യനെ പലവട്ടം അപകടത്തിൽ ആക്കുന്നതുകൊണ്ടാണ് യാക്കോബ് ശ്ലീഹാ വളരെ സ്നേഹപൂർവ്വം നമ്മെ ഉപദേശിക്കുന്നത്. **"എന്റെ പ്രിയ സഹോദരരേ, ഓർമിക്കുവിൻ. നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരും ആയിരിക്കണം"** (യാക്കോബ് 1:19). മറ്റുള്ളവരെ സ്നേഹപൂർവ്വം കേൾക്കുകയും അവർ പറയുന്നത് ധ്യാനിക്കുകയും ചെയ്തതിനുശേഷം മാത്രം നമ്മുടെ നാവിനെ സംസാരിക്കാൻ അനുവദിക്കുക. ധ്യാനവും തപസുമില്ലാത്ത സംസാരങ്ങൾ മനുഷ്യ ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തും. ധ്യാനത്തിന്റെ തെളിമയുള്ള വാക്കുകളാണ് ക്രിസ്തുവിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ത നാക്കുന്നത്. **"അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല"** (യോഹ 7:46). ഗത്സമേനിൽ കൊല്ലുവാൻ വന്നവർക്കുപോലും ക്രിസ്തുവിന്റെ ധ്യാനത്തിന്റേയും തപസ്സിന്റേയും മുഴക്കമുള്ള ശബ്ദത്തിനു മുൻപിൽ നില്ക്കുവാൻ കഴിഞ്ഞില്ല. ധ്യാനമില്ലാത്തവന്റെ നാവ് ശരീരത്തെ അഗ്നി നരകത്തിലേക്ക് നയിക്കുന്നതാണ്.

എല്ലാ വേദങ്ങളും ഗൗരവതരമായി നാവിനെ കാണുന്നു. കാരണം, ഇത് നമ്മുടെ ചിന്തകളെ നേരിട്ട് മറ്റുള്ളവരിലേക്ക് എത്തിക്കുന്നതാണ്; നല്ലതും ചീത്തയും അനുഗ്രഹവും, ശാപവും എന്തുതന്നെയായാലും നാവാണ് അതു സംവേദനം ചെയ്യുന്നത്. മത്തായി ശ്ലീഹായിലൂടെ ക്രിസ്തു ഇത് വ്യക്തമാക്കുന്നു. **"നല്ല മനുഷ്യൻ നന്മയുടെ ഭണ്ഡാരത്തിൽ നിന്നു നന്മ പുറപ്പെടുവി ക്കുന്നു. ദുഷ്ടനാകട്ടെ, തിൻമയുടെ ഭണ്ഡാരത്തിൽനിന്നു തിന്മ പുറപ്പെടുവിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ**

BETHANY PUBLICATIONS www.malankaralibrary.com



**പറയുന്ന ഓരോ വ്യർഥവാക്കിനും വിധിദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും. നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും; നിൻെറ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും"** (മത്താ 12:35-37). മനുഷ്യന്റെ ചിന്തകൾ വാക്കിലൂടെ പുറത്തു വരുന്നു. മരണവും ജീവനും എന്റെ നാവിൻതുമ്പിൽ സൂക്ഷിച്ചിരിക്കുന്നു. ഏതാണ് തിരഞ്ഞെടുക്കുന്നത് എന്നു തീരുമാനിക്കേണ്ടത് ഞാനാണ്.

**1. ആർദ്രത:** നാവ് നമ്മെ ഓർമ്മിപ്പിക്കുന്നു ആർദ്രതയുള്ളവരാകാൻ. നമ്മുടെ ആർദ്രത പ്രവൃത്തിയിലൂടെ തെളിയിക്കപ്പെടേണ്ടതാണ്. **"എൻെറ സഹോദരരേ, നിങ്ങളിൽ അധികം പേർ പ്രബോധകരാകാൻ തുനിയരുത്. എന്തെന്നാൽ, കൂടുതൽ കർശനമായ വിധിക്കു നാം അർഹരാകുമെന്നു മനസ്സിലാക്കുവിൻ"** (യാക്കോ 3:1). പറയുന്നത് പ്രവൃത്തിയിൽ കൊണ്ടുവന്നില്ലായെങ്കിൽ ഞാൻ അധികം ശിക്ഷക്ക് പാത്രമാകും. പ്രവൃത്തിയില്ലാത്തവർക്ക് വാക്കുകൾ കൂടും. അധികം പഠിപ്പിക്കുന്നവൻ വേദശാസ്ത്രങ്ങളിലെ സൂക്ഷ്മതകളെക്കുറിച്ച് മറ്റുള്ളവരോട് വാചാലനാകും. ജീവിതത്തിൽ പ്രവൃത്തി ഇല്ലാതെ പോയാൽ തമ്പുരാന്റെ മുമ്പിൽ ബോദ്ധ്യപ്പെടുത്തേണ്ടിവരും എന്നാണ് യാക്കോബ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്. വാക്കുകൾക്കപ്പുറത്ത് പ്രവർത്തിയുടെ വലിയ ലോകം ചൂണ്ടിക്കാണിക്കുന്നുണ്ട് ശ്ലീഹാ. **"എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ?"** (യാക്കോ 2:14). നാവിന്റെ വാചാലതയ്ക്കപ്പുറത്തേക്ക് നാം ഇറങ്ങേണ്ടതുണ്ട് എന്ന് അർത്ഥം. വലിയ വാക്കുകൾ വലിയ ഉത്തരവാദിത്വങ്ങളും ഏല്പിക്കുന്നു എന്ന് മറന്നുപോകാതിരിക്കാം.

ക്രിസ്തുവിനു കുരിശിലേക്കുള്ള വഴിതുറന്നത് മഹാപുരോഹിതരുടെ ആർദ്രതയില്ലായ്മയാണ്. മോശയുടെ പീഠത്തിൽ ഇരിക്കുന്നവരുടെ പ്രവൃത്തികൾ കണ്ടുപഠിക്കരുതെന്നൊക്കെ ക്രിസ്തു വിലപിച്ചത് കാലഘട്ടത്തിന്റെ ആർദ്രതയില്ലായ്മ കൊണ്ടാണ്. തിരിഞ്ഞുനോട്ടങ്ങൾ എന്നെയും അലോസരപ്പെടുത്തുന്നുണ്ടാകാം, ആരുടെയൊക്കെ കുരിശിന്റെ വഴികൾ ഞാൻ തുറന്നിട്ടുണ്ട്. കൂടെ നടക്കുന്നവരുടെ വഴികളിൽ മുള്ളുകൾ വിതറിയിട്ട് മോശയുടെ പീഠത്തിലേക്ക് വഴി തേടുന്നവനാണോ ഞാൻ? എന്റെ കുടുംബത്തിൽ ആശ്വാസത്തിന്റെ നീർച്ചാൽ ആകാൻ ഒരു ചെറുവിരൽ എങ്കിലും ഞാൻ

BETHANY PUBLICATIONS www.malankaralibrary.com



നീട്ടിയിട്ടുണ്ടോ? മറ്റുള്ളവരുടെ കണ്ണീരിനുമുമ്പിൽ ക്രിസ്തുവിനെപ്പോലെ ഞാൻ നിന്നിട്ടുണ്ടോ? ഒരു നേരത്തെ ആഹാരമെങ്കിലും ഇല്ലാത്തവനു കൊടുത്തിട്ടില്ലായെങ്കിൽ ആർദ്രതയുടെ വഴിത്താരയിലൂടെ സഞ്ചരിക്കുന്ന ക്രിസ്തുവിനെ എനിക്ക് എങ്ങനെ കാണുവാൻ സാധിക്കും. കോടികളുടെ ആശ്രമങ്ങളിലും ദേവാലയങ്ങളിലും വീടുകളിലും ഇരുന്നിട്ട് പ്ലാസ്റ്റിക് ഷീറ്റിട്ട കുടിലുകളിൽ കഴിയുന്ന സാധുവിനോട് ഉപദേശം പറയുന്ന എന്നോടാണ് ശ്ലീഹാ പറയുന്നത്. അധികം പ്രസംഗം വേണ്ടാ എന്ന് **"നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ, അതുകൊണ്ട് എന്തു പ്രയോജനം?"** (യാക്കോബ് 2:16).

**2. പക്വത:** പക്വത ഉള്ളവരാകുവാൻ നാവിനെ കടിഞ്ഞാൺ ഇട്ടു സൂക്ഷിക്കണം എന്നു വേദങ്ങൾ പറയുന്നു. നാം പക്വത ഉള്ളവരാകണം എന്ന് യാക്കോബ് ശ്ലീഹായിലൂടെ ക്രിസ്തു നമ്മോടു പറയുന്നു. പൂർണ്ണരാകുവാനും, പക്വതയുള്ളവരാകുവാനും നാം എന്തു ചെയ്യണം. **"നാമെല്ലാവരും പല വിധത്തിൽ തെറ്റു ചെയ്യുന്നു. സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണനാണ്. തന്റെ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ അവനു കഴിയും"** (യാക്കോ 3:2). നാവിനു പിഴവുവരാത്തവർ പൂർണരാണ് എന്നു ശ്ലീഹാ പറയുമ്പോൾ, എന്റെ പിതാവ് പൂർണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണരായിരിക്കുവിൻ എന്ന ക്രിസ്തുവിന്റെ പ്രബോധനങ്ങളാണ് ശ്ലീഹാ പഠിപ്പിക്കുന്നത്.

പക്വതയുള്ളവരാകണം എങ്കിൽ നാവിനെ നിയന്ത്രിക്കണം എന്ന് വേദങ്ങൾ എല്ലാം പറയുവാൻ കാരണം നാവിന്റെ ഇടർച്ച എനിക്കു മാത്രമല്ല എന്റെ കൂടെയുള്ളവർക്കും നാശത്തിന്റെ പാതകൾ തുറന്നിടുന്നതുകൊണ്ടാണ്. ദൈവത്തിൽ നിന്നു ജ്ഞാനം നേടിയ സോളമൻ രാജാവ് സുഭാഷിതങ്ങളിലൂടെ ഇതു പറഞ്ഞുവെയ്ക്കുന്നു **"മൂഢന്റെ നാവ് അവനെ നശിപ്പിക്കുന്നു; അവന്റെ അധരങ്ങൾ അവനു കെണിയാണ്"** (സുഭാ 18:7). നാവിന്റെ വഴിപിഴയ്ക്കൽ എന്റെ നാശത്തിൽ അവസാനിക്കും, അത് കൂടെയുള്ളവർക്കും അപകടം ക്ഷണിച്ചുവരുത്തുന്നു. **"വികടബുദ്ധി കലഹം പരത്തുന്നു; ഏഷണിക്കാരൻ ഉറ്റമിത്രങ്ങളെ ഭിന്നിപ്പിക്കുന്നു"** (സുഭാ. 16:28). ഉറ്റമിത്രങ്ങളെപ്പോലും ആജീവനാന്ത ശത്രുക്കളാക്കി മാറ്റാൻ

BETHANY PUBLICATIONS www.malankaralibrary.com



കഴിവുള്ളതാണ് നാവ്. പക്വതയില്ലാത്തവന്റെ നാവ് നാശം ക്ഷണിച്ചു വരുത്തും. **"കള്ളസാക്ഷി ശിക്ഷിക്കപ്പെടാതിരിക്കുകയില്ല; വ്യാജം പറയുന്നവൻ നശിക്കും"** (സുഭാ. 19:9).

ആദ്ധ്യാത്മികപക്വത വന്നവനു മാത്രമേ തന്റെ അധരങ്ങളെ നിയന്ത്രിച്ചു ജീവന്റെ വഴിതേടുവാൻ സാധിക്കൂ, ഇതിൽ ക്രിസ്തുവിന്റെ ജീവിതമാതൃകയല്ലാതെ വേറെ വഴികൾ ഇല്ലായെന്നു പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു **"ഇതിനായിട്ടാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ, ക്രിസ്തു നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നൽകുകയും ചെയ്തിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ അധരത്തിൽ വഞ്ചന കാണപ്പെട്ടുമില്ല"** (1 പത്രോ 2:21-22). അനുകരിക്കുന്നതിനുള്ള മാതൃക ഇതു മാത്രമാണ്. **"വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവൻ സുരക്ഷിതമാക്കുന്നു; അധരങ്ങളെ നിയന്ത്രിക്കാത്തവൻ നാശമടയുന്നു"** (സുഭാ 13:3). എന്നൊക്കെ സുഭാഷിതങ്ങളിലൂടെ ജ്ഞാനിയായ സോളമൻ പറഞ്ഞു വച്ചത് ആദ്ധ്യാത്മികപക്വത പ്രാപിച്ചവരെ കുറിച്ചാണ്. വഞ്ചനയില്ലാത്ത നാവാണ് ആദ്ധ്യാത്മികതയുടെ അളവുകോൽ, ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് പ്രയാണം ചെയ്യുന്നവർ, ഈ സത്യം കാണാതെ പോകരുത്.

സഭാപിതാവായ ജസ്റ്റിൻ പറയുന്നു, "നാവിന്റെ പരിശോധനയിലൂടെ ഡോക്ടർമാർ ശരീരത്തിന്റെ അസുഖം കണ്ടെത്തുന്നു, തത്വശാസ്ത്രജ്ഞന്മാർ മനസ്സിന്റെ അസുഖം കണ്ടെത്തുന്നു, ക്രിസ്ത്യാനികൾ ആത്മാവിന്റെ അസുഖം കണ്ടെത്തുന്നു." എന്റെ ആത്മാവ് രോഗബാധിതമാണോ എന്നറിയണം എങ്കിൽ എന്റെ നാവിൽ നിന്നു പുറത്തേക്ക് വരുന്ന വാക്കുകൾ പരിശോധിച്ചാൽ മതി. ഭാരതീയ ചിന്തകളിൽ വാഗ്ദേവത താമരയിലയിലാണ് ഇരിക്കുന്നത്, ഒരു ചെറിയ പ്രാണി ഇരുന്നാൽ പോലും താണുപോകുന്ന താമരയിലയിൽ ഇരിക്കണം എങ്കിൽ നാവിന്റെ ദേവത അഹത്തിന്റെ ഭാരം ലവലേശം ഇല്ലാത്തതാകണം. മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് കരുതുന്ന ക്രിസ്തുവിന്റെ ഭാവം (ഫിലി.2:3) ഉള്ളവർക്കുമാത്രം ഉള്ള ലഘുത്വം. ഇത് പക്വതയുള്ളവരുടെ ഭാവമാണ്, നാവിനു കടിഞ്ഞാൺ ഇട്ടവരുടെ പക്വത.

BETHANY PUBLICATIONS www.malankaralibrary.com



**3. ലക്ഷ്യത്തെ നിർണ്ണയിക്കുന്നു:** കുതിരകൾക്ക് 500 മുതൽ 1000 കിലോ വരെ തൂക്കം വരുന്നുണ്ട്. ശക്തിയുള്ള മൃഗങ്ങളിൽ ഒന്നാണ് കുതിര. എന്നാൽ രണ്ടിഞ്ച് നീളമുള്ള ഒരു കടിഞ്ഞാണിട്ട് അതിന്റെ ലക്ഷ്യത്തെ മനുഷ്യൻ നിയന്ത്രിക്കുന്നു. ശരീരത്തിലെ മറ്റ് അവയവങ്ങളെ അപേക്ഷിച്ച് തീരെ ചെറുതായ നാവ് എന്റെ ലക്ഷ്യത്തെ മുഴുവനും നിയന്ത്രിക്കുന്നതാണ്. നാവിൽ നിന്നുവരുന്ന വാക്കുകൾ നമ്മുടെ ജീവിതത്തിന്റെ വിധി നിർണ്ണയിക്കുന്ന ഘടകമാണ്. തക്കസമയത്തുള്ള നല്ല വാക്കുകൾ വാതിലുകൾ തുറന്നു തരുന്നതാണ്. മോശപ്പെട്ട വാക്കുകൾ ജീവിതത്തിന്റെ മുമ്പോട്ടുള്ള യാത്രയുടെ വാതിലുകൾ അടയ്ക്കുന്നതും ആയിത്തീരാം. **"അതുപോലെ, നാവ് വളരെ ചെറിയ അവയവമാണ്. എങ്കിലും അതു വൻപു പറയുന്നു. ചെറിയ ഒരു തീപ്പൊരി എത്ര വലിയ വനത്തെയാണു ചാമ്പലാക്കുക!"** (യാക്കോ 3:5). ഒരു തീപ്പൊരി വലിയ വനത്തെ ചാമ്പലാക്കുന്നതുപോലെ, ഒരു ചെറിയ വാക്ക് എന്റെ ജീവിതത്തിന്റെ ഗതിയെ തന്നെ ചാമ്പലാക്കാം.

ക്രിസ്തുവിന്റെ കുരിശോടുചേർത്ത് എന്റെ നാവിനെ തറയ്ക്കേണ്ടതായുണ്ട്. മരണത്തിന്റെ നടവഴികൾ വിട്ട് ജീവന്റെ പാത തേടിയ പൗലോസ് ശ്ലീഹായുടെ ജീവിതം മാതൃകയാണ്, **"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു, ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്"** (ഗലാത്തി 2:20). ഇനിയും സംസാരിക്കേണ്ടത് ക്രിസ്തുവിന്റെ നാവാണ്. ക്രിസ്തുവിന്റെ കാലടിപ്പാടുകൾ പിന്തുടരുകയാണ് എന്റെ ലക്ഷ്യം, എന്റെ സംസാരം എന്റെ വഴികൾക്ക് ഇടർച്ചയാകരുതേ എന്ന് തമ്പുരാനോട് പ്രാർത്ഥിക്കാം.

**4. നാവ് തീയാണ്:** നാവിനെ കുറിച്ചു പറയുമ്പോൾ യാക്കോബ് ശ്ലീഹാ ഒരു പ്രതീകമായാണ് തീയെ ഉപയോഗിച്ചിരിക്കുന്നത്. **"നാവു തീയാണ്; അതു ദുഷ്ടതയുടെ ഒരു ലോകം തന്നെയാണ്. നമ്മുടെ അവയവങ്ങളിലൊന്നായ അത് ശരീരം മുഴുവനെയും മലിന മാക്കുന്നു; നരകാഗ്നിയാൽ ജ്വലിക്കുന്ന ഈ നാവ് പ്രകൃതിചക്രത്തെ ചുട്ടുപഴുപ്പിക്കുന്നു"** (യാക്കോ 3:6). ചെറിയ ഒരു തീപ്പൊരി വനത്തെ മുഴുവനും ചാമ്പലാക്കും. നാവിന്റെ അശുദ്ധി എന്റെ ജീവിതത്തെ

BETHANY PUBLICATIONS www.malankaralibrary.com



മുഴുവനും എരിച്ചു കളയും. തീപോലെ എന്റെ ശരീരത്തെ മുഴുവനും ബാധിക്കും. ഇത് പ്രകൃതി ചക്രത്തെ ചുട്ടുപഴുപ്പിക്കുന്നു എന്നു പറയുമ്പോൾ എന്റെ ഉള്ളിൽ നാവിന്റെ അശുദ്ധി ക്യാൻസർ പോലെ പടരുന്നതിനോടൊപ്പം അത് വെളിയിൽ ഉള്ളവരേയും ബാധിക്കും. എന്നേയും കൂടെയുള്ളവരേയും ഒരുപോലെ നാവിന്റെ അശുദ്ധി നാശത്തിന്റെ പടിവാതില്ക്കൽ എത്തിക്കും; **"വിറകില്ലെങ്കിൽ തീ കെട്ടടങ്ങുന്നു; ഏഷണിക്കാരൻ ഇല്ലാത്തിടത്തു കലഹം ശമിക്കുന്നു. കരി കനലിനെയും വിറക് അഗ്നിയെയുമെന്നപോലെ കലഹപ്രിയൻ ശണ്ഠ ജ്വലിപ്പിക്കുന്നു"** (സുഭാ. 26:20,21). എന്റെ നാവ് കലഹത്തിന്റെ ഇന്ധനമായിത്തീരാതിരിക്കണം എങ്കിൽ തമ്പുരാന്റെ സ്നേഹത്തിന്റെ പെരുമഴയിൽ ഞാൻ നനയണം; സ്നേഹത്തിന്റെ മഴത്തുള്ളികൾക്കു മാത്രമേ അഗ്നിയുടെ എരിയുന്ന ചൂടിനെ ശമിപ്പിക്കുവാൻ കഴിയൂ. ക്രിസ്തുവിന്റെ സ്നേഹമാണ് ദാനിയേലിന്റെ മൂന്നു സുഹൃത്തുക്കളെ അഗ്നിയുടെ ജ്വാലയിൽ നിന്നു രക്ഷിച്ചത് **"ചൂളയുടെ മധ്യഭാഗം ജലകണങ്ങൾ നിറഞ്ഞ കാറ്റുവീശുന്ന സ്ഥലംപോലെയായി. അതുകൊണ്ട് അഗ്നി അവരെ സ്പർശിച്ചില്ല. അത് അവരെ ഉപദ്രവിക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്തില്ല"** (ദാനി. 3:27). സ്നേഹത്തിന്റെ കരകവിച്ചിലിൽ ഏത് അഗ്നിയും പനിമഞ്ഞു പോലെയാകും, നാവിന്റെ തീ അണയ്ക്കുവാൻ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പനിമഞ്ഞിനായി നമുക്ക് തമ്പുരാന്റെ സന്നിധിയിൽ ആയിരിക്കാം.

നാവ് ആത്മാവിന്റെ തുറന്ന വാതിലാണ് **''എന്നാൽ, വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു''** (മത്താ 15:18). എന്റെ നാവിലൂടെ പുറത്തേക്കു വരുന്നത്, എന്റെ ജീവിതത്തിന്റെ നേർക്കാഴ്ചയാണ്. അതുകൊണ്ടാണ് സങ്കീർത്തകൻ നമ്മോടു പറയുന്നത്, **''ജീവിതം ആഗ്രഹിക്കുകയും സന്തുഷ്ടമായ ദീർഘായുസ് അഭിലഷിക്കുകയും ചെയ്യുന്നുവോ? തിൻമയിൽനിന്നു നാവിനെയും വ്യാജഭാഷണത്തിൽനിന്ന് അധരങ്ങളെയും സൂക്ഷിച്ചുകൊള്ളുവിൻ''** (സങ്കീ.34:12-13). മനോഹരമായ ജീവിതം തമ്പുരാന്റെ കൈപിടിച്ച് ജീവിച്ചു തീർക്കാൻ ആഗ്രഹിക്കുന്നവരൊക്കെ നാവിനെ കടിഞ്ഞാണിട്ടു സൂക്ഷിക്കേണ്ടതുണ്ട്. നാവിനെ നിയന്ത്രിക്കുന്നവൻ തന്റെ ജീവിതത്തെ മുഴുവനും നരകകവാടത്തിൽ

BETHANY PUBLICATIONS www.malankaralibrary.com



നിന്നും രക്ഷിക്കുന്നു. **"ഹൃദ്യമായ വാക്കു തേനറപോലെയാണ്; അത് ആത്മാവിനു മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്"** (സുഭാ.16:24). ശരീരത്തിനും മനസ്സിനും മധുരം വിളമ്പുന്ന നാവു തരേണമേ തമ്പുരാനേ എന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

അശ്രദ്ധമായ ഒരു വാക്ക് കലഹം ഉണ്ടാക്കാം.
ക്രൂരമായ ഒരു വാക്ക് ബന്ധങ്ങളെ ഇല്ലാതാക്കാം.
കയ്പുള്ള ഒരു വാക്ക് ജീവിതത്തെ അവസാനിപ്പിക്കാം.

എന്നാൽ...

കൃപയുള്ള ഒരു വാക്ക് വഴികൾ മിനുസമുള്ളതാക്കും.
സന്തോഷകരമായ ഒരു വാക്ക് ജീവിതത്തെ പ്രകാശമാനമാക്കും...
കരുണയുള്ള ഒരു വാക്ക് മനസ്സിനും ശരീരത്തിനും സൗഖ്യം നല്കും.

**"അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല"** (യോഹ 7:46). എന്നേക്കുറിച്ചും ലോകം പറയട്ടെ അവനെപ്പോലെ ഇതുവരെ ആരും സംസാരിച്ചിട്ടില്ലാ എന്ന്.

www.malankaralibrary.com

# 8. കണ്ണ്



അഗ്നിയുടെ ഇന്ദ്രിയ ഭാവമാണ് കണ്ണ്.
കണ്ണിന്റെ കൃഷ്ണമണിയിലാണ്
അഗ്നിയുടെ ഇന്ദ്രിയ ഭാവമായ രൂപഗ്രാഹിയായ ചക്ഷുസ്.

**"കണ്ണാണു ശരീരത്തിൻെറ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും. നിന്നിലെ പ്രകാശം അന്ധകാര മാണെങ്കിൽ അന്ധകാരം എത്രയോ വലുതായിരിക്കും" (മത്തായി 6:22-23).**

ഉൾക്കാഴ്ചകളുടെ വിശാല ലോകത്തെക്കുറിച്ചാണ് ക്രിസ്തു സംസാരിക്കുന്നത്, ദിവ്യചക്ഷു, മൂന്നാംകണ്ണ് എന്നൊക്കെ ഭാരതീയ

BETHANY PUBLICATIONS www.malankaralibrary.com



സംസ്കാരം പഠിപ്പിക്കുന്നതും വ്യത്യസ്തമല്ല. ഉപനിഷത്തിൽ പറയുന്ന, കാഴ്ചകളുടെ പുറകിൽ മറഞ്ഞിരിക്കുന്ന ദൈവീകഭാവമാണ് ഉൾക്കാഴ്ചകൾ. കണ്ണുകൾക്ക് ഇതിനെ കാണാൻ കഴിയില്ല എന്നാൽ കണ്ണുകളെ കാണാൻ സഹായിക്കുന്നത് ഇതാണ്. ഉൾക്കാഴ്ചകൾക്കു ബാധിക്കുന്ന അന്ധകാരം ശരീരത്തെയും മനസിനേയും അന്ധകാര പൂർണ്ണമാക്കും എന്ന് മത്തായി സുവിശേഷത്തിലൂടെ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു.

"ദേഹത്തിൽ ഇരിക്കുന്ന ജീവനെ അജ്ഞാനികൾ കാണുന്നില്ല" എന്ന് ഗീത പഠിപ്പിക്കുന്നു (ഗീത 15:10). കണ്ണുകൊണ്ടു കാണുന്നതു മാത്രമല്ല കാഴ്ചകൾ എന്ന ബോധ്യത്തിലേക്കാണ് ഭഗവത്ഗീത മിഴി തുറക്കുന്നത്. കയറിന്റേയും പാമ്പിന്റേയും കാര്യത്തിലൂടെ ഭാരതീയ ചിന്തകൾ കാഴ്ചകളുടെ വേറിട്ട ലോകത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. വെളിച്ചത്തിന്റെ അഭാവം കയറിനെ പാമ്പായി തെറ്റിദ്ധരിപ്പിക്കാം. ഉൾക്കാഴ്ചകൾക്ക് ശരിയായ വെളിച്ചത്തിന്റെ ആവശ്യകതയെക്കുറിച്ച് വേദങ്ങളെല്ലാം വാചാലമാകുന്നുണ്ട്. കണ്ണാണ് ശരീരത്തിന്റെ വിളക്ക് എന്നു പറയുമ്പോഴും, ഉള്ളിലുള്ള പ്രകാശമാണ് കണ്ണിനു കാണാനുള്ള ശക്തി നല്കുന്നത് എന്ന് മത്തായി സുവിശേഷകനിലൂടെ ക്രിസ്തു പറയുന്നുണ്ട്, **"നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ"** (മത്തായി 6:23) ഉള്ളിലുള്ള അഗ്നി കെടാതെ സൂക്ഷിക്കുകയാണ് പ്രധാനം.

ഉഷ്ണസ്പർശത്തെ ഉണ്ടാക്കുന്നതാണ് അഗ്നി, ഇതിന്റെ കാര്യരൂപത്തിന് ശരീരമെന്നും ഇന്ദ്രിയമെന്നും വിഷയമെന്നും മൂന്നുഭാവങ്ങളുണ്ട്. അഗ്നിയുടെ ഇന്ദ്രിയ ഭാവമാണ് കണ്ണ്. കണ്ണിന്റെ കൃഷ്ണമണിയിലാണ് അഗ്നിയുടെ ഇന്ദ്രിയ ഭാവമായ രൂപഗ്രാഹിയായ ചക്ഷുസ്. ഉള്ളിലുള്ള അഗ്നിയുടെ പ്രകാശത്തിലാണ് കണ്ണിന്റെ കാഴ്ച. ഉള്ളിലുള്ള പ്രകാശത്തെക്കുറിച്ച് എഫേസോസിലെ സഭയോടു സംസാരിക്കുമ്പോൾ പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നു **"പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ. പ്രകാശത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലുമാണു പ്രത്യക്ഷപ്പെടുന്നത്"** (എഫേസോസ് 5:9). കണ്ണുകൾ നമ്മോടു പറയാൻ ശ്രമിക്കുന്നത് പ്രകാശത്തിന്റെ പാതയിലൂടെയുള്ള യാത്രയെ ക്കുറിച്ചാണ്. ക്രിസ്തുവിന്റെ കൈപിടിക്കാതെയുള്ള യാത്രകളെല്ലാം അന്ധകാരത്തിലേക്കാണ്. കണ്ണുകളുടെ കാഴ്ച നഷ്ടപ്പെട്ടു

BETHANY PUBLICATIONS www.malankaralibrary.com



എന്നറിയാതെ നടക്കുവാൻ പരിശ്രമിക്കുന്നതാണ് കാലഘട്ടത്തിന്റെ സങ്കടം. ജറമിയാ പ്രവാചകനിലൂടെ ദൈവം സംസാരിക്കുന്നു. **"യൂദായിൽ ഇതു വിളിച്ചുപറയുക: ഭോഷരും അവിവേകികളുമായ ജനമേ, ശ്രവിക്കുവിൻ. കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ല; ചെവിയുണ്ടായിട്ടും കേൾക്കുന്നില്ല"** (ജെറ 5:21). കണ്ണുണ്ടായിട്ടും കാഴ്ചയില്ലാതെ പോകുന്നവർ. ഉള്ളിലുള്ള അഗ്നി അണഞ്ഞു പോയവർ; ഇവരോടാണ് വെളിപാടു പുസ്തകത്തിലൂടെ ക്രിസ്തുവിന്റെ ഉപദേശം കാഴ്ചയുണ്ടാകുവാൻ എന്തു ചെയ്യണം എന്ന്. **''ഞാൻ നിന്നെ ഉപദേശിക്കുന്നു; നീ ധനികനാകാൻ അഗ്നിശുദ്ധിവരുത്തിയ സ്വർണം എന്നോടു വാങ്ങുക; നിൻെറ നഗ്നത മറ്റുള്ളവർ കണ്ട് നീ ലജ്ജിക്കാതിരിക്കുവാൻ ശുഭ്രവസ്ത്രങ്ങൾ എന്നോട് വാങ്ങുക. കാഴ്ച ലഭിക്കുന്നതിനു കണ്ണിലെഴുതാനുള്ള അഞ്ജനവും എന്നോടു വാങ്ങുക"** (വെളി 3:18). ക്രിസ്തുവിന്റെ അഗ്നി കണ്ണിലേക്ക് ആവാഹിച്ചെടുക്കുക, ഇനി കാഴ്ച ക്രിസ്തുവിന്റെ കണ്ണിലൂടെയാണ്.

**1. കാഴ്ച വിശ്വാസത്തിലൂടെ**

ഉള്ളിൽ ദൈവത്തിന്റെ വെളിച്ചം വീശിയവർക്കാണ് കാഴ്ചകൾ വിശാലമാകുന്നത്. കോറിന്തോസുകാർക്കെഴുതുമ്പോൾ പൗലോസ് ശ്ലീഹാ അത് വിശദീകരിക്കുന്നുണ്ട്. **''എന്തെന്നാൽ, ഞങ്ങൾ നയിക്കപ്പെടുന്നത് വിശ്വാസത്താലാണ്, കാഴ്ചയാലല്ല. ഞങ്ങൾക്കു നല്ല ധൈര്യമുണ്ട്''** (2 കോറി 5:7). കാഴ്ചകൾക്കുമപ്പുറത്തുള്ള കാഴ്ചകൾ; ഇത് വിശ്വാസത്തിന്റെ തെളിമയിൽ നിന്നും ഉറവയെടുക്കുന്ന കാഴ്ചയാണ്. ഹെബ്രായർക്ക് എഴുതുമ്പോൾ മോശയെ ചൂണ്ടിക്കാണിച്ചുകൊണ്ട് വീണ്ടും ഇത് ആവർത്തിക്കുന്നു. **"രാജകോപം ഭയപ്പെടാതെ, വിശ്വാസത്താൽ അവൻ ഈജിപ്തു വിട്ടു. അദൃശ്യനായവനെ ദർശിച്ചാലെന്നപോലെ അവൻ സഹിച്ചുനിന്നു"** (ഹെബ്രാ 11:27).

വിശ്വാസത്തിലൂടെ ദൈവരാജ്യത്തെ കണ്ടെത്തിയവരെക്കുറിച്ച് വേദത്തിൽ തുടക്കം മുതൽ കാണുവാൻ സാധിക്കും. പൂർവ്വികന്മാർ അംഗീകാരത്തിനു അർഹരായത് വിശ്വാസം മൂലമാണ്. **"വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്''** (ഹെബ്രാ 11:1). ദൈവത്തിന്റെ

BETHANY PUBLICATIONS www.malankaralibrary.com



കണ്ണിലൂടെയുള്ള കാഴ്ചയെക്കുറിച്ചാണ് ഇവിടുത്തെ പ്രതിപാദ്യം. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നൊക്കെ ക്രിസ്തു തോമാശ്ലീഹായോടു പറയുന്നത് നാം കാണാതെ പോകരുത്. **"യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ"** (യോഹ.20:29). യോഹന്നാൻ ശ്ലീഹാ ഇതു കുറേക്കൂടെ വ്യക്തമാക്കുന്നുണ്ട്, ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ വിശ്വാസത്തിന്റെ കണ്ണിലൂടെ കാണേണ്ടതുണ്ട്. **"യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല"** (യോഹ.3:3).

**2. നന്മയുടെ കാഴ്ച**

ഹൃദയത്തിലേക്ക് തുറക്കുന്ന വാതിലുകളാണ് കണ്ണുകൾ. വിശുദ്ധിയിലേക്കാണ് നിന്റെ യാത്രയെങ്കിൽ കണ്ണുകൾക്ക് കാവലേർപ്പെടുത്തേണ്ടതുണ്ട്. വായിക്കുന്ന പുസ്തകങ്ങൾ, കാണുന്ന സിനിമകൾ, സാമൂഹ്യസമ്പർക്കമാധ്യമങ്ങളിലെ ഇടപെടലുകൾ എല്ലാത്തിനും അതിർവരമ്പുകൾ ഉണ്ടാകണം; ജ്ഞാനിയായ സോളമൻ പറയുന്നു **"നിൻെറ ദൃഷ്ടി അവക്രമായിരിക്കട്ടെ; നിൻെറ നോട്ടം മുമ്പോട്ടു മാത്രമായിരിക്കട്ടെ. നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക; അപ്പോൾ അവ സുരക്ഷിതമായിരിക്കും. വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്; തിൻമയിൽ കാലൂന്നുകയും അരുത്"** (സുഭാ.4:25-27). എന്റെ നോട്ടം എവിടേയ്ക്കാണോ അവിടെ ഞാൻ എത്തിച്ചേരും, നന്മയിൽ നിന്നും ഇടത്തോട്ടോ, വലത്തോട്ടോ നോട്ടം മാറിപ്പോയാൽ ദൈവരാജ്യത്തിൽ നിന്നും ഞാൻ പുറന്തള്ളപ്പെട്ടവനായിപ്പോകും.

കണ്ണുകളുമായി ഉടമ്പടി ചെയ്തവർക്കുള്ളതാണ് ദൈവരാജ്യം. ദൈവംപോലും നീതിമാൻ എന്നു പറഞ്ഞ ജോബ് പറയുന്നു, ഞാൻ എന്റെ കണ്ണുകളുമായി ഉടമ്പടി ചെയ്തു എന്ന്. **"ഞാൻ എൻെറ കണ്ണുകളുമായി ഒരു ഉടമ്പടി ചെയ്തിട്ടുണ്ട്; അപ്പോൾ ഞാൻ എങ്ങനെ ഒരു കന്യകയെ നോക്കും?"** (ജോബ് 31:1). എന്റെ ജീവിത വിശുദ്ധിക്ക് കണ്ണുമായി ഉടമ്പടി ഉണ്ടാകണം. നരകാഗ്നിയിൽ എറിയപ്പെടാതിരിക്കണം എങ്കിൽ എന്തു ചെയ്യണം എന്ന് മത്തായിശ്ലീഹായിലൂടെ ക്രിസ്തു ഉപദേശം തരുന്നുണ്ട്. **"നിൻെറ കണ്ണ്**

BETHANY PUBLICATIONS www.malankaralibrary.com



**നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. ഇരുകണ്ണുകളോടുംകൂടെ നരകാഗ്നിയിൽ എറിയപ്പെടുന്നതിനെക്കാൾ നല്ലത് ഒരു കണ്ണുള്ളവനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്"** (മത്താ 18:9).

**3. ഉൾക്കാഴ്ച**

കണ്ണിനു കാഴ്ച ഉണ്ടാകണമെങ്കിൽ, പ്രകാശം ഒരു വസ്തുവിൽ തട്ടി അതിന്റെ പ്രതിഫലനത്തിലൂടെ കിട്ടുന്ന സന്ദേശം തലച്ചോറിൽ എത്തണം. എത്രമാത്രം പ്രകാശം ആ വസ്തുവിൽ വീഴുന്നുവോ അത്രമാത്രം കാഴ്ച തെളിമയുള്ളതാകും; പരിശുദ്ധാത്മാവിന്റെ വെളിച്ചം ലഭിക്കാതെ സത്യത്തെ മനസ്സിലാക്കാൻ കഴിയില്ല എന്ന് യോഹന്നാൻ ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. **"സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്കു നയിക്കും"** (യോഹ.16:13). ഉൾക്കാഴ്ചകൾ എനിക്ക് ഉണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവ് എന്റെ ഉള്ളിൽ വന്നു നിറയണം.

**ആത്മീയ കാഴ്ചയുടെ പ്രാധാന്യം**

ബൈബിളിൽ മുഴുവനും അലൗകികമായ കാഴ്ചയുടെ മനോഹാരിത വർണിക്കുന്നുണ്ട്. എന്തിനുവേണ്ടി ഞാൻ ആത്മീയ കാഴ്ചയുടെ വഴി തേടണം. ജ്ഞാനികളിൽ ജ്ഞാനിയായ സോളമൻ, നശിച്ചുപോകുന്ന ജനത്തെ നോക്കി വിലപിക്കുന്നു "Where there is no vision, the people perish" (proverbs 29:18 KJV). ആത്മീയ കാഴ്ചയില്ലാത്തവർ നശിച്ചുപോകും എന്ന് തന്റെ ജീവിതത്തിലൂടെ സോളമൻ നമ്മോടു പറയുന്നു.

ദൈവം നമുക്കുവേണ്ടി ഒരുക്കുന്ന നന്മകളെ തിരിച്ചറിയുന്നതിന് ആത്മീയ കാഴ്ച ഉണ്ടാകണം. **"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി."** (ജെറ.29:11). ദാനിയേൽ പ്രവാചകൻ പറയുന്നു തന്റെ ഭക്തന്മാർക്ക് ദൈവം ആത്മീയ ദർശനങ്ങൾ നല്കുന്നു എന്ന്. **"എന്റെ പിതാക്കന്മാരുടെ ദൈവമേ, ഞാൻ അങ്ങേക്കു നന്ദി പറയുന്നു; അങ്ങയെ സ്തുതിക്കുന്നു. അങ്ങ് എനിക്ക് ജ്ഞാനവും ശക്തിയും നൽകി; ഞങ്ങൾ അപേക്ഷിച്ചത്**

BETHANY PUBLICATIONS www.malankaralibrary.com



**അവിടുന്ന് എന്നെ അറിയിച്ചു. രാജാവിൻെറ സ്വപ്നം അങ്ങ് ഞങ്ങൾക്കു വെളിപ്പെടുത്തി"** (ദാനി.2:23). ആത്മീയ കാഴ്ചകൾ ഉള്ളവർക്കു മാത്രമേ ദൈവം ഒരുക്കുന്ന വഴികളെ തിരിച്ചറിയുന്നതിനും, അങ്ങനെ ദൈവത്തിന്റെ വഴിയിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കുവാനും സാധിക്കൂ.

നമ്മുടെ നോട്ടം എവിടെയാണോ നമ്മൾ അവിടെ എത്തിച്ചേരും. യോഹന്നാൻ ശ്ലീഹാ സ്നേഹത്തിന്റെ ഭാഷയിൽ പറയുന്നു, ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തേപ്പോലെയാകും എന്ന്. നമ്മുടെ നോട്ടം എന്തിലേക്കാണോ നാം അതായിത്തീരും എന്നു പഠിപ്പിക്കുകയാണ് ശ്ലീഹാ. ആത്മീയകാഴ്ചകൾ നമ്മെ ആത്മീയതയുടെ ലോകത്ത് എത്തിക്കും.

**"പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിൻെറ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയുംചെയ്യും"** (1 യോഹ.3:2).

"ക്ഷരം പ്രധാനമമൃതാക്ഷരം ഹരഃ
ക്ഷരാത്മാനാവീശതേ ദേവ ഏകഃ
തസ്യാഭിധ്യാനാദ് യോജനാത്തത്ത്വഭാവാദ്
ഭൂയശ്ചാന്തേ വിശ്വമായാനിവൃത്തിഃ" (ശ്വേതാശ്വതരം 1:10)

ആരെ നാം തീവ്രമായി ധ്യാനിക്കുന്നുവോ നാം അതായി തീരും എന്ന് ശ്വേതാശ്വതരോപനിഷത്ത് പഠിപ്പിക്കുന്നു. നിങ്ങളുടെ നിക്ഷേപം എവിടെയാണോ അവിടെയാണ് നിങ്ങളുടെ ഹൃദയം എന്നൊക്കെ ക്രിസ്തു പറഞ്ഞത് വ്യത്യസ്തമല്ല. ക്രിസ്തുവിൽ നിന്നും നമ്മുടെ നോട്ടം മാറിയാൽ.... പണമാകാം, വ്യക്തികളാകാം, വസ്തുക്കളാകാം. നാം ക്രിസ്തുവിൽ എത്തിച്ചേരില്ല.

ദൈവരാജ്യത്തിലേക്കും ദൈവീകനീതിയിലേക്കും നന്മയിലേക്കും ഇടമുറിയാതെ നമ്മുടെ നോട്ടം എത്തുന്നില്ലായെങ്കിൽ യജമാനൻ വരുന്നത് നാം അറിയാതെ പോകും. **"എന്നാൽ, ആ ഭൃത്യൻ തന്റെ യജമാനൻ വരാൻ വൈകും എന്ന് ഉള്ളിൽ കരുതി, യജമാനൻെറ ദാസൻമാരെയും ദാസിമാരെയും അടിക്കാനും**

BETHANY PUBLICATIONS www.malankaralibrary.com



**തിന്നുകുടിച്ച് ഉന്മത്തനാകാനും തുടങ്ങിയാൽ, പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും യജമാനൻ വരികയും അവനെ ശിക്ഷിച്ച്, അവന്റെ പങ്ക് അവിശ്വാസികളോടുകൂടെ ആക്കുകയും ചെയ്യും"** (ലൂക്കാ 12:45-46). ദൈവരാജ്യദർശനം നീതിയുടേയും നന്മയുടേയും സകലവിധ പുണ്യങ്ങളുടേയും ഓർമ്മകളെ ഉണർത്തുന്നതാകും. ക്രിസ്തുദർശനം രണ്ടാം ക്രിസ്തുവായി മാറാനുള്ള ക്ഷണമാണ്. ക്രിസ്തുദർശനമാണ് അസ്സീസിയിലെ ഫ്രാൻസിസിനെ ക്രിസ്തുവിന്റെ പ്രതിരൂപമാക്കി മാറ്റിയത്.

ദൈവരാജ്യവേലകൾ പൂർണതയിൽ ചെയ്തു തീർക്കാൻ ആത്മീയ കാഴ്ചകൾ എന്നെ പ്രാപ്തനാക്കും. ക്രിസ്തുവിന്റെ മാറിടത്തിൽ നിന്നും സ്നേഹം ആവാഹിച്ചെടുത്ത യോഹന്നാൻ ശ്ലീഹാ പറയുന്നു, പിതാവു ചെയ്യുന്നതുകണ്ടാണ് ക്രിസ്തു പഠിച്ചത് എന്ന്. **"യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു. എന്തെന്നാൽ, പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ പ്രവൃത്തികളും അവിടുന്ന് അവനെ കാണിക്കും"** (യോഹ 5:19-20). ക്രിസ്തു ചെയ്യുന്നത് കാണുന്നവനു മാത്രമേ, അവന്റെ പിൻതുടർച്ചക്കാരനാവാൻ കഴിയൂ. നമ്മുടെ മനസും ശരീരവും ദൈവത്തിന്റെ വഴിയിലൂടെ ആകുവാൻ കണ്ണ് നമ്മെ ഓർമ്മിപ്പിക്കുന്നു.

**ആത്മീയകാഴ്ചക്ക് എന്തു ചെയ്യണം**

കണ്ണുകൾ നമ്മെ ക്ഷണിക്കുന്നത്, ആത്മീയ കാഴ്ചയുടെ വഴികളിലേക്കാണ്. ആത്മീയ കാഴ്ചകൾക്ക് നാം എന്താണ് ചെയ്യേണ്ടതെന്ന് വെളിപാടു പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു. **"കാഴ്ച ലഭിക്കുന്നതിന് കണ്ണിലെഴുതാനുള്ള അഞ്ജനവും എന്നോടു വാങ്ങുക"** (വെളി.3:18). ക്രിസ്തുവിന്റെ കണ്ണിലൂടെ നോക്കുക എന്നതല്ലാതെ ആത്മീയ കാഴ്ചകൾക്ക് വേറെ ഒരു മാർഗ്ഗവുമില്ല. ക്രിസ്തുവിന്റെ പഠിപ്പിക്കലുകളെ ശിരസാ വഹിച്ച്, അനുതപിച്ച്, തീക്ഷ്ണതയുള്ള

BETHANY PUBLICATIONS www.malankaralibrary.com



വരാകാത്ത ആർക്കും ആത്മീയ കാഴ്ചകളുടെ അവകാശികളാകുവാൻ സാധ്യമല്ലായെന്ന് വീണ്ടും നമ്മെ പഠിപ്പിക്കുന്നു വെളിപാടുപുസ്തകം. **"ഞാൻ സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക. അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു"** (വെളിപാട് 3:19).

ഫിലിപ്പിയക്കാർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ പറയുന്നതും വ്യത്യസ്തമല്ല. ക്രിസ്തുവിൽ നിന്നു പഠിക്കാതെ, ക്രിസ്തുവിനോടു ചേർന്നു നടക്കാതെ, ക്രിസ്തുവിനെ കാണാതെ എനിക്ക് ആത്മീയ കാഴ്ചകൾ ഉണ്ടാവില്ല. **"എന്നിൽനിന്നു പഠിച്ചതും സ്വീകരിച്ചതും കേട്ടതും എന്നിൽ കണ്ടതും നിങ്ങൾ ചെയ്യുവിൻ. അപ്പോൾ സമാധാനത്തിന്റെ ദൈവം നിങ്ങളുടെ കൂടെയുണ്ടായിരിക്കും"** (ഫിലി.4:9). ആത്മീയകാഴ്ചകൾക്കായി തമ്പുരാനോടു ചേർന്നു നടക്കുവാൻ പഠിക്കാം, സമാധാനത്തിന്റെ ദൈവത്തെ ഉള്ളിലേക്ക് നമുക്കു സ്വീകരിക്കാം.

**ആത്മീയ കണ്ണുള്ളവർ കാണരുതാത്തവ**

**1. ലോകത്തിന്റെ കാഴ്ചകളിലേക്ക് നോക്കരുത്:** ലോത്തിന്റെ ഭാര്യ തിരിഞ്ഞു നോക്കി ഉപ്പുതൂണായിപ്പോയി (ഉല്പത്തി 19:26). യേശു പഠിപ്പിച്ചു പുറകോട്ടു തിരിഞ്ഞുനോക്കുന്നവൻ സ്വർഗ്ഗരാജ്യത്തിന് യോഗ്യനല്ല എന്ന് (ലൂക്കോ 9:62).

**2. സാഹചര്യങ്ങളെ ഭയത്തോടെ നോക്കരുത്:** ഏതുസാഹചര്യത്തിലും ക്രിസ്തുവിന്റെ കൈപിടിച്ചു നടക്കേണ്ടവനാണ് ശിഷ്യൻ. സാഹചര്യത്തെ ഭയത്തോടു നോക്കിയതുകൊണ്ട് നദിയിൽ മുങ്ങിപ്പോകുന്ന പത്രോസ് (മത്താ 14:29-31).

**3. ശത്രുവിനെ കണ്ട് ഭയപ്പെടരുത്:** ഏലീഷാപ്രവാചകന്റെ ദാസൻ ശത്രുവിനെ മാത്രം കാണുന്നു; എലിഷാ കൂടെ നില്ക്കുന്ന ദൈവത്തിന്റെ സൈന്യത്തെ കാണുന്നു (2 രാജ 6: 15-17).

**4. മറ്റുള്ളവരുടെ തെറ്റുകൾ മാത്രം കാണരുത്:** മത്തായി സുവിശേഷകനിലൂടെ ക്രിസ്തു പഠിപ്പിക്കുന്നു സഹോദരന്റെ തെറ്റുകൾ കാണുന്ന നീ, നിന്റെ തെറ്റുകൾ എന്തേ കാണാതെ പോകുന്നത്, (മത്താ 7:3). വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത് എന്നൊക്കെ ക്രിസ്തു പഠിപ്പിച്ചത്, മറ്റുള്ളവരുടെ തെറ്റുകൾ കാണാനായി മാത്രം എന്റെ കണ്ണുകൾ തുറന്നുവയ്ക്കരുത് എന്ന് ഓർമ്മിപ്പിക്കാനാണ്.

BETHANY PUBLICATIONS www.malankaralibrary.com



**ആത്മീയ കണ്ണിലൂടെ കാണേണ്ട കാഴ്ചകൾ**

**1. ദൈവത്തിന്റെ ഹിതം:** ദൈവത്തിന്റെ ഹിതം എന്താണെന്നു കാണുകയാണ്, എന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം, പുത്രൻ പറയുന്നു, പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുകയാണ് എന്റെ ലക്ഷ്യമെന്ന് (യോഹ. 4: 34-35).

**2. കുരിശിൽ കിടക്കുന്ന ക്രിസ്തുവിന്:** ആത്മാവിന്റേയും ശരീരത്തിന്റേയും സൗഖ്യത്തിനായി നമ്മുടെ കണ്ണുകൾ കുരിശിലേക്ക് ഉയർത്തണം. മോശ ഉയർത്തിയ പിച്ചള സർപ്പത്തിൽ കുരിശിന്റെ നിഴൽ വീണു കിടക്കുന്നത് കാണാം (സംഖ്യ 21:8-9).

**3. സിംഹാസനത്തിൽ ഇരിക്കുന്ന ക്രിസ്തു:** എന്റെ ജീവിതത്തിന്റെ യാത്രയിൽ ഞാൻ എന്തായി തീരണമോ അത് എനിക്കു വെളിപ്പെട്ടു കിട്ടുന്നത് ക്രിസ്തുവിന്റെ കണ്ണുകളിലേക്ക് നോക്കുമ്പോളാണ് (വെളി 4:1-2).

**4. ദൈവത്തിന്റെ കരുതൽ:** മത്തായി ശ്ലീഹാ ആകാശത്തിലെ പക്ഷികളെ നോക്കി തമ്പുരാന്റെ കരുതലിന്റെ കഥ പറയുന്നുണ്ട്; എന്റെ നോട്ടം എത്തേണ്ടത് ആ കരുതലിന്റെ കരുണയിലാണ് (മത്താ 6:26).

**5. അനശ്വരമായത്:** നാശമില്ലാത്തതിലേക്കാണ് നമ്മുടെ ദൃഷ്ടി പതിയേണ്ടത് എന്ന് പൗലോസ് ശ്ലീഹാ നമ്മോടു പറയുന്നു (2 കോരി 4:18)

**6. പുതിയ ആകാശവും പുതിയ ഭൂമിയും:** നമ്മുടെ കണ്ണുകൾ പ്രതീക്ഷയോടെ കാത്തിരിക്കേണ്ടത് ദൈവത്തിന്റെ നീതി നിറഞ്ഞു നില്ക്കുന്ന ദൈവരാജ്യത്തിനുവേണ്ടിയാണ് (2 പത്രോ 3:13).

കണ്ണാണ് എന്റെ ശരീരത്തിന്റെ വിളക്ക്, എന്നെ നേർവഴിക്ക് നടത്തേണ്ട കണ്ണുകളുടെ വെളിച്ചം ഞാൻ ആവാഹിക്കേണ്ടത് ക്രിസ്തുവാകുന്ന പ്രകാശത്തിൽ നിന്നാണ്. പ്രകാശത്തിന്റെ കവിഞ്ഞൊഴുക്കായ ക്രിസ്തുവിനെ മാത്രം കാണുവാൻ എന്റെ കണ്ണുകൾക്കു മുമ്പിൽ സദാ പ്രകാശിച്ചു നില്ക്കണേ തമ്പുരാനേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

 www.malankaralibrary.com

# 9. ത്വക്ക്



പഞ്ചഭൂതങ്ങളിലെ വായുവിന്റെ ഇന്ദ്രിയമായാണ് ത്വക്കിനെ ഭാരതീയ ദർശനത്തിൽ കരുതപ്പെടുന്നത്. ബാഹ്യമായ അറിവുകളെ തലച്ചോറിൽ എത്തിക്കുക മാത്രമല്ല, രോഗങ്ങൾക്കെതിരേ ആദ്യത്തെ പ്രതിരോധം തീർക്കുന്നതും ത്വക്കാണ്.

**"ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നുകഴിഞ്ഞു"** (2 കോറി 5:17).

പഞ്ചേന്ദ്രിയങ്ങളിൽ വച്ചേറ്റവും വലുതും ശരീരമാസകലം വ്യാപിച്ചിരിക്കുന്നതുമായ ഇന്ദ്രിയമാണ് ത്വക്ക്. ആയുർവേദാചാര്യനായ

ചരകൻ പറയുന്നു. ഏറ്റവും പ്രധാനപ്പെട്ട ഇന്ദ്രിയം സ്പർശനേന്ദ്രിയം (ത്വക്ക്) ആണെന്ന്, കാരണം എല്ലാ ഇന്ദ്രിയങ്ങളും അതാതിന്റെ ഇന്ദ്രിയാർത്ഥങ്ങളെ മനസിലാക്കുന്നത് സ്പർശനത്തിലൂടെയാണ്. സ്പർശനം ഇല്ലായെങ്കിൽ ഒരു ഇന്ദ്രിയത്തിനും ശരിയായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയില്ല. കാഴ്ച ഒരു ഉദാഹരണമാണ്, വസ്തുക്കളെ കാണുന്നത് പ്രകാശം ഒരു വസ്തുവിൽ തട്ടി അതിന്റെ പ്രതിബിംബം റെറ്റിനയിൽ സ്പർശിക്കുമ്പോഴാണ്. അതുകൊണ്ടാണ് സ്പർശനേന്ദ്രിയം ഏറ്റവും പ്രധാനപ്പെട്ട ഇന്ദ്രിയമായി കരുതപ്പെടുന്നത്. ദൈവവും മനുഷ്യനുമായി ആദിമുതൽ ഈ ഒരു ബന്ധം നിലനിൽക്കുന്നുണ്ട്. **"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു"** (ഉല്പത്തി 2:7). മനുഷ്യന്റെ ആരംഭം ദൈവത്തിന്റെ കരസ്പർശംകൊണ്ടാണ്.

പഞ്ചഭൂതങ്ങളിലെ വായുവിന്റെ ഇന്ദ്രിയമായാണ് ത്വക്കിനെ ഭാരതീയ ദർശനത്തിൽ കരുതപ്പെടുന്നത്. ബാഹ്യമായ അറിവുകളെ തലച്ചോറിൽ എത്തിക്കുക മാത്രമല്ല ത്വക്കിന്റെ ജോലി, രോഗങ്ങൾക്കെതിരേ ആദ്യത്തെ പ്രതിരോധം തീർക്കുന്നതും ത്വക്കാണ്. പുറംതൊലി (Epidermis), ചർമം (Dermis), അകംതൊലി (Hypodermis) ഈ മൂന്നു പാളികളും ചേർന്ന ത്വക്കാണ് രോഗങ്ങളെ നിയന്ത്രിക്കുന്നതും, ശരീരത്തിലെ താപനിലയെ പ്രതിരോധിക്കുന്നതും. ഇത്രമാത്രം പ്രധാനപ്പെട്ടതാണ് സ്പർശനേന്ദ്രിയം. മനസിനെയും ശരീരത്തെയും സ്പർശിക്കുന്ന ദൈവത്തെ വേദങ്ങളിൽ ദർശിക്കുവാൻ സാധിക്കും.

**1. പുതുതാക്കുന്ന ദൈവസ്പർശനം:** ആരംഭചരിത്രം ദൈവത്തിന്റെ കരസ്പർശനം കൊണ്ട് സൃഷ്ടിക്കപ്പെട്ട് ജീവൻ പ്രാപിക്കുന്ന മനുഷ്യരുടെ ചരിത്രമാണ്. ആദിമനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ചുകൊണ്ട് ദൈവത്തിന്റെ കരസ്പർശനത്തിന്റ മഹത്വം മനുഷ്യചരിത്രത്തിൽ വരച്ചിടുകയായിരുന്നു ദൈവം. കോറിന്തോസുകാർക്കെഴുതുമ്പോൾ പൗലോസ് ശ്ലീഹാ അത് കുറേക്കൂടെ വ്യക്തമാക്കി തരുന്നുണ്ട്. **"ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നുകഴിഞ്ഞു"**

BETHANY PUBLICATIONS www.malankaralibrary.com



(2 കോറി 5:17). ക്രിസ്തുവിന്റെ സ്പർശനം ഉണ്ടായവൻ പുതിയ സൃഷ്ടിയാണ്; ഇനിയും അവനിൽ പഴയ ജീവിതത്തിന്റെ കറകൾ ഇല്ല. ക്രിസ്തുവിന്റെ ജീവൻമാത്രം അവനിൽ നിഴലിക്കും; ആദിയിൽ ദൈവകരസ്പർശനത്തിലൂടെ മണ്ണ് മനുഷ്യനായി. ഇതിന്റെ പുനരാവിഷ്കരണമാണ് ക്രിസ്തുവിന്റെ കരസ്പർശനത്തിലൂടെയുള്ള പുതിയ സൃഷ്ടി. സ്പർശനേന്ദ്രിയത്തിന്റെ ചിന്ത നമ്മെ നയിക്കുന്നത് ക്രിസ്തുവിന്റെ പുതുതാക്കുന്ന കരസ്പർശനത്തിലേക്കാണ്.

**2. ശുദ്ധീകരിക്കുന്ന ദൈവസ്പർശനം:** അശുദ്ധനാണെന്നു മനസ്സിലാക്കുകയാണ് പ്രധാനം. **"അപ്പോൾ ഒരു കുഷ്ഠരോഗി അടുത്തുവന്ന് താണുവണങ്ങിപ്പറഞ്ഞു: കർത്താവേ, അങ്ങേക്കു മനസുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. യേശു കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ട്, അരുളിച്ചെയ്തു: എനിക്കു മനസുണ്ട്, നിനക്കു ശുദ്ധിവരട്ടെ. തത്ക്ഷണം കുഷ്ഠം മാറി അവനു ശുദ്ധി വന്നു"** (മത്തായി 8:2,3). കുഷ്ഠം പുറത്തു കാണപ്പെടുന്നതാണ്, എന്റെ ശരീരത്തെ വികൃതമാക്കുന്നതാണ്, മറ്റുള്ളവരിൽ നിന്ന് എന്നെ ഒറ്റപ്പെടുത്തുന്നതാണ്. എന്റെ ജീവിതത്തിന്റെ വൈകൃതങ്ങൾ ഞാൻ തിരിച്ചറിയണം, മനുഷ്യർ എന്നെ എന്തുകൊണ്ട് ഒറ്റപ്പെടുത്തുന്നു; എന്റെ മനസിന്റെ വൈകൃതങ്ങൾ കുടുംബത്തിലും സമൂഹത്തിലും എന്നെ മാറ്റിനിർത്തുന്നതായി തീർന്നിട്ടുണ്ടോ? എന്റെ സാമ്പത്തിക ഇടപാടുകൾ, എത്രമാത്രം സുതാര്യമാണ്.

പൗലോസ് ശ്ലീഹാ ഗലാത്തിയാക്കോരാട് പറഞ്ഞത് എനിക്കും കൂടിയുള്ള ഉപദേശമാണ് **"ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കു മറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു"** (ഗലാത്തി 5:19,20,21). ക്രിസ്തുവിന്റെ കരത്തിൻ കീഴിൽ നാം ചേർന്നു നില്ക്കേണ്ടിയിരിക്കുന്നു. മനസിനും ശരീരത്തിനും ശുദ്ധി തരുവാൻ കഴിവുള്ളവൻ ക്രിസ്തുമാത്രമാണ്. എനിക്കു മനസുണ്ട് നിന്നെ ശുദ്ധനാക്കുവാൻ എന്ന സ്നേഹത്തിന്റെ കരുതലുമായി എന്നെ തേടി അരികിലേക്കു വരുന്ന ക്രിസ്തുവിനെ ഞാൻ അറിയാതെ

BETHANY PUBLICATIONS www.malankaralibrary.com



പോകുന്നു എന്നതാണ് സങ്കടം. ശുദ്ധീകരിക്കുന്നതായ ദൈവ സ്പർശനത്തിനായി തമ്പുരാനിലേക്ക് ചേർന്നു നില്ക്കാം.

**3. മാപ്പു നല്കുന്ന ദൈവസ്പർശനം:** തമ്പുരാന്റെ സ്പർശനങ്ങൾ എന്റെ പാപത്തെ കടലിന്റെ ആഴത്തിലേക്ക് എറിഞ്ഞുകളയുന്നതാണ്, **"അവിടുന്ന് വീണ്ടും നമ്മോടു കാരുണ്യം കാണിക്കും. നമ്മുടെ അകൃത്യങ്ങളെ അവിടുന്ന് ചവിട്ടിമെതിക്കും. ആഴിയുടെ അഗാധങ്ങളിലേക്കു നമ്മുടെ പാപങ്ങളെ അവിടുന്ന് തൂത്തെറിയും"** (മിക്കാ 7:19). കാരുണ്യത്തിന്റെ മൂർത്തിമത്ഭാവമായ ക്രിസ്തുവിന്റെ സ്പർശനം എന്റെ സകല കുറവുകളേയും കഴുകി കളയുന്നതാണ്. സമുദ്രത്തിന്റെ ആഴത്തിലേക്ക് എന്റെ പഴയകാലത്തെ എറിഞ്ഞു കളയും എന്ന് മിക്കാപ്രവാചകനിലൂടെ തമ്പുരാൻ എന്നെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ ഈ സ്നേഹസ്പർശനം എന്നെ ബോധ്യങ്ങളിലേക്ക് ഉണർത്തണം. എന്റെ കൂടെയുള്ളവരുടെ കുറവുകളെ മറക്കുവാൻ എന്നെ പഠിപ്പിക്കുന്നതാണ് ദൈവസ്പർശനം, എന്നിട്ടും എന്തേ എന്റെ സഹോദരരിൽ നിന്നും ഞാൻ മുഖം തിരിക്കുന്നു.

ക്രിസ്തു തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുമ്പോൾ, ദൈവസ്പർശനത്തിന്റെ കാരുണ്യം മറ്റുള്ളവരിലേക്ക് പകരേണ്ടതിന്റെ പ്രാധാന്യത്തെ കാണിച്ചു കൊടുക്കുന്നു. **"ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ, ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ..."** (ലൂക്കാ 11:4). ഞങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കുന്നതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെ എന്നാണ് പ്രാർത്ഥന. ദൈവം എന്റെ അനവധിയായ പാപങ്ങൾക്ക് മാപ്പു നൽകുന്നുവെങ്കിൽ എന്തേ എനിക്കത് സാധിക്കാതെ പോകുന്നു. വിശ്വാസങ്ങൾ എന്റെ പ്രവൃത്തിയിലേക്ക് വരുന്നില്ലാ എങ്കിൽ ദൈവരാജ്യത്തിനു ഞാൻ അന്യനായി മാറുകയാണ്.

**4. കാഴ്ച നല്കുന്ന ദൈവസ്പർശനം:** മർക്കോസിന്റെ സുവിശേഷത്തിൽ ദൈവസ്പർശനത്തിലൂടെ കാഴ്ച ലഭിക്കുന്ന ഒരു അന്ധനെ അവതരിപ്പിക്കുന്നു. അന്ധരെ സൗഖ്യമാക്കുന്ന അനേക സംഭവങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സംഭവമാണ് ഇവിടെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. **''അവൻ അന്ധനെ**

BETHANY PUBLICATIONS www.malankaralibrary.com



**കൈയ്ക്കുപിടിച്ച് ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി. അവന്റെ കണ്ണുകളിൽ തുപ്പിയശേഷം അവന്റെ മേൽ കൈകൾ വച്ചുകൊണ്ടു ചോദിച്ചു: നീ എന്തെങ്കിലും കാണുന്നുണ്ടോ? നോക്കിയിട്ട് അവൻ പറഞ്ഞു: ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലിരിക്കുന്നു; നടക്കുന്നതായും കാണുന്നു"** (മർ 8:23, 24). ദൈവസ്പർശനത്തിലൂടെ കാഴ്ച ലഭിക്കുന്നു, പക്ഷേ അവൻ മനുഷ്യരെ കാണുന്നത് മരങ്ങളെപ്പോലെയാണ്. എന്റെ കാഴ്ച എങ്ങനെയുള്ളതാണ്? മനുഷ്യനെ മനുഷ്യനെപ്പോലെ കാണാൻ ഞാൻ പഠിച്ചിട്ടുണ്ടോ? ജാതികളുടെയും മതങ്ങളുടെയും വേലികെട്ടിലൂടെ, സമ്പത്തിന്റെ കണ്ണിലൂടെ, അധികാരത്തിന്റെ ഗർവ്വിലൂടെ, അങ്ങനെ വേറിട്ടു നില്ക്കുന്ന എല്ലാ കാഴ്ചകളും എന്റെ കാഴ്ചയുടെ വൈകല്യമാണ്. ഇവിടെ വീണ്ടും ദൈവത്തിന്റെ സ്പർശനം ഉണ്ടാകേണ്ടിയിരിക്കുന്നു.

**"വീണ്ടും യേശു അവന്റെ കണ്ണുകളിൽ കൈകൾ വച്ചു. അവൻ സൂക്ഷിച്ചു നോക്കി; കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു"** (മർക്കോ. 8:25). വ്യക്തമായ കാഴ്ച എനിക്ക് ഉണ്ടാകണമെങ്കിൽ കണ്ണു തുറന്നാൽ മാത്രം പോരാ, ഉൾക്കാഴ്ചകളുടെ ലോകം തുറന്നു കിട്ടണം. ക്രിസ്തുവിന്റെ വഴികളിലൂടെ ഞാൻ നടക്കണം, എന്റെ കാഴ്ചകൾ ക്രിസ്തുവിന്റെ കണ്ണിലൂടെയാകണം. ഞാൻ വായിച്ചുപോകുന്ന സുവിശേഷങ്ങൾ എന്തെ സഹോദരനിലേക്ക് എന്നെ നയിക്കാതെ പോകുന്നത്? സുവിശേഷത്തിന്റെ സുവർണനിയമം ഞാൻ ജീവിതത്തിൽ പകർത്തിയിട്ടില്ലാ എന്നതുകൊണ്ടാണ് ചുരുക്കം. **''മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകൻമാരും"** (മത്താ 7:12).

ഇതിനും നൂറ്റാണ്ടുകൾക്ക് മുമ്പ് ഭാരതദർശനം ഇതു പറഞ്ഞു വച്ചിട്ടുണ്ട്.

"ന തത് പരസ്യ സംദധ്യാത് പ്രതികൂലം യദാത്മനഃ
ഏഷ സംക്ഷേപതോ ധർമ്മഃ കാമാദന്യഃ പ്രവർത്തതേ"
(അനുശാസപർവ്വം 113:8)

മറ്റുള്ളവർ തന്നോട് എങ്ങനെ പെരുമാറണമെന്നാഗ്രഹിക്കുന്നുവോ അതുപോലെ മറ്റുള്ളവരോടും പെരുമാറണം, തനിക്ക്

BETHANY PUBLICATIONS www.malankaralibrary.com



പ്രതികൂലമായിട്ടുള്ളത് അന്യരിലും ഏല്പിക്കരുത് എന്നുള്ളതാണ് ധർമ്മതത്വം. ക്രിസ്തുവിന്റെ രണ്ടാമത്തെ സ്പർശനത്തിലൂടെ അന്ധനിൽ ധാർമികതയുടെ കാഴ്ചകളാണ് തുറന്നു കിട്ടുന്നത്. വസ്തുവിനെപ്പോലെയല്ല മനുഷ്യനെ കാണേണ്ടതെന്ന ധാർമ്മികതയുടെ വലിയ പാഠം. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും കാണണം എന്ന് ക്രിസ്തു പഠിപ്പിച്ചത് ഉൾക്കാഴ്ചയുടെ പിൻബലത്തിലാണ്. സ്നേഹത്തിന്റെ നീർച്ചാലിൽ നനയുന്നവരുടെ സുവിശേഷമാണിത്; സഹോദരനിൽ ദൈവത്തെ കാണുന്നവരുടെ, സ്നേഹത്തിന്റെ കാഴ്ച ലഭിച്ചവരുടെ ലോകം.

**5. കേൾവി നല്കുന്ന ദൈവസ്പർശനം:** അടഞ്ഞുപോയ കാതുകൾക്ക് കേൾവിശക്തി നല്കുന്നത് ദൈവത്തിന്റെ സ്പർശനമാണ്. **"യേശു അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റിനിർത്തി, അവന്റെ ചെവികളിൽ വിരലുകളിട്ടു; തുപ്പലുകൊണ്ട് അവന്റെ നാവിൽ സ്പർശിച്ചു. സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ട് അവനോടു പറഞ്ഞു: എഫ്ഫാത്ത – തുറക്കപ്പെടട്ടെ എന്നർഥം"** (മർക്കോ 7:33-34). എന്റെ എല്ലാ ബധിരതയും മാറ്റിതരുന്നത് ക്രിസ്തുവിന്റെ സ്പർശനമാണ്. എന്റെ കാതുകൾ തുറന്നു തരുന്നത് ദൈവത്തിന്റെ ശബ്ദം കേൾക്കുവാനാണ്. **"നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിൻെറ കാതുകൾ പിന്നിൽ നിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണു വഴി, ഇതിലേ പോവുക"** (ഏശയ്യ 30:21). ദൈവത്തിന്റെ വഴിയിൽ നിന്നും ഇടത്തോട്ടോ വലത്തോട്ടോ മാറാതെ നടക്കാൻ എന്നെ സഹായിക്കുവാനാണ് എന്റെ കാതുകൾ തുറന്നു തരുന്നത്. എന്നിട്ടും എന്തേ എന്റെ കാലുകൾ ഇടറിപ്പോകുന്നത്. വഴിമാറിപ്പോകുന്നു എങ്കിൽ അതിനർത്ഥം ഒന്നേയുള്ളു. ഇടയന്റെ ശബ്ദം ഞാൻ കേൾക്കുന്നില്ല. **"എൻെറ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു"** (യോഹ.10:27).

തമ്പുരാന്റെ ശബ്ദം കേൾക്കണം എങ്കിൽ എന്റെ കാതുകൾ തുറക്കപ്പെടണം. അതിനു ക്രിസ്തുവിന്റെ സ്നേഹസ്പർശനം ഉണ്ടാകണം. തമ്പുരാന്റെ വചനം എന്റെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങണം. അതെന്റെ കാലുകൾക്ക് വഴി വെളിച്ചമാകണം. **"അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്"** (സങ്കീ.119:105).

BETHANY PUBLICATIONS www.malankaralibrary.com



കാതുകൾ തുറക്കപ്പെടുന്നവരെക്കുറിച്ച് ഭഗവത്ഗീത പറയുന്നു:

> "സർവ്വസ്യ ചാഹം ഹൃദി സംനിവിഷ്ടോ
> മത്തഃ സ്മൃതിർജ്ഞാനമപോഹനം ച
> വേദൈശ്ച സർവ്വൈരഹമേവ വേദ്യോ
> വേദാന്തകൃദ്വേദവിദേവചാഹം (ഗീത 15: 15)

സർവ്വ പ്രാണികളുടെയും ഹൃദയത്തിൽ ദൈവം വസിക്കുന്നു എന്ന് ഭഗവത്ഗീത പറയുന്നു. വചനം കാതുകളിലൂടെ ഹൃദയത്തിൽ വാസം ഉറപ്പിക്കുന്നു. വചനം ദൈവമായിരുന്നുവെന്ന് യോഹന്നാൻ ശ്ലീഹാ പഠിപ്പിക്കുന്നുണ്ട്. മാതാവിന്റെ ഉദരത്തിൽ വചനമായ ക്രിസ്തു ഉരുവാക്കപ്പെട്ടത് അങ്ങനെയാണ്. മാതാവ് ദൈവശബ്ദം കേൾക്കുന്നു, ദൈവദർശനം ഉണ്ടാകുന്നു, ക്രിസ്തു ഉള്ളിൽ ജനിക്കുന്നു. കാതുകൾ തുറക്കപ്പെട്ടവർക്കു മാത്രമേ ദൈവദർശനം സാധ്യമാകൂ.

**6. ജീവൻ നല്കുന്ന ദൈവത്തിന്റെ സ്പർശനം:** ദൈവത്തിന്റെ കരസ്പർശനത്തിലൂടെ ജീവനിലേക്ക് കടന്നുവന്നവരുടെ മിഴിവാർന്ന ചിത്രങ്ങൾ വേദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **"അവൻ അവളുടെ കൈയ്ക്കുപിടിച്ചുകൊണ്ട്, ബാലികേ, എഴുന്നേൽക്കൂ എന്നർഥമുള്ള തലീത്താ കും എന്നുപറഞ്ഞു, തത്ക്ഷണം ബാലിക എഴുന്നേറ്റു നടന്നു. അവൾക്കു പന്ത്രണ്ടു വയസു പ്രായമുണ്ടായിരുന്നു. അവർ അത്യന്തം വിസ്മയിച്ചു"** (മർക്കോ 5:41, 42). മരിച്ചെന്നു ലോകം മുഴുവൻ വിധിയെഴുതിയവൾ, ക്രിസ്തുവിന്റെ ജീവൻ നല്കുന്ന കരസ്പർശനത്തിലൂടെ ജീവനുള്ളവരുടെ ലോകത്തേക്ക് തിരികെ വരുന്നു. ക്രിസ്തു മരിച്ചവരുടെയല്ല ജീവനുള്ളവരുടെ ദൈവമാണ്.

കരസ്പർശനത്തിലൂടെ മരണത്തിന്റെ രാജ്യത്തിൽ നിന്നും ജീവന്റെ രാജ്യത്തിലേക്ക് ഒരുവനെ ക്രിസ്തു തിരികെ കൊണ്ടുവരുന്ന ചിത്രം ലൂക്കോസ് സുവിശേഷകനും മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. **"അവൻ മുന്നോട്ടു വന്ന് ശവമഞ്ചത്തിൻമേൽ തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അപ്പോൾ അവൻ പറഞ്ഞു: യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേൽക്കുക. മരിച്ചവൻ ഉടനെ എഴുന്നേറ്റിരുന്നു. അവൻ സംസാരിക്കാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏൽപിച്ചു കൊടുത്തു"** (ലൂക്കോ 7:14,15). ജീവൻ നല്കുവാനും അത് സമൃദ്ധമായി നല്കുവാനുമാണ് ക്രിസ്തു ഭൂമിയിലേക്ക് അവതരിച്ചത്; ജീവന്റെ സംസ്കാരത്തിലേക്ക്

BETHANY PUBLICATIONS www.malankaralibrary.com



ചുവടുവയ്ക്കാത്തവർ ക്രിസ്തുവിന്റെ രാജ്യത്തിൽ നിന്നും അകലെയാണ്. യോഹന്നാൻ ശ്ലീഹായും ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. **"യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശ മാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും"** (യോഹ 8:12).

ദൈവസ്പർശനം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതു മാത്രമാണ്, നമ്മൾ ജീവനുള്ള ദൈവത്തിന്റെ മക്കളാണ്. ദൈവത്തിന്റെ ജീവനെ ആവാഹിച്ചെടുക്കേണ്ടവരാണ്. ദൈവത്തിന്റെ കരസ്പർശനം നമ്മോടു ചോദിക്കുന്ന ചോദ്യം ഇതാണ് ഞാൻ ജീവന്റെ വഴിയിലാണോ യാത്ര തുടരുന്നത്, ജീവന്റെ ലക്ഷണം എന്നിൽ കാണാനുണ്ടോ? പലപ്പോഴും ദൈവം നമ്മെ നോക്കി വിലപിക്കുന്നുണ്ട്. **"സാർദീസിലെ സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാര ങ്ങളുമുള്ളവൻ പറയുന്നു: നിന്റെ ചെയ്തികൾ ഞാനറിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്നാണു നിന്നെക്കുറിച്ചു പറയുന്നത്; പക്ഷേ, നീ മൃതനാണ്"** (വെളി 3:1). ജീവൻ ഉണ്ടെന്നു ഞാൻ പറഞ്ഞു നടക്കുന്നതല്ലാതെ പലപ്പോഴും എന്നിൽ മരണത്തിന്റെ സ്വഭാവങ്ങളാണ് കാണപ്പെടുന്നത്. ജീവന്റെ നദി സമൃദ്ധമായി എന്നിലേക്ക് ഒഴുക്കണമേ എന്ന് തമ്പുരാനോട് പ്രാർത്ഥിക്കാം.

**7. അധികാരപ്പെടുത്തുന്ന കരസ്പർശനം:** ലോകത്തിനു മുൻപിൽ ക്രിസ്തുവിന്റെ സുവിശേഷമായിത്തീരാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. **"യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"** (യോഹ.20:21). പിതാവ് ക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചതു പോലെ, ക്രിസ്തു നമ്മെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കു കയാണ്, ക്രിസ്തു വന്നത് ശുശ്രൂഷിക്കുവാനും അവസാന തുള്ളി രക്തംവരെയും ലോകത്തിനു നല്കുവാനുമാണ്. ക്രിസ്തുവിനെ പ്പോലെ ആയിത്തീരണമെങ്കിൽ അധികാരപ്പെടുത്തുന്നതായ ക്രിസ്തുവിന്റെ സ്പർശനം എനിക്കുണ്ടാകണം. **"ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ"** (യോഹ.20:22). ആദ്യസൃഷ്ടിയിൽ ദൈവത്തിന്റെ ജീവശ്വാസം മണ്ണിനെ മനുഷ്യനാക്കി

തീർത്തു, അതേ ജീവശ്വാസത്തിന്റെ സ്പർശനം എന്നെ രണ്ടാം ക്രിസ്തുവാക്കി തീർക്കും.

ഞാൻ ക്രിസ്തുവിനെ തിരഞ്ഞെടുക്കുകയല്ല ക്രിസ്തു എന്നെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്, അതുകൊണ്ടുതന്നെ അധികാരപ്പെടുത്തുന്ന ക്രിസ്തുവിന്റെ സ്പർശനം എനിക്ക് ഉണ്ടാകണം. **"നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തന്മൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും"** (യോഹ.15:16). എന്നെ, ക്രിസ്തു തന്റെ പ്രതിപുരുഷനായി അധികാരപ്പെടുത്തി അയക്കുമ്പോൾ അധികാരപത്രം ഉണ്ടായിരിക്കണം, ആ അധികാരപത്രമാണ് ക്രിസ്തുവിന്റെ സ്പർശനം. തമ്പുരാന്റെ സ്പർശനത്തിനായി തമ്പുരാനോട് ചേർന്നുനില്ക്കാം, ക്രിസ്തുവിന്റെ സുവിശേഷമായി മാറാൻ പരിശ്രമിക്കാം.

പഞ്ചമഹാഭൂതങ്ങളോടു ചേർന്നുനില്ക്കുന്ന പഞ്ചേന്ദ്രിയങ്ങളിലെ ത്വക്ക് എന്ന സ്പർശനേന്ദ്രിയം ഒരു വലിയ ലോകമാണ് തുറന്നിടുന്നത്, ദൈവത്തിന്റെ സ്പർശനങ്ങൾ എന്നെ പുതുതാക്കി, ശുദ്ധീകരിച്ച്, എന്റെ സകല വീഴ്ചകൾക്കും മാപ്പു നല്കി, എന്റെ കാഴ്ചകൾക്ക് ഉൾക്കാഴ്ച നല്കി, തമ്പുരാന്റെ ശബ്ദം കേൾക്കുവാനുള്ള കേൾവി നല്കി, മനസിനും ശരീരത്തിനും പുതുജീവൻ പ്രദാനം ചെയ്ത്, എന്നെ അധികാരപ്പെടുത്തുന്നത് ഞാൻ രണ്ടാം ക്രിസ്തുവായി രൂപാന്തരപ്പെടുവാനാണ്. ക്രിസ്തുവിന്റെ ജീവൻ എന്റെ ഉള്ളിൽ ആവാസം ഉറപ്പിച്ചാൽ, പിന്നെ എന്നിൽ നിന്നും ഒഴുകിയിറങ്ങുന്നത് ജീവന്റെ നദിയായിരിക്കും. ജീവന്റെ നദി എന്നിലൂടെ ലോകം മുഴുവനും ഒഴുക്കണമേ തമ്പുരാനേ എന്ന പ്രാർത്ഥനയോടെ...

www.malankaralibrary.com

# 10. കാത്



അനേകശബ്ദങ്ങൾ ഈ ലോകത്തിൽ കേൾക്കുവാൻ സാധിക്കും
അതിൽനിന്നും ദൈവികശബ്ദം തിരിച്ചറിയുക എന്നതാണ് പ്രധാനം.

**"ആടുകൾ അവൻെറ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരു ചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു'** (യോഹ.10:3).

**''ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിന്റെ വാക്കു ശ്രവിക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരല്ല. അതുകൊണ്ട് നിങ്ങൾ അവ ശ്രവിക്കുന്നില്ല"** (യോഹ.8:47).

BETHANY PUBLICATIONS www.malankaralibrary.com



പഞ്ചമഹാഭൂതങ്ങളിലെ ആകാശത്തിന്റെ ഇന്ദ്രിയമാണ് കാത്. പഞ്ചവിഷയങ്ങളിൽ ശബ്ദമാണ് കാതിന്റെ വിഷയം. കാത് എന്ന ഇന്ദ്രിയവും അതിന്റെ വിഷയമായ നാദവും മനുഷ്യന്റെ മുമ്പിൽ ഒരു വലിയ ലോകത്തെ തുറന്നിടുന്നു. നാദത്തെ ദൈവവും മനുഷ്യനുമായി ചേർത്ത് ഭാരതീയ ദർശനം വിവരിക്കാറുണ്ട്. നാ (Na)- Nothing ദാ-(Da)-Giver -ബലഹീനനായ മനുഷ്യനും ദാതാവായ, എല്ലാം നല്കുന്ന ദൈവവും കൂടെ ചേരുന്നതാണ് നാദം.

നാദത്തെ രണ്ടായി ഭാരതീയ ദർശനം മനസ്സിലാക്കുന്നു. ആഹത നാദം എന്നും അനാഹതനാദം എന്നും ആഹതനാദം, മനുഷ്യ നിർമ്മിതമാണ്. പ്രകൃതിയിലുള്ള ഏതെങ്കിലും വസ്തുവിൽ തട്ടി ഉണ്ടാക്കുന്ന ശബ്ദം. ആഹതശബ്ദം നാശമുള്ളതാണ് (mortal) തബലയിലോ സാരംഗിലോ, അതേപോലെയുള്ള വാദ്യോപകരണ ങ്ങളിൽ വിരിയുന്ന നാദം ആഹതനാദത്തിന്റെ ഉദാഹരണങ്ങളാണ്.

അനാഹതനാദം മനുഷ്യനിർമ്മിതമല്ല, സാർവ്വത്രികനാദമാണ്, മനുഷ്യനു നിയന്ത്രിക്കുവാൻ സാധ്യമല്ലാത്തതുമാണ്. അനാഹത നാദത്തെ ദൈവവുമായിച്ചേർത്തും ഭാരതത്തിൽ വായിച്ചെടുക്കാറുണ്ട്. നാദബ്രഹ്മൻ എന്നും ശബ്ദബ്രഹ്മൻ എന്നും ബ്രഹ്മനെ അറിയപ്പെടുന്നു. ശബ്ദബ്രഹ്മനിൽനിന്നും ഭൂമിയുണ്ടായി വരുന്നു എന്ന് ബ്രഹദാരണ്യക ഉപനിഷത്തും പഠിപ്പിക്കുന്നു (ബ്രഹ iv.1.2) ഋഗ്വേദവും ഇതിനെ സാധൂകരിക്കുന്നുണ്ട്.

വചനം ദൈവമാണെന്ന് യോഹന്നാൻ ശ്ലീഹായും പറയുന്നു **''ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു''** (യോഹ.1:1). വചനമാകുന്ന ദൈവത്തിന്റെ മാതാവിലേക്കുള്ള കടന്നുവരവ് ശ്രദ്ധേയമാണ്. **"വചനം കാതുകളിലൂടെ പ്രവേശിച്ച് ബാലികയിൽ വസിച്ചു. ഉദരത്തിൽനിന്ന് ജഡപ്രകാരം സൃഷ്ടിയിൽ ഉദിച്ചു"** (പെരുന്നാൾക്രമം, 2003, പേജ്.46). ഉല്പത്തിയിൽ ഉണ്ടാകട്ടെ എന്ന വാക്ക് സൃഷ്ടികർമ്മം നിർവഹിക്കുന്നതും നാം കാണുന്നു.

വാക്കിന്റെ ബലത്തിൽ ഗർഭിണിയായ കുന്തിയുടെ കഥ ഭാരതത്തിൽ പ്രസിദ്ധമാണ്. ശാപംകൊണ്ട് പുത്രസമ്പത്തില്ലാതെ പോയ പാണ്ഡുവിനു മന്ത്രബലത്തിൽ കുന്തി അഞ്ചുപുത്രന്മാരെ നല്കുന്നു. മന്ത്രിക്കുന്നതാണ് മന്ത്രം, അത് വാക്കാണ്. വാക്ക്

BETHANY PUBLICATIONS www.malankaralibrary.com



ദൈവമാണെന്ന് ഉപനിഷത്തുകളും വേദങ്ങളും ഓർമ്മിപ്പിക്കുന്നു. ശാപവും അനുഗ്രഹവുമൊക്കെ വാക്കിലൂടെ ബലപ്പെടുന്നവയാണ്. **"ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ പറയുന്ന ഓരോ വ്യർഥവാക്കിനും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടിവരും"** (മത്തായി 12:36-37). വിധി ദിവസത്തിൽ കണക്കു കൊടുക്കേണ്ടി വരുന്ന വാക്കും ഇതോടുചേർത്തു വായിക്കാവുന്നതാണ്.

അത്ഭുതത്തിന്റെ ഒരു വലിയ ലോകമാണ് കാതുകൾ തുറന്നിടുന്നത്. കേൾവി മാത്രമല്ല ശരീരത്തിന്റെ സമതുലിതാവസ്ഥ നിലനിർത്തി, നടക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതും കാതുകളാണ്. കാതിന്റെ ഉള്ളിലുള്ള ദ്രാവകവും അതോടുചേർന്ന് തലമുടി പോലെയുള്ള സെൻസറും ചേർന്നാണ് നമ്മുടെ ചലനങ്ങളെ തലച്ചോറിൽ എത്തിക്കുന്നത്. ഈ അറിവ് തലച്ചോറിൽനിന്നു മസ്സിലുകളിൽ എത്തുന്നതുകൊണ്ടാണ് നാം വീഴാതെ നിൽക്കുന്നത്. ഇതേ കാതുകളിലൂടെ എന്റെയുള്ളിൽ എത്തുന്ന ദൈവവചനവും എന്റെ സന്തുലിതാവസ്ഥയ്ക്ക് ആവശ്യമാണ്. അനേകശബ്ദങ്ങൾ ഈ ലോകത്തിൽ കേൾക്കുവാൻ സാധിക്കും. അതിൽനിന്നും ദൈവിക ശബ്ദം തിരിച്ചറിയുക എന്നതാണ് പ്രധാനം.

**1. ദൈവത്തിന്റെ ശബ്ദം (Voice of God)**: ദൈവത്തിന്റെ ശബ്ദം ഏതെന്നു തിരിച്ചറിയുകയാണ് പ്രധാനം. ദൈവത്തിന്റെ ശബ്ദം തിരിച്ചറിയുന്നതിന്, ഞാൻ ദൈവത്തിന്റേതായി തീരേണ്ടതുണ്ട്. **"എൻെറ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു"** (യോഹ.10:27). ദൈവത്തോടുകൂടെ നടക്കുവാൻ പരിശ്രമിക്കുന്നവർ ദൈവത്തിന്റെ ശബ്ദം കേൾക്കും. ദൈവത്തിന്റെ ശബ്ദം തിരിച്ചറിയാൻ പറ്റാതെ പോയവരെക്കുറിച്ച് ക്രിസ്തു പറയുന്നുണ്ട് യോഹന്നാൻ ശ്ലീഹായിലൂടെ **"എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല; കാരണം, നിങ്ങൾ എൻെറ ആടുകളിൽപ്പെടുന്നവരല്ല"** (യോഹ.10:26). അവർ ക്രിസ്തുവിന്റെ വഴിയിലൂടെ നടക്കുന്നവരല്ല.

കാതുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് ദൈവത്തിന്റെ ശബ്ദം കേൾക്കണമെങ്കിൽ ഞാൻ ക്രിസ്തുവിനോടു ചേർന്നു നടക്കേണ്ടതുണ്ട് എന്നാണ്. പലപ്പോഴും നാം ക്രിസ്തുവിന്റെ വഴിത്താരയിൽ മുന്നേറുന്നു എന്നു പറയുമ്പോഴും; മത്തായി ശ്ലീഹായിലൂടെ ക്രിസ്തു പറയുന്നു.

BETHANY PUBLICATIONS www.malankaralibrary.com



**"അന്ന് പലരും എന്നോടു ചോദിക്കും: കർത്താവേ, കർത്താവേ, ഞങ്ങൾ നിൻെറ നാമത്തിൽ പ്രവചിക്കുകയും നിൻെറ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിൻെറ നാമത്തിൽ നിരവധി അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നു പോകുവിൻ"** (മത്തായി 7:22-23).

ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന് ക്രിസ്തു വളരെ വ്യക്തമായി നമ്മോടു പറയുന്നുണ്ട്. **"കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്ന വനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക"** (മത്തായി 7:21). പിതാവിന്റെ ഇഷ്ടത്തിനനുസരിച്ച് പിതാവിനോടു ചേർന്നു നടക്കുക. ശിഷ്യന്മാരെ തിരഞ്ഞെടുത്തതും ഇതിനുവേണ്ടിയാണ്. **"തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കു ന്നതിനും"** (മർക്കോ 3:14).

എല്ലാ വേദങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നത് ദൈവത്തിന്റെ ശബ്ദം കേൾക്കണമെങ്കിൽ ആഗ്രഹമുണ്ടാകണം, ദൈവത്തിങ്കലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കണം, ദൈവത്തോട് അടക്കാനാവാത്ത പ്രണയം ഉണ്ടാകണം. ഭഗവത്ഗീത ഇത് കുറേക്കൂടെ വ്യക്തമാക്കുന്നു.

"തേഷാം സതതയുക്താനാം ഭജതാം പ്രീതിപൂർവ്വകം
ദദാമി ബുദ്ധിയോഗം തം യേന മാമുപയാന്തി തേ. (ഗീത 10:10)

യാതൊരു ഫലത്തേയുമിച്ഛിക്കാതെ എന്നിലുള്ള സ്നേഹം മാത്രം നിമിത്തം എന്നെ ഭജിക്കുന്നവർക്ക് സമ്യഗ്ദർശനത്തെ ഞാൻ കൊടുക്കുന്നു എന്ന് ഭഗവത്ഗീത പഠിപ്പിക്കുന്നു.. പിതാവിന്റെ ഇഷ്ടം എന്നൊക്കെയുള്ള ക്രിസ്തുവചനം ഇതോടു ചേർത്തുവായിക്കാം.

ക്രിസ്തു തന്റെ ഭൂമിയിലെ മാതാപിതാക്കളിൽനിന്നും കണ്ടു പഠിച്ചതും ദൈവരാജ്യത്തിന്റെ ഇഷ്ടം നിവർത്തിക്കുക എന്നുള്ളതാണ്. ബാല്യത്തിൽ നിന്നും കൗമാരത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന ഒരു യുവതി തന്റെ ധാരണകൾക്കപ്പുറത്തുള്ള കാര്യങ്ങൾ ദൈവത്തിൽ നിന്നു കേൾക്കുമ്പോൾ ദൈവത്തോടു തർക്കിക്കുന്നുണ്ട്, പുരുഷനെ അറിയാതെ ഞാൻ എങ്ങനെ ഗർഭിണിയാകും? അങ്ങനെ സംഭവിച്ചാൽ

BETHANY PUBLICATIONS www.malankaralibrary.com



മോശയുടെ നിയമം അനുസരിച്ച് തനിക്കു മരണമാണ്; എന്നിട്ടും അവസാനത്തിൽ പറയുന്നു, 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഹിതം എന്നിൽ നിറവേറട്ടെ.' ക്രിസ്തുവിന്റെ ഭൂമിയിലെ പിതാവും ഒട്ടും വ്യത്യസ്തമല്ലായിരുന്നു; പിതാവ് താനല്ലാ എന്ന് അറിഞ്ഞിട്ടും ഭാര്യയെ സ്വീകരിക്കുവാൻ ദൈവം പറഞ്ഞപ്പോൾ ഒന്നും മറുത്തു പറയാതെ മരണംവരെ നെഞ്ചോടു ചേർത്തു പിടിച്ചു. സ്വർഗ്ഗത്തിൽ ഉള്ള പിതാവിന്റെ ഹിതത്തിനു പരിപൂർണമായി സമർപ്പിച്ചവൻ. ഇതുതന്നെയല്ലേ ഗത്സമനിൽ ക്രിസ്തു ആവർത്തിച്ചത്. 'എന്റെ ഇഷ്ടം അല്ല പിതാവേ, നിന്റെ ഇഷ്ടം.'

എന്റെ കുടുംബത്തിൽ ഈ ഇഷ്ടങ്ങളെ ഞാൻ തിരിച്ചറിയുന്നുണ്ടോ? ഭാര്യയുടെ ഇഷ്ടങ്ങൾ എന്താണെന്ന് അറിയാവുന്ന എത്ര ഭർത്താക്കന്മാർ ഉണ്ട്? എല്ലാം അറിയാം എന്ന അഹംഭാവം അല്ലാതെ. ഇടവകയിലെ ആളുകളുടെ ഇഷ്ടങ്ങളെ അറിയാവുന്ന എത്ര വികാരിമാരുണ്ട്, എന്റെ ആളുകൾ എന്നു പറയുന്നതല്ലാതെ. എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം നടക്കട്ടെ എന്നു പറയാൻ എന്നാണ് നാം പഠിക്കുന്നത്? ഇഷ്ടങ്ങളുടെ ലാഭനഷ്ടങ്ങൾ നോക്കാതിരുന്നെങ്കിൽ മഠങ്ങളും ആശ്രമങ്ങളും കുടുംബങ്ങളും ദൈവത്തിന്റെ ആലയംപോലെ സ്നേഹത്തിന്റെ പറുദീസയായി മാറിയേനെ.

**2. പിശാചിന്റെ ശബ്ദം (Voice of Satan):** ദൈവത്തിനപ്പുറത്തേക്ക് വളരാനുള്ള എല്ലാ ക്ഷണങ്ങളും പിശാചിന്റെ ശബ്ദങ്ങളാണ്, **"നീ തന്നത്താൻ പറഞ്ഞു: ഞാൻ സ്വർഗത്തിലേക്കു കയറും. ഉന്നതത്തിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും. ഉത്തരദിക്കിന്റെ അതിർത്തിയിലെ സമാഗമ പർവതത്തിൻെറ മുകളിൽ ഞാനിരിക്കും"** (ഏശയ്യാ 14:13). ബൈബിളിന്റെ തുടക്കം മുതൽ പിശാചിനു ദൈവത്തിന്റെ അപ്പുറത്തേക്ക് വളരാനുള്ള അത്യാഗ്രഹമാണ് **"അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം"** (ഉല്പത്തി 3:5). ദൈവത്തിന്റെ സൃഷ്ടികളിൽ പിശാചിന്റെ ചിന്തകൾ വളർത്തിയെടുക്കാനുള്ള ശ്രമം.

ക്രിസ്തുവിന്റെ കാലഘട്ടത്തിലേക്ക് വരുമ്പോൾ കുറേക്കൂടെ ഉച്ചത്തിൽ പിശാചിന്റെ ശബ്ദം ഉയരുന്നുണ്ട്. യേശുവിനെപ്പോലും

BETHANY PUBLICATIONS www.malankaralibrary.com



പരീക്ഷിക്കുവാൻ തക്കവണ്ണം അവന്റെ ശബ്ദത്തിന് ഘനം വയ്ക്കുന്നു. പരീക്ഷകൾ എല്ലാം ദൈവപദ്ധതി തകിടം മറിയ്ക്കുവാനുള്ളതാണ്. കല്ല് അപ്പമാകുവാൻ പറയുന്നതിലൂടെ കാത്തിരിപ്പ് എന്ന ദൈവപദ്ധതി അട്ടിമറിക്കപ്പെടുകയാണ്, ഇന്ദ്രിയങ്ങളുടെ ഉടനടിയുള്ള സംതൃപ്തി യാണ് പിശാചിന്റെ ശബ്ദം. ദേവാലയത്തിന്റെ മുകളിൽ നിന്നും ചാടുക എന്നു പറയുന്നതിലൂടെ ദൈവത്തെ പരീക്ഷിക്കുവാനും അത്ഭുതങ്ങളിൽ മാത്രം ദൈവത്തെ തേടാനുമുള്ള പിശാചിന്റെ ശബ്ദം. അവസാനമായി ഭൂമിയിലെ എല്ലാ ധനങ്ങളും പിശാചിനെ ആരാധിച്ചാൽ ലഭിക്കുമെന്ന പ്രലോഭനം.

ഇന്ദ്രിയങ്ങളുടെ വിശപ്പിനു പുറം തിരിഞ്ഞു നടക്കാൻ പഠിക്കു കയും അത്ഭുതങ്ങളിൽ അല്ല, എന്റെ പിതാവിനെ കാണേണ്ടതെന്ന് മനസ്സിലാക്കുകയും, പിതാവാണ് എന്റെ സമ്പത്തെന്ന് അറിയുകയും ചെയ്ത ക്രിസ്തുവാണ് പരീക്ഷണങ്ങളെ വിജയിച്ചത്. ക്രിസ്തുവിന്റെ വഴിത്താരയിലൂടെ നടക്കുന്നവർക്കും കുറുക്കുവഴികൾ ഒന്നും ഇല്ല. എഫേസോസുകാർക്കെഴുതുമ്പോൾ പൗലോസ് ശ്ലീഹാ ഇത് വ്യക്തമാക്കുന്നുണ്ട്. **"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. അതിനാൽ, സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചുനിൽക്കുവിൻ. സമാധാനത്തിൻെറ സുവിശേഷ ത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ"** (എഫേ 6:11,14-17).

ഭഗവത്ഗീതയും വ്യത്യസ്തമല്ലാതെ പറയുന്നുണ്ട്. അസുര സമ്പത്ത് എന്തൊക്കെയാണെന്ന്

"ദംഭോ ദർപ്പോതിമാനശ്ച ക്രോധഃപാരുഷ്യമേവ ച
അജ്ഞാനം ചാഭിജാതസ്യ പാർത്ഥ സംപദമാസുരിം"
(ഗീത 16:4).

അല്ലയോ അർജ്ജുന, ധർമ്മം ഇല്ലായ്മ, ധനം, വിദ്യ മുതലായതു കൊണ്ടുണ്ടാകുന്ന മദം, അതിയായ അഭിമാനം, കോപം, കഠിനവചനം, അവിവേകം ഇവയെല്ലാം അസുരന്മാരുടെ സമ്പത്താണ്. പതിനാറാ

 www.malankaralibrary.com



മദ്ധ്യായം മുഴുവനും അസുരന്മാരുടെ സ്വഭാവ വിശേഷങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്. അസുരസ്വഭാവം എന്നിലുണ്ടോ എന്ന് നോക്കി ഭഗവത്ചിന്തയിലേക്ക് തിരിയാനാണ് ഗീത ഉപദേശിക്കുന്നത്.

ഇന്ദ്രിയങ്ങളുടെ വിശപ്പിന്റെ ശമനത്തിനുവേണ്ടി മാത്രം ദൈവത്തെ തേടുന്നവരും, അത്ഭുതങ്ങളിലൂടെ മാത്രം ദൈവത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരും ധനത്തിനും അധികാരത്തിനും വേണ്ടി മാത്രം ദൈവത്തെ തേടുന്നവരും പിശാചിന്റെ ശബ്ദത്തെ യാണ് പിൻചെല്ലുന്നതെന്ന് മറക്കാതിരിക്കാം.

**3. ലോകത്തിന്റെ ശബ്ദം (Voice of World):** ലോകത്തിന്റെ ശബ്ദം ദൈവത്തിന്റേതല്ലായെന്ന് യോഹന്നാൻ ശ്ലീഹായിലൂടെ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. **"ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ജഡത്തിൻെറ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിൻേറതാണ്"** (1 യോഹ 2:15-16). ദൈവത്തിന്റെ കല്പനകൾ പാലിക്കാത്തവൻ ലോകത്തിന്റെ ശബ്ദത്തെ പിൻതുടരുന്നു എന്ന് ക്രിസ്തു വ്യക്തമാക്കുന്നു. **"ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവൻെറ കൽപനകൾ പാലിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നു; അവനിൽ സത്യമില്ല"** (1 യോഹ.2:4).

**4. ജഡത്തിന്റെ ശബ്ദം (Voice of Flesh):** ജഡത്തിന്റെ ശബ്ദത്തെക്കുറിച്ച് ഗലാത്തിയാക്കാർക്കെഴുതുമ്പോൾ പൗലോസ് ശ്ലീഹാ വാചാലനാകുന്നുണ്ട്. **"എന്തെന്നാൽ, ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിൻെറ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങൾക്കു സാധിക്കാതെ വരുന്നു"** (ഗലാ 5:17).

ജഡത്തിന്റെ ശബ്ദത്തിനു കാതോർത്താൽ ദൈവത്തിന്റെ ശബ്ദം കേൾക്കാതെ പോകാം. കാരണം ഇവ പരസ്പരം വിരുദ്ധമാണ്; ജഡത്തിന്റെ ശബ്ദങ്ങൾ എന്താണെന്ന് പൗലോസ് ശ്ലീഹാ

വിവരിക്കുന്നുണ്ട്. **"ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു"** (ഗലാ.5:19-21).

**5. വികാരങ്ങളുടെ ശബ്ദം (Voice of Emotions):** വികാരങ്ങൾക്ക് അടിമപ്പെട്ടവർ ദൈവത്തിന്റെ ശബ്ദം മനസ്സിലാക്കാതെ പോകുന്നു. വികാരങ്ങളുടെ ശബ്ദത്തിനു പിന്നാലെ അലയുന്നവർ നാശത്തിന്റെ പടിവാതില്ക്കലാണ് എത്തുന്നത്. **"ആത്മനിയന്ത്രണമില്ലാത്ത മനുഷ്യൻ കോട്ടകളില്ലാത്ത നഗരം പോലെയാണ്"** (സുഭാ 25:28). ഏതു ശത്രുവിനും എളുപ്പത്തിൽ കടന്നുവരാനും കീഴടക്കുവാനും പറ്റിയ കോട്ടകളില്ലാത്ത നഗരം പോലെയാണ് വികാരത്തിന് അടിമപ്പെട്ടവൻ. യേശുക്രിസ്തുവിനുള്ളവർ അധമവികാരങ്ങളെ ക്രൂശിൽ തറച്ചവരാണെന്നു പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നു - **"യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിൻെറ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു"** (ഗലാത്തി 5:24).

വികാരങ്ങളെ നിയന്ത്രിക്കുക പ്രയാസകരമാണെങ്കിലും അതു തീർത്തും അസാദ്ധ്യമല്ല എന്ന ഭഗവത്ഗീതയും പറയുന്നു.

> "അസംശയം മഹാബാഹോ മനോ ദുർനിഗ്രഹംചലം
> അഭ്യാസേന തു കൗന്തേയ വൈരാഗ്യേണ ച ഗ്രഹ്യതേ"
> (ഗീത 6:35).

അല്ലയോ അർജ്ജുന, മനസ്സ് നിരോധിക്കപ്പെടുവാൻ വളരെ പ്രയാസമായിട്ടുള്ളതും ചഞ്ചലമായിട്ടുള്ളതുമാണെന്നതിനു സംശയമില്ല. എങ്കിലും അഭ്യാസംകൊണ്ടും വിഷയങ്ങളിലുള്ള വൈരാഗ്യംകൊണ്ടും അത് നിരോധിക്കപ്പെടാവുന്നതാണ്.

വൈകാരികത സ്നേഹമാണെന്നു ചിലപ്പോൾ തെറ്റിദ്ധരിക്കപ്പെടാറുണ്ട്. സ്നേഹവും വൈകാരികതയും വ്യത്യസ്തമാണെന്ന് അറിയാതെ പോകുന്നത് കാലഘട്ടത്തിന്റെ സങ്കടമാണ്. ക്രിസ്തു

BETHANY PUBLICATIONS www.malankaralibrary.com



ജറുസലേമിൽവച്ച് വധിക്കപ്പെടുമെന്ന് ശിഷ്യരെ അറിയിക്കുമ്പോൾ, പത്രോസ് ക്രിസ്തുവിനെ മാറ്റി നിർത്തി, തടസ്സം പറയുവാൻ തുടങ്ങി, ക്രിസ്തു മരിക്കാൻ പാടില്ലായെന്ന് പത്രോസ് ശാഠ്യം പിടിക്കാൻ തുടങ്ങി. ഇതു ക്രിസ്തുവിനോടുള്ള സ്നേഹമാണെന്ന് തെറ്റിദ്ധരിക്കപ്പെടാം. ക്രിസ്തുവിനു പത്രോസിന്റെ വൈകാരികത മനസ്സിലാകുന്നു. **"യേശു തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു: സാത്താനേ, എന്റെ മുമ്പിൽ നിന്നുപോകൂ, നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്"** (മത്താ 16:23).

മാനുഷിക വൈകാരികത ദൈവത്തിന്റെ പദ്ധതികൾക്ക് പലപ്പോഴും പ്രതിബന്ധമാകുന്നു എന്നു മറക്കാതിരിക്കാം. വികാരങ്ങളുടെ പുറകേയുള്ള യാത്ര ദൈവികമല്ലാത്ത ചിന്തകളിലേക്ക് എന്നെ വഴി നടത്തും. അതുകൊണ്ടാണ് ക്രിസ്തു ഓർമ്മിപ്പിക്കുന്നത് തന്റെ കുരിശുകളോടു ചേർത്തുവയ്ക്കാത്ത ഒരുവനും ക്രിസ്തുവിന്റെ വഴിത്താരയിൽ മുന്നേറാൻ കഴിയില്ലാ എന്ന്. വൈകാരികതയുടെ ലോകത്തുനിന്നും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ രാജ്യത്തിലേക്കുള്ള വഴിതേടാം.

കാതുകൾ എന്നെ ക്ഷണിക്കുകയാണ്. ദൈവത്തിന്റെ ശബ്ദത്തിനു കാതോർക്കാൻ ഇടയന്റെ വാക്കുകൾക്ക് ചെവി കൊടുത്തില്ലായെങ്കിൽ ഞാൻ ദൈവത്തിന്റെ രാജ്യത്തിനു പുറത്തേക്കുള്ള പാതയിലാണെന്ന് ഉറപ്പിക്കാം. വഴിയും സത്യവും ജീവനും ക്രിസ്തുവാണ്. വഴിയാകുന്ന ക്രിസ്തുവിലൂടെ ജീവനാകുന്ന ക്രിസ്തുവിൽ എത്തണമെങ്കിൽ സത്യമാകുന്ന ക്രിസ്തു കാതുകളിലൂടെ എന്റെ ഉള്ളിൽ എത്തണം. ജീവനിലേക്ക് നയിക്കുന്ന സത്യത്തിനായി കാതോർക്കാം.

www.malankaralibrary.com



വിശുദ്ധ ബൈബിളിന്റെ സത്യശോഭയിൽ ആർഷഭാരത
സംസ്കൃതിയുടെ ദാർശനികത അനുവാചക സമക്ഷം
അനായാസം തുറന്നു കാട്ടുന്ന ഗ്രന്ഥമാണ്
"ഉടയുന്ന മൺകുടങ്ങൾ".

**യൂഹാനോൻ മാർ തെയോഡോഷ്യസ്**
**മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത**



ദൈവസങ്കല്പത്തിൽനിന്നും വേറല്ലാത്തത്
എന്ന തരത്തിൽ പഞ്ചഭൂതങ്ങളെ എങ്ങനെ ദർശിക്കാം
എന്ന് ബൈബിളിലെ വാക്യങ്ങൾ വച്ചുകൊണ്ട്
വ്യക്തമാക്കി തരുന്ന പുസ്തകമാണ്
'ഉടയുന്ന മൺകുടങ്ങൾ'.

**മുനി നാരായണ പ്രസാദ്,**
**ഗുരുകുലം, വർക്കല**



പഞ്ചഭൂതങ്ങളുടെയും പഞ്ചേന്ദ്രിയങ്ങളുടെയും വഴി
തെളിയുന്നത് ഏകദൈവം എന്ന സത്യത്തിലേക്കാണ്.
പഞ്ചഭൂതങ്ങളും പഞ്ചേന്ദ്രിയങ്ങളും ഉടഞ്ഞുപോകുന്നതാണ്,
ഉടയാത്തതിനെ തേടിയുള്ള അന്വേഷണമാണ് ഈ പുസ്തകം.

**നിർമ്മലാനന്ദ്**
**ഗ്രന്ഥകർത്താവ്**

Bethany Publications
PB No 06, Vadavathoor P.O.
Kottayam 10, Kerala.

BP.NO. 198
2023

PRICE: Rs. 150